# സത്യദൂതൻ

2017 ജൂലൈ | ലക്കം 7

വില ₹ 30




## ദൈവ സംപ്രാപ്തി

## മിഡിൽ ഈസ്റ്റ് പ്രതിസന്ധി

# Ahmadiyya Muslim Community

## Apps for mobile devises

Download free apps developed by Ahmadiyya Muslim Community for your iphone,ipode, and Android

**Quran**
Read the Holy Quran in easy Yassarnal Quran Font

**Conditions of Bai'at**
A pocket reference of Shara't-e-Bai'at in 7 languages

**Sermons**
Huzoor's Friday Sermons In 15 languages

**MTA**
Watch MTA Live, view Schedule and much more

**Ahmadiyya News**
Stay up to date with the Latest jama'at news

View these apps at alislam.org/apps or scan the QR code below






The Sathyadoothan Monthly

لا إله إلا الله محمد رسول الله

# സത്യദൂതൻ

2017 ജൂലൈ
ഹി.ശ.1396 – വഫാ
1438 ശവ്വാൽ – ദുൽഖഅദ്
പുസ്തകം 89 ലക്കം 7
വില 30 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം


**5** എഡിറ്റോറിയൽ

**6** യുഗശബ്ദം



**7**
ഖുത്ബ സംഗ്രഹം
**റമളാന്റെ പ്രഭാവം വർഷം മുഴുവൻ നിലനിർത്തുക**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്‌മദ് (അയ്യദഹു..)
അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്‌മദ് (അയ്യദഹു..) 2017 ജൂൺ 23ന് ബൈത്തുൽ ഫുതൂഹ്, ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം.

**12**
**ചില ആത്മീയ രോഗങ്ങൾക്ക് ശാരീരിക ചികിത്സയാണ് ആവശ്യം**
ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്‌മൂദ് അഹമദ് (റ)

**15**
**ദൈവ സംപ്രാപ്തി**
ഹദ്റത്ത് അഹ്‌മദ്(അ)

**18**
**ആദമിന് മുമ്പും മനുഷ്യൻ ജീവിച്ചിരുന്നു**
ചൗധരി ഖാലിദ് സൈഫുല്ലാഹ് ഖാൻ, സിഡ്നി

**20**
**മസ്തിഷ്ക്കം മാറ്റിവെക്കാമോ?**
അസ്ഹർ അഷ്റഫ്, യു. കെ

**23**
**നുബുവ്വത്തിന്റെ തുടർച്ച**
യാസർ അറഫാത്ത് ആർ.എം.

**26**
**ഹദ്റത്ത് ബിലാൽ (റ) പറഞ്ഞ കഥ – 9**
ഇബ്നു വഫ കോഴിക്കോട്

**32**
**ഒരു ഇസ്‌റായേൽ സന്ദർശനം**
എം.സി റശീദ് അഹ്‌മദ്, കൊടിയത്തൂർ

**34**
കുറിപ്പുകൾ
**1. പാരിസ് ഉടമ്പടിയിൽ നിന്ന് അമേരിക്ക പിന്മാറുന്നു**
**2. മിഡിൽ ഈസ്റ്റ് പ്രതിസന്ധി**
മുസാഫിർ



**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി–682018
email-sathyadoothan1@gmail.com

ചീഫ് എഡിറ്റർ
**എച്ച്. ശംസുദ്ദീൻ**
**ഫോൺ:** 99460 21252

എഡിറ്റർ
**എ. എം. മുഹമ്മദ് സലീം**
**ഫോൺ:** 8907182933
Email-salimqld@gmail.com


മാനേജർ
**എച്ച്. അഹ്‌മദ് ഷാഫി**
**ഫോൺ:** 8089574250

Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Mubarak Ahmed, KKD

## വിശുദ്ധ ഖുർആനിൽ നിന്ന്



അന്ന് അവരിൽ ചിലരെ തിരമാലകൾ കണക്കെ അടിച്ചു കയറുന്നവരായി നാം വിടുന്നതാണ്. കാഹളത്തിൽ ഊതപ്പെടുകയും എന്നിട്ട് നാം അവരെയെല്ലാവരെയും ഒരുമിച്ചു കൂട്ടുകയും ചെയ്യും. അന്നാളിൽ അവിശ്വാസികളുടെ മുന്നിൽ നരകം ശരിയായി പ്രദർശിപ്പിക്കപ്പെടും. (18:100,101)



## നബിവചനം

ജഹ്ശിന്റെ മകൾ സൈനബ് (റ) എന്നിവരിൽ നിന്ന് നിവേദനം: ഒരു ദിവസം നബി (സ) തിരുമേനി സംഭീതനായി അവരുടെ അടുക്കൽ പ്രവേശിച്ചു. തിരുമേനി(സ) ഇങ്ങനെ അരുളി ചെയ്തു: 'അല്ലാഹു വല്ലാതെ വേറെ ആരാധ്യനാരുമില്ല. ആസന്നമായിരിക്കുന്ന വിപത്ത് കാരണം അറബികൾക്ക് മഹാ നാശം! ഇന്നേ ദിവസം യഅ്ജൂജ് മഅ്ജൂജിന്റെ മതിൽകെട്ടിൽ ഇത്രയളവിൽ വിടവുണ്ടാക്കപ്പെട്ടിരിക്കുന്നു.' (ഇത്രയെന്നു പറഞ്ഞു കൊണ്ടു തിരുമേനി(സ) തന്റെ പെരുവിരലും തൊട്ടടുത്ത വിരലും കൊണ്ട് ഒരു വൃത്തമുണ്ടാക്കി കാണിച്ചു.) സൈനബ(റ) പറയുന്നു: 'അപ്പോൾ ഞാൻ ചോദിച്ചു അല്ലാഹുവിന്റെ ദൂതരെ, ഞങ്ങളിൽ സജ്ജനങ്ങളുണ്ടായിരിക്കേ ഞങ്ങൾ നശിപ്പിക്കപ്പെടുമോ? നബി(സ)തിരുമേനി പ്രതിവചിച്ചു: അതെ, (നശിപ്പിക്കപ്പെടും) തിന്മകൾ അധികമായാൽ.' (ബുഖാരി)

## വാഗ്ദത്ത മസീഹിന്റെ വചനം

### യഅ്ജൂജ് മഅ്ജൂജും ദജ്ജാലും

വാഗ്ദത്ത മസീഹിന്റെ കാലത്ത് വെളിപ്പെടുവാൻ വിധിക്കപ്പെട്ടിട്ടുള്ള ആ വിപത്തുകളിൽ ഏറ്റവും വലുത് യഅ്ജൂജ് മഅ്ജൂജിന്റെയും ശപിക്കപ്പെട്ട ദജ്ജാലിന്റെയും പുറപ്പാട് ആകുന്നു. അവർ മുസൽമാന്മാർക്ക് വേണ്ടി പ്രിയങ്കരനായ ദൈവത്തിൽനിന്നുള്ള അകൽച്ചയുടെയും അനുസരണക്കേടിന്റെയും കാലത്ത് പ്രത്യക്ഷപ്പെടുന്നതും മുസൽമാൻമാരെ സംബന്ധിച്ചിടേത്തോളം കഠിന കഷ്ടപ്പാടുകൾക്ക് കാരണമായിതീരുന്നതുമാണ്. ഏപ്രകാരം യഹൂദികൾക്ക് ചരിത്രപരമായ കഷ്ടപ്പാടുകൾ വന്നിറങ്ങിയിരുന്നുവോ അപ്രകാരം തന്നെ മുസ്‌ലിംകളിലും (വാഗ്ദത്ത മസീഹി നെയും ജമാഅത്തിനെയും കഠിനമായ ദുഖമേൽപ്പിച്ചത് നിമിത്തം) കടുത്ത കഷ്ടപ്പാടുകൾ ഇറങ്ങുന്നതായിരിക്കും.



യഅ്ജൂജ് മഅ്ജൂജ് തങ്ങളുടെ യുദ്ധങ്ങളിലും കണ്ടുപിടുത്തങ്ങളിലും അഗ്നി ഉപയോഗപ്പെടുത്തുന്നു. അഥവാ തീ ഉപയോഗിക്കുന്ന രണ്ട് ജനതകളാണെന്ന് അറിഞ്ഞുകൊൾവീൻ. ഈ രണ്ട് ശക്തികളും തീ ഉപയോഗിക്കുന്നത് കൊണ്ടാണ് അവർക്ക് യഅ്ജൂജ് എന്ന പേർ ഉണ്ടായത്. ജ്വാലകളുയർത്തുക എന്നത് അഗ്നിയുടെ ഗുണമാണല്ലോ. അവരുടെ യുദ്ധങ്ങളിൽ അഗ്നിയുടെ അടിസ്ഥാന ഘടകങ്ങൾ ഉപയോഗ പ്പെടുത്തുന്നതിനാൽ അവർ ലോകത്തുള്ള എല്ലാ ജനതകളെയും മറച്ചുകളയുന്നതും അവരെ യാതൊരു മലക്കും കടലിനും തടയാനാവാത്തതുമത്രെ. രാജാക്കന്മാർ (രാഷ്ട്രത്തലവന്മാർ) അവരുടെ മുമ്പാകെ ഭയം നിമിത്തം അനുസരണത്തിന് നിർബന്ധിതരായിക്കുന്നതുമാണ്. ആരുംതന്നെ അവരെ നേരിടാൻ പ്രാപ്തരായിരിക്കുന്നതല്ല. അവർ ഒരു നിശ്ചിത കാലയളവോളം സകലരേയും തങ്ങളുടെ ചവിട്ടടിയിൽ ഒതുക്കി കളയുന്നതാണ്. ഈ രണ്ട് കല്ലുകളുടേയും ഇടയിൽപ്പെടുന്നത് ആരായിരുന്നാലും എത്ര വലിയ രാഷ്ട്രീയാധികാരം അവർക്കുണ്ടായിരുന്നാലും ധാന്യപ്പൊടി പോലെ ധൂളിക്കപ്പെടുകയും ആ രണ്ടു വൻ ശക്തികൾ കാരണം ഭൂമിയിൽ വലുതായ പ്രകമ്പനങ്ങൾ അനുഭവപ്പെടുകയും ചെയ്യും.(ഖുത്ബ ഇൽഹാമിയ്യ)

# മതവിശ്വാസികളുടെ പ്രതികരണം

ഇസ്‌ലാം മതം ജനാധിപത്യത്തിന് ഏറ്റവും അഭികാമ്യമായ മിതത്വത്തിന്റെ മതമാണ്. അടക്കത്തിലും അനക്കത്തിലുമെല്ലാം മിതത്വം പാലിക്കാനാണ് ഖുർആന്റെ ആഹ്വാനം. തീവ്ര നിലപാടുകൾ ഇസ്‌ലാമിന്റെ മാർഗമല്ല. ***' നിന്റെ നടപ്പിൽ മിതത്വം കൈകൊള്ളുക. നിന്റെ ശബ്ദം അൽപ്പം താഴ്ത്തുക (31:2) '***

ഇന്ന് നമ്മുടെ സമൂഹം പ്രക്ഷുബ്ദവും സംഘർഷാത്മകവുമാണ്. ആദർശാത്മകമായ വിവേകത്തോടെയുള്ള സമീപനത്തേക്കാൾ മനുഷ്യരുടെ പ്രതികരണങ്ങളിൽ നിഴലിക്കുന്നത് വികാര ശമനത്തിന്റെ ക്ഷോഭ പ്രകടനങ്ങളാണ്. മത സംഘടനകളുടെയും രാഷ്ട്രീയ പാർട്ടികളുടെയുമെല്ലാം ശൈലി തീവ്രമായ പ്രവർത്തികളും മൂർച്ചയേറിയ വാക്കുകളുമാണ്. ബുദ്ധിക്കും യുക്തിക്കും വിവേക പൂർണമായ ചിന്തകൾക്കും മനുഷ്യനെ ചലനം കൊള്ളിക്കാൻ സാദ്ധ്യമല്ല എന്ന് ഈ വികാര ജീവികൾ കരുതുന്നു. മാതൃകാപരമായ കർമം കൊണ്ടോ വിവേകപൂർണമായ വാക്കുകൾ കൊണ്ടോ ധൈഷണികമായ സംവാദങ്ങൾ കൊണ്ടോ മനുഷ്യനെ ആകർഷിക്കാനുള്ള യാതൊരു വിഭവവുമില്ലാത്ത ശൂന്യപാത്രങ്ങളാണ് ഒച്ചവെച്ച് സാന്നിദ്ധ്യമറിയിക്കുകയും ഭീഷണിയും അക്രമണവും തീവ്രവാദവും കൊണ്ട് ലക്ഷ്യം നേടാൻ ശ്രമിക്കുകയും ചെയ്യുന്നത്. മിതത്വവും യുക്തിപൂർണമായ സമീപനങ്ങളും ബലഹീനതയായി അവർ ഗണിക്കുന്നു. നമ്മുടെ പൊതു സമൂഹം ഇത്തരം പ്രവണതകൾക്ക് അതിശീഘ്രം വിധേയപ്പെട്ടു കൊണ്ടിരിക്കുകയാണ്. മിതത്വവും മധ്യവർത്തിത്വവുമാണ് മത സംസ്കാരത്തിന് നിദാനമെന്ന് വിശുദ്ധ ഖുർആൻ പറയുന്നു:

***'ഗ്രന്ഥാനുസാരികളെ നിങ്ങൾ നിങ്ങളുടെ മതകാര്യങ്ങളിൽ അമിതത്വം പ്രവർത്തിക്കരുത്. അല്ലാഹുവിനെ സംബന്ധിച്ച് സത്യമല്ലാതെ നിങ്ങൾ പറയുകയും ചെയ്യരുത്.(4:172) '***

മനുഷ്യന്റെ പ്രവർത്തനങ്ങൾക്ക് ഊർജവും ചൈതന്യവും പകരുന്ന വികാരം എന്ന ഗുണം നൈസർഗികവും അതേസമയം സർഗാത്മകവുമായ ഒരു സ്വഭാവ ഗുണമാണ്. നന്മയിലേക്ക് ചായ്‌വുള്ളതായിട്ടാണ് മനുഷ്യനെ ദൈവം സൃഷ്ടിച്ചത്. അത് കൊണ്ടാണ് മതവിശ്വാസിയാകട്ടെ മതവിശ്വാസമില്ലാത്തവനാകട്ടെ എല്ലാ മനുഷ്യരും മനസ്സാക്ഷിയിൽ നന്മയെ ഉപാസിക്കുന്നത്. വിവേചന ബുദ്ധിയാണ് അതിനെ ധാർമിക ഗുണമാക്കി മാറ്റുന്നത് അഥവാ നന്മയും തിന്മയുമാക്കി മാറ്റുന്നത്. അത് കൊണ്ടാണ് എല്ലാ മതങ്ങളും വികാരങ്ങളെ മെരുക്കിയെടുക്കാനും ആത്മനിയന്ത്രണത്തിനും സംസ്കരണത്തിനുമുള്ള നിരവധി അദ്ധ്യാപനങ്ങൾ മനുഷ്യനു മുമ്പിൽ സമർപ്പിച്ചിട്ടുള്ളത്. ഭൗതിക പ്രസ്ഥാനങ്ങൾക്ക് ഒരു പക്ഷേ ഇത്തരത്തിലുള്ള ധാർമിക ശിക്ഷണ സമ്പ്രദായങ്ങളൊന്നുമില്ല. എങ്കിലും മത വിശ്വാസികളുടെ വികാരം വ്രണപ്പെട്ടാൽ മറ്റെല്ലാവരെക്കാളും അവൻ ഏറ്റവും സംഹാരാത്മകമായി പ്രതികരിക്കുന്നു എന്നത് ഒരു വിരോധാഭാസമാണ്. അക്രമവും ഹിംസയും സ്വന്തം പ്രത്യയ ശാസ്ത്രത്തിന്റെ ഭാഗമായിക്കാണുന്ന ചില ഭൗതിക പ്രസ്ഥാനങ്ങൾക്ക് തീവ്രവാദവും വിപ്ലവ പ്രവർത്തനവും അനുവദനീയവും ചിലപ്പോൾ അനുപേക്ഷണീയവുമാണ്.അവർപോലും ലക്ഷ്യം നേടാൻ മതക്കാരെ പോലെ ഹിംസ പ്രയോഗിക്കാറില്ല.

എന്നാൽ മത വിശ്വാസികൾ മതം അനുശാസിച്ച ഈ മദ്ധ്യമ നിലപാടിന്റേയും ആത്മ നിയന്ത്രണത്തിന്റേയും മാർഗം കൈവിട്ടതിന്റെ ഫലമായി മതീവ്രവാദം സമൂഹത്തിൽ വലിയ വിപത്തായി മാറിയിരിക്കുന്നു. തീർച്ചയായും മതങ്ങൾ അനുവർത്തിക്കേണ്ട നിലപാട് അതല്ല. ശാന്തിക്കും സമാധാനത്തിനും വേണ്ടി നില കൊള്ളാനല്ലാതെ ജനങ്ങളിൽ സ്പർദ്ധയുണ്ടാക്കാനും അക്രമം പ്രവർത്തിക്കാനും ഒരിക്കലും ദൈവത്തേയും മതത്തേയും കരുവാക്കരുതെന്ന് ഖുർആൻ പറയുന്നു: ***നന്മചെയ്യുകയും സൂക്ഷ്മത പാലിക്കുകയും ജനങ്ങൾക്കിടയിൽ രഞ്ജിപ്പുണ്ടാക്കുകയും ചെയ്യുന്നതിൽ (നിന്നു ഒഴിഞ്ഞു നിൽക്കുന്നതിനായി) അല്ലാഹുവിനെ നിങ്ങൾ നിങ്ങളുടെ ശപഥത്തിന് ഒരു ലക്ഷ്യമാക്കരുത്. അല്ലാഹു എല്ലാം കേൾക്കുന്നവനും കാണുന്നവനുമാണ്. (2:225)***

സമൂഹത്തിൽ നന്മ പരത്താനും ഖുർആന്റെ അദ്ധ്യാപനങ്ങൾ പ്രാവർത്തികമാക്കാനും എല്ലാ മതസ്ഥർക്കും കഴിയുമാറാകട്ടെ.



ഹദ്റത്ത് അഹ്മദ് (അ)

# യുഗാന്ത്യ സംഭവങ്ങൾ

വിശുദ്ധ ഖുർആനിൽ എഴുതപ്പെട്ട ഈ വിവരങ്ങളെല്ലാം വാഗ്ദത്ത മസീഹിന്റെ ആഗമന കാലത്തിലേക്ക് വിരൽ ചൂണ്ടുന്നു, യഅ്ജൂജ് മഅ്ജൂജിന്റെ വിവരങ്ങൾക്ക് കീഴിൽ ഇതെഴുതിയിട്ടുള്ളതും അതുകൊണ്ടു തന്നെയാകുന്നു. യഅ്ജൂജ് മഅ്ജൂജ് (Gog Magog) രണ്ടു ജനതകളാണ് അതിനെ പറ്റി പൂർവ്വിക ഗ്രന്ഥങ്ങളിലും പ്രതിപാദിച്ചിട്ടുണ്ട്. അവർ അജീജ് അതായത് അഗ്നികൊണ്ട് പലതും കാട്ടികൂട്ടും എന്നതിനാലാണ് ഈ പേര് അവർക്ക് ലഭിച്ചത്. ഭൂമിയിൽ അവർക്ക് വലുതായ വിജയങ്ങൾ ലഭിക്കും. എല്ലാ ഉയരങ്ങളുടെയും ഉടമസ്ഥരായി തീരും അവർ. അപ്പോൾ അതേ കാലത്ത് തന്നെ സ്വർഗത്തിൽ നിന്നും വലുതായ പരിവർത്തനങ്ങൾക്കും ഏർപ്പാടുകളും സജ്ജമാകും. സമാധാനത്തിന്റെയും ശാന്തിയുടെയും ദിനം വെളിപ്പെടുമാറാകും ഭൂമിയിൽനിന്നും പല പല ഖനിജങ്ങളും ഗുപ്തവസ്തുക്കളും അക്കാലത്ത് പുറത്ത് വരുമെന്ന് വിശുദ്ധ ഖുർആനിൽ എഴുതപ്പെട്ടിരിക്കുന്നു. ആ നാളുകളിൽ ആകാശത്ത് സൂര്യ ചന്ദ്രഗ്രഹണങ്ങളുണ്ടാകും. ഭൂമിയിൽ പ്ലേഗ് ധാരാളമായി പടർന്ന് പിടിക്കും. ഒട്ടകം നിഷ്പ്രയോജനകരമായി ഭവിക്കും. എന്നുവെച്ചാൽ ഒട്ടകങ്ങളെ നിഷ്പ്രയോജനമാക്കുന്ന മറ്റൊരു യന്ത്രം ഉണ്ടാക്കപ്പെടും. അതു ഇപ്പോൾ നാം നോക്കി കാണുന്നുവല്ലോ. പണ്ടു ഒട്ടകം മുഖേന കടത്തിപോന്ന കച്ചവടച്ചരക്കുകളെല്ലാം ഇപ്പോൾ റയിൽ മാർഗമായി മാറിയിരിക്കുന്നു. ഹജ്ജ് ചെയ്യുന്നവർ മദീനാ മുനവ്വറയിലേക്ക് റയിൽ മാർഗം സഞ്ചരിച്ചെത്തുന്ന കാലം സമീപസ്ഥമാണ്. ***വലയുത്റകന്നൽ ഖിലാസു ഫലായുസ്ആ അലൈഹാ*** (മുസ്ലിം, കിതാബുൽ ഈമാൻ)

ചുരുക്കത്തിൽ അവസാന നാളുകളുടെ ഈ അടയാളങ്ങളെല്ലാം വെളിപ്പെട്ടുകഴിഞ്ഞിരിക്കുമ്പോൾ ലോകത്തിന്റെ കാലചക്രങ്ങളിൽ ഇത് അവസാനത്തെ കാലചക്രമാണെന്ന് സ്ഥാപിക്കപ്പെടുന്നു. ദൈവം ആറു ദിവസങ്ങൾ ഉണ്ടാക്കി. ഓരോ ദിവസവും ആയിരം കൊല്ലങ്ങളാണെന്ന് നിശ്ചയിക്കുകയും ചെയ്തു. ഇതനുസരിച്ച് ലോകത്തിന്റെ വയസ്സ് ഏഴു ആയിരം ആണെന്നത് ഖുർആന്റെ ഖണ്ഡിത വചനമാണെന്ന് വ്യക്തമായി . ദൈവം ഒറ്റയാകുന്നു അതു കൊണ്ട് ഒറ്റയെ അവൻ ഇഷ്ടപ്പെടുകയും ചെയ്യുന്നു.ഏഴു ദിവസം ഒറ്റയിൽ സൃഷ്ടിച്ചത് പ്രകാരം തന്നെ ഏഴ് ആയിരവും ഒറ്റയാകുന്നു. ഈ കാരണങ്ങളാലും ഇത് അവസാനത്തെ കാലവും ലേകത്തിന്റെ അവസാനത്തെ കാലചക്രമാണെന്നും അതിന്റെ തലക്കൽ ആണ് ദൈവിക ഗ്രന്ഥങ്ങൾ പ്രകാരം മസീഹ് വരേണ്ടതെന്നും സ്ഥാപിക്കപ്പെടുന്നു. നവാബ് സിദ്ദീഖ് ഹസ്സൻ ഖാൻ തന്റെ ഹുജ്ജത്തുൽ കിറാമ എന്ന ഗ്രന്ഥത്തിൽ ഇസ്ലാമിൽ കടന്നു കഴിഞ്ഞ എല്ലാ അഹ്ലുൽ കശ്ഫുകാരും (കശ്ഫ് അഥവാ ദിവ്യദർശനങ്ങളാൽ അനുഗ്രഹിക്കപ്പെട്ടവർ) മസീഹ് മഊദിന്റെ കാലം നിശ്ചയിക്കുന്നതിൽ പതിനാലാം നൂറ്റാണ്ടിന്റെ തുടക്കത്തിനപ്പുറം കടന്നിട്ടില്ല. അപ്പോൾ ഇവിടെ വാഗ്ദത്ത മസീഹിന്റെ ഈ ഉമ്മത്തിൽ സമുദായത്തിൽ-നിയോഗിച്ചയച്ചതിനുള്ള കാരണം എന്തായിരുന്നുവെന്ന് സ്വാഭാവികമായും ചോദ്യം ഉദ്ഭവിക്കുന്നുണ്ട്. ഇതിനുള്ള ഉത്തരം ഇതാണ്. തിരുനബി(സ)തന്റെ നുബുവ്വത്ത് കാലത്തിന്റെ ആദ്യത്തിലും അവസാനത്തിലുമായി ഹദ്റത്ത് മൂസാനബി (അ) ന്റെ നുബുവ്വത്ത് കാലത്തിന്റെ സദൃശനായി രിക്കുമെന്ന് വിശുദ്ധ ഖുർആനിൽ വാഗ്ദത്തം ചെയ്യപെട്ടിരിക്കുന്നു. ആ സാദൃശ്യത്തിലെ ഒരു വശം പൂർത്തിയായത് തിരുനബി (സ) യുടെ കാലം തന്നെയായിരുന്ന ആദ്യത്തെ കാലഘട്ടത്തിൽ ആയിരുന്നു മറ്റൊന്ന് അവസാന കാലഘട്ടത്തിലും. അങ്ങനെ ആദ്യത്തെ സാദൃശ്യം ഇപ്രകാരം പൂർത്തിയായി, എപ്രകാരം ഹദ്റത്ത് മൂസാ നബി (അ) ഫിർഔനും അയാളുടെ സൈന്യത്തിനും മേൽ വിജയം നൽകിയോ അപ്രകാരം തന്നെ തിരുനബി(സ) ഒടുവിൽ അബൂജഹലിന്റെ അതായത് അക്കാലത്തെ ഫിർഔന്റെയും അയാളുടെ സൈന്യത്തിന്റെയും മേൽ വിജയം നൽകുകുകയും എല്ലാവരെയും നശിപ്പിച്ചുകൊണ്ട് ഇസ്ലാമിനെ അറബ് ഉപദ്വീപിൽ ഉറപ്പിക്കുകയുമുണ്ടായി. ഈ ദൈവിക സഹായം മുഖേന ***ഫിർഔന്റെ അടുക്കലേക്ക് നാം ഒരു ദൂതനെ അയച്ചത് പോലെ നിങ്ങൾക്ക് സാക്ഷിയായി നിങ്ങളിലേക്ക് ഒരു ദൂതനെ നാം അയച്ചിരിക്കുന്നു (73:16)***


അവസാന കാലത്ത് ഈ സാദൃശ്യം ഇപ്രകാരമാണ് പുലർന്നിരിക്കുന്നത്. മൂസാ നബി(അ)യുടെ ജനതയുടെ അവസാനകാലത്ത് ജിഹാദിന്റെ എതിരാളിയും മതപരമായ പോരാട്ടത്തിൽ യാതൊരു താൽപര്യമില്ലാത്ത, ക്ഷമയും സഹനവും മാത്രം ഉപദേശിച്ച ആളായിരുന്ന ഒരു നബിയെ നിയോഗിച്ചു. ബനീ ഇസ്രായീലിന്റെ ധാർമികത വളരെയേറെ മോശമാവുകയും അവരുടെ ചലനങ്ങളിൽ വളരെയേറെ വൈരുദ്ധ്യങ്ങൾ പ്രകടമാവുകയും ചെയ്തപ്പോൾ അവരുടെ രാജത്വങ്ങൾ അസ്തമിച്ചു തുടങ്ങുകയും ചെയ്തിരുന്നു. അവർ റോമാ ഭരണത്തിന് കീഴിലായി. ഹദ്റത്ത് മൂസാ നബി (അ) ന് ശേഷം 14 നൂറ്റാണ്ടു കൃത്യം പൂർത്തിയായപ്പോഴാണ് അദ്ദേഹം വെളിപ്പെട്ടത്. (ലക്ചർ സിയാൽകോട്ട്)

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..) 2017 ജൂൺ 23ന് ബൈത്തുൽ ഫുതൂഹ്, ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം.

വിവ. മുഹമ്മദ് ഇസ്മായിൽ, ആലപ്പി.

# റമളാന്റെ പ്രഭാവം വർഷം മുഴുവൻ നിലനിർത്തുക

**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്** (അയ്യദഹു...)




റമളാനിന്റെ അനുഗൃഹീത മാസം വരികയും വേഗം കടന്നു പോകുകയും ചെയ്തു. ഉഷ്ണാധിക്യമുള്ള ദീർഘമായ ദിനങ്ങൾ ആയിരുന്നിട്ടും ഇത്തവണ നോമ്പ് തീഷ്ണമായി അനുഭവപ്പെട്ടില്ലെന്നാണ് എന്നെ സന്ദർശിച്ചവർ പറഞ്ഞത്. ഇപ്രാവശ്യം ഇവിടേയും (ലണ്ടനിൽ) റെക്കോർഡ് ചൂടായിരുന്നു ഉണ്ടായിരുന്നത്. കഠിനമായ കാലാവസ്ഥയായിരുന്നിട്ടും വളരെ കുറച്ചാണ് അത് അനുഭവപ്പെട്ടത്. പക്ഷേ, നോമ്പ് ഇപ്രാവശ്യം അസാധാരണമായ നിലയിൽ എളുപ്പത്തിൽ കഴിഞ്ഞു പോയിട്ടുണ്ടെങ്കിൽ അത് അല്ലാഹു നമ്മിൽ വർഷിച്ച കൃപയാണ്. നാം അല്ലാഹുവിന്റെ ഈ അനുഗൃഹീത ദിനങ്ങളിൽ എന്ത് കരസ്ഥമാക്കി എന്ന് ആത്മപരിശോധന നടത്തേണ്ടതാണ്. അല്ലാഹു റമളാൻ മാസത്തിൽ ഏഴാമത്തെ ആകാശത്തുനിന്ന് താഴത്തെ ആകാശത്തിലേക്ക് വരുന്നു. തന്റെ ദാസരുടെ അടുത്തായിക്കൊണ്ട് അവരുടെ ദുആകൾ കേൾക്കുന്നു. അല്ലാഹു ഈ ദിനങ്ങളിൽ നോമ്പ് പിടിക്കുന്നവരുടെ പ്രതിഫലമായി മാറുന്നു. അല്ലാഹു ഈ ദിനങ്ങളിൽ ശയ്ത്വാനെ ചങ്ങലക്കിടുന്നു. അല്ലാഹുവിന്റെ ഈ കൃപാവരങ്ങളിൽനിന്നും അവന്റെ കാരുണ്യങ്ങളിൽനിന്നും ഫലമെടുക്കുന്നതിന് നമ്മൾ എന്താണ് ചെയ്തത്? നമ്മൾ അല്ലാഹുവിന്റെ കല്പനകളെ വിശ്വസിക്കുകയും അവന്റെ അധ്യാപനമനുസരിച്ച് ജീവിക്കുന്നതിനും കഴിഞ്ഞ കുറവുകളെല്ലാം ഉപേക്ഷിക്കുന്നതിനും എന്ത് പ്രതിജ്ഞ ചെയ്തു? എത്രത്തോളം മാറ്റങ്ങൾ

നമ്മുടെ ഉള്ളിൽ ഉണ്ടാക്കി? നമ്മൾ നമസ്കാരങ്ങളിൽ കൃത്യനിഷ്ഠ പാലിക്കാൻ ശ്രമിച്ചത് കേവലം റമളാൻ കാരണത്താലാണെങ്കിൽ, പിന്നീട് നമ്മൾ അലസന്മാരായാൽ അത് അല്ലാഹുവിന്റെ കല്പനകൾ അനുസരിക്കലല്ല. നമ്മൾ ജുമുഅകളിലുള്ള കൃത്യനിഷ്ഠ റമളാൻ മാസംവരെ മാത്രം പരിമിതമാക്കുകയാണെങ്കിൽ അത് അല്ലാഹുവിന്റെ കല്പനകൾക്ക് വഴങ്ങലല്ല. വിശുദ്ധ ഖുർആനിന്റെ പാരായണത്തെ റമളാൻ മാസത്തിൽ മാത്രം നിർബന്ധമായി മനസ്സിലാക്കുകയും പിന്നീടതിലേക്ക് ശ്രദ്ധിക്കാതിരിക്കുകയുമാണെങ്കിൽ അത് അല്ലാഹുവിന്റെ തൃപ്തിയനുസരിച്ചിട്ടുള്ള നടത്തമല്ല. നമ്മൾ സ്വലാത്തും ദൈവസ്മരണയും റമളാൻ മാസത്തിൽ മാത്രം പരിമിതമാക്കുകയാണെങ്കിൽ ഇക്കാര്യം അല്ലാഹു നമ്മളിൽനിന്ന് ആഗ്രഹിക്കുന്നതല്ല. നമ്മുടെ സൽസ്വഭാവങ്ങളും മറ്റു നന്മകളും റമളാൻമാസത്തിൽ മാത്രം നിർബന്ധമെന്ന് കരുതി ചെയ്യുകയാണെങ്കിൽ ഇതും അല്ലാഹു നമ്മളിൽനിന്ന് ആഗ്രഹിക്കുന്നതല്ല. റമളാൻ വരുന്നത് ഒരു പരിശീലനക്കളരി എന്ന നിലയിലാണ്. റമളാൻ അല്ലാഹു നിർബന്ധമാക്കിയത് ഏതൊരു നന്മകളാണോ നിങ്ങൾ അനുഷ്ഠിച്ചുകൊണ്ടിരിക്കുന്നത് അതിൽ കൂടുതൽ അഭിവൃദ്ധിപ്പെടാനാണ്. ഓരോ റമളാനും അവസാനിക്കുമ്പോൾ അത് നമ്മെ ആരാധനകളുടേയും നന്മകളുടേയും പുതിയ ലക്ഷ്യസ്ഥാനങ്ങളിലും ഉയർച്ചകളിലും എത്തിക്കുന്നതാവണം. പിന്നീട് നമ്മൾ ആരാധനകളുടേയും നന്മകളുടേയും പുതിയതും ഉയർന്നതുമായ നിലവാരം സ്ഥാപിക്കുന്നവരായിത്തീരേണ്ടതാണ്. അല്ലാഹു നമ്മോട് ഈ നന്മകളിലൂടെ സ്ഥിരതയിൽ വർത്തിക്കാൻ ആവശ്യപ്പെടുന്നു. അല്ലാഹു **അഖീമുസ്സ്വലാത്ത** എന്ന കല്പന തന്നിരിക്കുന്നു. അതായത് നമസ്കാരങ്ങൾ നിലനിറുത്തുക. നമസ്കാരങ്ങൾ കൃത്യസമയത്ത് പൂർണമായ നിലയിൽ നിർവഹിക്കുക. അല്ലാഹു **ഹാഫിളൂ അലസ്സ്വലവാത്തി വസ്സ്വലാത്തിൽ വുസ്ത്വാ** അതായത് എല്ലാ നമസ്കാരങ്ങളും പ്രത്യേകിച്ചും മധ്യമനമസ്കാരത്തെ പൂർണമായും ശ്രദ്ധിക്കാൻ കല്പിച്ചിരിക്കുന്നു. അഞ്ചുനേര നമസ്കാരം നിർബന്ധമാണെന്ന് എല്ലാ മുസ്‌ലിംകളും അറിയുന്നവരാണ്. അതുകൊണ്ട് അഞ്ചുനേര നമസ്കാരങ്ങളെ സംരക്ഷിക്കാൻ കല്പനയുണ്ട്. പ്രത്യേകിച്ചും മധ്യമ നമസ്കാരത്തെകുറിച്ച് പറഞ്ഞു. **സ്വലാത്തുൽവുസ്ത്വാ** അഥവാ മധ്യമനമസ്കാരം കൊണ്ടുള്ള ഉദ്ദേശ്യം ഇടയ്ക്കുവരുന്നത് അല്ലെങ്കിൽ പ്രധാനപ്പെട്ട നമസ്കാരമാണ്. അതായത് നമസ്കാരത്തിന്റെ പ്രാധാന്യം വർധിക്കുന്ന സമയം. എല്ലാ നമസ്കാരവും അല്ലാഹു നിർബന്ധമാക്കിയിട്ടുള്ളതാണ്. പ്രധാനപ്പെട്ടതുമാണ്. പിന്നെന്തിനാണ് **സ്വലാത്തുൽ വുസ്ത്വാ** അഥവാ മധ്യമനമസ്കാരത്തിന് പ്രാധാന്യം നല്കിയത്?ചില നമസ്കാരങ്ങളുടെ സമയങ്ങളിൽ മനുഷ്യൻ വ്യക്തിപരം അല്ലെങ്കിൽ ഭൗതികപരമായ ആഗ്രഹങ്ങൾക്ക് മുൻഗണന നല്കാറുണ്ട്. ചിലർക്ക് സുബ്ഹി നമസ്കാരം നിർവഹിക്കുക ദുഷ്കരമാണ്. ആ സമയത്ത് എഴുന്നേറ്റ് സുബ്ഹി നമസ്കരിക്കുക എന്നത് അല്ലാഹുവിനോട് കൂടുതൽ അടുപ്പിക്കുന്നതാണ്. അത് പ്രധാനപ്പെട്ട നമസ്കാരമായിത്തീരുന്നു. ചിലർക്ക് തങ്ങളുടെ ജോലിയും കച്ചവടവും കാരണത്താൽ ളുഹ്ർ അല്ലെങ്കിൽ അസ്വ്ർ നമസ്കരിക്കുക എന്നത് ബുദ്ധിമുട്ടായിതോന്നുന്നു. അപ്പോൾ അവർക്ക് ഈ നമസ്കാരത്തിന്റെ പ്രാധാന്യം വർധിക്കുന്നു. കഠിനാധ്വാനം ചെയ്ത്, പരിശ്രമിച്ച് അല്ലാഹുവിനെ ആരാധിക്കുന്നതിലേക്ക് മനുഷ്യൻ വരുമ്പോൾ അല്ലാഹു ആ പരിശ്രമത്തേയും വിലമതിച്ചുകൊണ്ട് കടാക്ഷിക്കുന്നു.

അല്ലാഹു നമസ്കാരത്തെക്കുറിച്ച് ഒരുപാട് സ്ഥലങ്ങളിൽ വിവിധ തെളിവുദ്ധരിച്ചുകൊണ്ട് നമ്മളോട് പറഞ്ഞിട്ടുണ്ട്. വെറും റമളാനിൽ മാത്രം അത് ഒതുക്കി നിറുത്തിയില്ല. എന്നല്ല നബി (സ)തിരുമേനി നമസ്കാരങ്ങളേയും ജുമുആകളേയും റമളാനേയും ഉദ്ധരിച്ചുകൊണ്ട് ഒരു മുഅ്മിന്, അല്ലാഹുവിനെ ഭയപ്പെടുന്ന മനസ്സുള്ളവന് സുപ്രധാനമായ ഒരു നിർദേശം നല്കുകയുണ്ടായി. നബി(സ) തിരുമേനി പറഞ്ഞു: അഞ്ച് നമസ്കാരങ്ങൾ, ജുമുഅ അടുത്ത ജുമുഅ വരെയും റമളാൻ അടുത്ത റമളാൻവരെയും അതിനിടയിൽ വരുന്ന പാപങ്ങളുടെ പ്രായശ്ചിത്തമായിത്തീരുന്നതാണ്; അവൻ വൻപാപങ്ങളിൽനിന്ന് രക്ഷപ്പെട്ടിരിക്കുവോളം! ഇവിടെ തുറന്നനിലയിൽ പറഞ്ഞത് അഞ്ച് നമസ്കാരം പ്രായശ്ചിത്തമായിത്തീരുന്നുവെന്നാണ്. ആ സമയത്ത് മനുഷ്യൻ പൂർണമായും പരിശ്രമിച്ച് അഞ്ച് നമസ്കാരവും അതിന്റേതായ കൃത്യസമയത്ത് നിർവഹിക്കുകയും ഓരോ നമസ്കാരത്തിന്റേയും ഇടയിലുള്ള ഇടവേളകളിൽ പാപങ്ങളിൽനിന്ന് രക്ഷപ്പെടാൻ ശ്രമിച്ചുകൊണ്ടിരിക്കുകയും ചെയ്യുക. ഇനി ചെറിയ ചെറിയ പാപങ്ങൾ ഉണ്ടാവുകയാണെങ്കിൽ അല്ലാഹു അത് മാപ്പാക്കുന്നതാണ്. അതിന്റെ നിബന്ധന കൃത്യസമയത്ത് അവനോടുള്ള കടമ നിറവേറ്റിക്കൊണ്ട് നമസ്കാരം അനുഷ്ഠിക്കുക എന്നതാണ്. ഇപ്രകാരംതന്നെ അഞ്ച് നമസ്കാരം നിർബന്ധമാണെന്നതുപോലെ എല്ലാ ജുമുആകളുടെ പ്രാധാന്യവും വ്യക്തമാക്കുകയുണ്ടായി. ഒരു ജുമുഅ മുതൽ അടുത്ത ജുമുഅ വരെയുള്ള ഇടവേളയിൽ ഉണ്ടാകുന്ന ചെറിയ തെറ്റുകളും ബലഹീനതകളും ചെറിയ പാപങ്ങളും അല്ലാഹു മാപ്പാക്കുന്നതാണ്. ഈ ഇടവേളയിൽ ചെറിയ പാപങ്ങൾ ചെയ്യാമെന്നും അത് അല്ലാഹു മാപ്പാക്കുമെന്നും ആരും ധരിക്കരുത്. അങ്ങനെയല്ല. മറിച്ച് ഇതിന്റെ ഉദ്ദേശ്യം മാനുഷികമായ ബലഹീനത കാരണത്താൽ എന്തെങ്കിലും തെറ്റുണ്ടായാൽത്തന്നെ നമസ്കാരങ്ങളിലും ജുമുആകളിലുമുള്ള കൃത്യനിഷ്ഠയും പാപങ്ങൾക്ക് മാപ്പ്

ഇരന്നുകൊണ്ടുള്ള ദുആകളും ഇനി തെറ്റുകൾ ചെയ്യുകയില്ലെന്ന പ്രതിജ്ഞയും കാരണത്താൽ അല്ലാഹു പൊറുത്തുകൊടുക്കുന്നു.

നബി(സ) തിരുമേനി ജുമുആകളിൽ കൃത്യനിഷ്ഠ പാലിക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് പറഞ്ഞു: 'ആരാണോ തുടർച്ചയായി മൂന്ന് ജുമുആ മനഃപൂർവം ഉപേക്ഷിച്ചത് അല്ലാഹു അവന്റെ ഹൃദയത്തിൽ മുദ്രവെക്കുന്നതാണ്.' അവന്റെ മനസ്സ് കറുത്തുപോകുന്നതാണെന്നും ഒരു നിവേദനത്തിൽ വന്നിട്ടുണ്ട്. അതുകൊണ്ട് ജുമുആയേയും ജുമുആയുടെ ഈ പ്രാധാന്യത്തേയും എല്ലാവരും മനസ്സിലാക്കേണ്ടതാണ്. ഇന്ന് റമളാനിലെ അവസാനത്തെ ജുമുആ ആണ്. റമളാനിലെ അവസാന ജുമുഅ ആയതുകൊണ്ട് ഇവിടെ വലിയ മസ്ജിദിൽ പോയി നമസ്കരിക്കാമെന്ന ഉദ്ദേശ്യത്തോടെ ചിലർ വന്നിട്ടുണ്ടാകും. അവസാന ജുമുഅ എന്തായാലും നമസ്കരിക്കണം, അതുകൊണ്ട് നമസ്കരിക്കാം എന്നുപറയുന്ന ചിലരുമുണ്ട്. റമളാനിലെ ജുമുഅ നമസ്കരിക്കുക അല്ലെങ്കിൽ റമളാനിലെ അവസാനത്തെ ജുമുഅ നമസ്കരിക്കുക എന്നാൽ പ്രതിഫലം കിട്ടുമെന്ന് അല്ലാഹു പറഞ്ഞിട്ടില്ല. മറിച്ച്, എല്ലാ ജുമുആകളുടേയും പ്രാധാന്യമാണ് പറയപ്പെട്ടിട്ടുള്ളത്. അല്ലാഹു പറയുന്നു: **യാ അയ്യുഹല്ലദീന ആമനൂ ഇദാ നൂദിയ ലിസ്സലാത്തി മിൻയൗമിൽ ജുമുഅത്തി ഫസ്ഔ ഇലാ ദിക്‌രില്ലാഹി വദറുൽബയ്അ ദാലിക്കും ഖയ്റുല്ലക്കും ഇൻകുൻതും തഅ്ലമൂൻ** വിശ്വസിച്ചവരേ, വെള്ളിയാഴ്ച ദിവസം നമസ്കാരത്തിനായി വിളിക്കപ്പെട്ടാൽ അല്ലാഹുവിനെ സ്മരിക്കുന്നതിലേക്ക് നിങ്ങൾ ധിറുതിപ്പെട്ട് പോവുകയും വ്യാപാരം നിർത്തിവെക്കുകയും ചെയ്യുക. നിങ്ങൾ കാര്യം മനസ്സിലാക്കുന്നുവെങ്കിൽ അത് നിങ്ങൾക്ക് ഗുണകരമാണ് (62:10)

അതിനാൽ എല്ലാ ജുമുഅ നമസ്കാരത്തിനും പ്രത്യേകം ശ്രദ്ധചെലുത്തുക എന്നത് സത്യവിശ്വാസികൾക്കുള്ള കല്പനയാണ്. വിശ്വസിക്കുന്നു എന്ന് വാദിക്കുന്നവർക്കുള്ള കല്പനയാണ്. നിങ്ങളുടെ കച്ചവടങ്ങളും നിങ്ങളുടെ പണികളും നിങ്ങളുടെ തൊഴിലുകളും ഉപേക്ഷിക്കുക. അല്ലാഹു പറഞ്ഞു: നിങ്ങൾ അറിവുള്ളവരാണെങ്കിൽ ഇത് നിങ്ങൾക്ക് ഗുണകരമാണെന്ന് നിങ്ങൾ അറിയേണ്ടതാണ്; ഇതിലാണ് ബർക്കത്തുള്ളത്. ഇതിലൂടെ നിങ്ങളുടെ തൊഴിലുകളിൽ അനുഗ്രഹം പതിയുന്നതാണ്. യഥാർഥ ഈമാനാണെങ്കിൽ ഒരിക്കലും മനുഷ്യൻ ഭൗതികനേട്ടങ്ങൾക്കുവേണ്ടി തങ്ങളുടെ ജുമുആകളെ ഉപേക്ഷിക്കരുത്.

ജുമുആയെ സംബന്ധിച്ച് ഇതുംകൂടി പറയട്ടെ, ജുമുഅ പുരുഷന്മാർക്ക് നിർബന്ധമാണ്. ഇനി സ്ത്രീകൾ വരികയാണെങ്കിൽ അത് നല്ലകാര്യം തന്നെ. അവർ കൂടുതൽ പ്രതിഫലം സമ്പാദിക്കുകയായിരിക്കും ചെയ്യുന്നതെന്നതിൽ സംശയമില്ല. മാതാക്കൾ വരുന്നകാരണത്താൽ ചിലപ്പോൾ കുട്ടികളിലും ജുമുഅ നമസ്കരിക്കുന്നതിലേക്ക് ശ്രദ്ധയുണ്ടാകുന്നു. പ്രാധാന്യമുണ്ടാകുന്നു. പക്ഷേ, എന്തായാലും ജുമുആയിൽ മസ്ജിദിൽ വരുന്നത് നിർബന്ധമാണെങ്കിൽ അത് പുരുഷന്മാർക്ക് മാത്രമാണ്. ഇതുസംബന്ധമായി നബി(സ) തിരുമേനിയുടെ നിർദേശം വളരെ വ്യക്തമാണ്. നബി(സ) തിരുമേനി പറഞ്ഞു: 'എല്ലാ ഓരോ മുസ്‌ലിമിനും ജമാഅത്തോടുകൂടി ജുമുഅ നമസ്കരിക്കുക എന്നത് നിർബന്ധമായ കടമയാണ്. അതായത് ഫർളാണ്; നാലു തരത്തിലുള്ള കൂട്ടരൊഴികെ. അടിമകൾ, സ്ത്രീകൾ, കുഞ്ഞുങ്ങൾ, രോഗികൾ. ഈ രാജ്യങ്ങളിലെ തൊഴിലാളികൾ തങ്ങളുടെ തൊഴിലുടമകളോട് പറഞ്ഞ് ജുമുഅക്ക് വരാൻ അവധിയെടുക്കാൻ ശ്രമിക്കേണ്ടതാണ്. ചിലയാളുകൾ പരിശ്രമിക്കുകയും അവർക്ക് അനുവാദം ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഇനി നിർബന്ധിതാവസ്ഥയാണെങ്കിൽ അടുത്തുള്ള മൂന്നോനാലോ പേർക്ക് ചേർന്ന് ജുമുഅ നമസ്കരിക്കാൻ കഴിയുമെങ്കിൽ അങ്ങനെ ചെയ്യാവുന്നതാണ്. എന്നാൽ, പെരുന്നാളിന് വരേണ്ടത് എല്ലാവർക്കും നിർബന്ധമാണ്. എല്ലാ സ്ത്രീകൾക്കും പുരുഷന്മാർക്കും കുഞ്ഞുങ്ങൾക്കും നിർബന്ധമാണ്.

ഇന്ന് വൻതോതിൽ ആളുകൾ ജുമുആയ്ക്കായി എത്തിയിട്ടുണ്ട്. അതിനാൽ ഞാൻ ആ ഭാഗത്തേക്കും നിങ്ങളുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. പുരുഷന്മാർ തങ്ങളുടെ ജുമുആകളെ പ്രത്യേകമായ നിലയിൽ സംരക്ഷിക്കേണ്ടതാണ്. നബി(സ)തിരുമേനി ഒരു റമളാനും അടുത്ത റമളാനുമിടയിൽ വന്നുപോകുന്ന പാപങ്ങളേയും അല്ലാഹു പൊറുക്കുന്നുവെന്ന് പറഞ്ഞു. പക്ഷേ നബി(സ)തിരുമേനി പാപങ്ങളിൽനിന്ന് മാപ്പുകിട്ടുന്നതിനുള്ള മാർഗങ്ങൾ ക്രമമായ നിലയിലാണ് പറഞ്ഞിട്ടുള്ളതെന്ന കാര്യവും വ്യക്തമാക്കിയിരിക്കേണ്ടതാണ്. ആദ്യം നമസ്കാരം. പിന്നീട് ജുമുഅ. പിന്നീട് റമളാൻ. ഈ ക്രമീകരണത്തിൽനിന്ന് വർഷത്തിനുശേഷം വരുന്ന റമളാനിലെ ആരാധനകൊണ്ടുമാത്രം എല്ലാ പാപങ്ങളും മാപ്പാക്കപ്പെടുമെന്ന തെറ്റായധാരണ അകന്നുപോകേണ്ടതാണ്. മറിച്ച് ഈ ക്രമീകരണം, നിത്യവുമുള്ള അഞ്ചുനേര നമസ്കാരങ്ങളുടെ നിർവഹണം തനിക്കുള്ള നിർദിഷ്ട കൽപ്പനകളിൽ നിന്ന് എടുത്തുകൊണ്ട് ഏഴാമത്തെ ദിവസം ജുമുആയിൽ പ്രവേശിപ്പിച്ച് ജുമുആയുടെ അനുഗ്രഹങ്ങളിൽനിന്നുള്ള ഓഹരി നല്കിപ്പിക്കുന്നതാണ്. വർഷം മുഴുവനുമുള്ള ജുമുആകൾ റമളാനിൽ പ്രവേശിച്ചുകൊണ്ട് അനുഗൃഹീതമായ റമളാന്റെ കരുണകൊണ്ട് കാരുണ്യം ചൊരിയുന്നതാണ്. 'ഇത് നിന്റെ ദാസനാണ്. നിന്നോടുള്ള ഭയവും നിന്നോടുള്ള സ്നേഹവുംകൊണ്ട് വൻപാപങ്ങളിൽനിന്ന് രക്ഷപ്പെട്ട് അഞ്ചുനേരവും നിന്റെ സന്നിധിയിൽ വന്നുകൊണ്ടിരുന്നു' എന്ന് നിത്യവുമുള്ള

അഞ്ചുനേര നമസ്കാരങ്ങൾ അല്ലാഹുവിന്റെ സന്നിധിയിൽ അപേക്ഷിക്കുന്നതായിരിക്കും. 'നിന്റെ ഈ ദാസൻ ഏഴ് ദിവസം എല്ലാവിധ വലിയ പാപങ്ങളിൽനിന്നും തന്നെ രക്ഷപ്പെടുത്തി ജുമുഅ ദിവസം നിന്റെ സന്നിധിയിൽ ഹാജരായിക്കൊണ്ടിരുന്നു' എന്ന് എല്ലാ ജുമുആകളും അല്ലാഹുവിനോട് പറയും. അല്ലാഹുവേ, ഈ ദാസൻ റമളാനോടുള്ള കടമ നിറവേറ്റിയതിനുശേഷം പാപങ്ങളിൽനിന്ന് രക്ഷപ്പെട്ടുകൊണ്ടും നന്മകൾ ചെയ്തുകൊണ്ടും നിന്റെ കരുണയും പൊറുക്കലും അഗ്നിയിൽനിന്ന് രക്ഷപ്പെടലും പ്രതീക്ഷിച്ച് ഈ റമളാനിൽ പ്രവേശിച്ചിരിക്കുകയാണ്, അതുകൊണ്ട് റഹ്മത്തിന്റേയും പൊറുക്കലിന്റേയും അഗ്നിയിൽനിന്ന് രക്ഷപ്പെടുന്നതിന്റേയും പുണ്യമാസത്തിലെ പത്തുദിനങ്ങൾ കൊണ്ട് നീ ഇവനേയും കടാക്ഷിച്ചാലുമെന്ന് റമളാനും പറയും.

അല്ലാഹുതആല വലിയ കരുണാമയനും ഉദാരനുമാണ്. അവൻ കരുണ ചൊരിഞ്ഞുകൊണ്ട് മനുഷ്യനെ തന്റെ കാരുണ്യത്തിന്റെ പുതപ്പിൽ പൊതിഞ്ഞെടുക്കുന്നതായിരിക്കും. ശയ്ത്വാന്റെ ആക്രമണങ്ങളിൽനിന്ന് അവനെ രക്ഷിക്കുന്നതായിരിക്കും. നമ്മളിൽനിന്ന് ഈ ചിന്താഗതിയോടുകൂടി തങ്ങളുടെ നമസ്കാരങ്ങളേയും ജുമുആകളേയും തങ്ങളുടെ നോമ്പുകളോടുള്ള കടമകളേയും നിറവേറ്റിക്കൊണ്ട് അല്ലാഹുവിന്റെ അഭയത്തിൽ വരുന്നവരും റമളാന്റെ ഈ ചുറ്റുപാടിൽനിന്ന് എല്ലാവിധത്തിലും പരിശുദ്ധരായിക്കൊണ്ട് പുറത്തുവരുന്നവരും ഭാഗ്യവാന്മാരാകുന്നു. അങ്ങനെയുള്ള പരിശുദ്ധി എന്നെന്നും നിലനില്ക്കുന്നതാണ്. അത്തരം പരിശുദ്ധി എന്നെന്നും അല്ലാഹുവിനോടുള്ള ആരാധനയുടെ കടമകൾ നിറവേറ്റുന്നവനാക്കിത്തീർക്കുന്നതാണ്.

റമളാനിൽ പ്രത്യേകമായ നിലയിൽ വിശുദ്ധഖുർആൻ പാരായണം ചെയ്യുന്നതിലേക്കും കേൾക്കുന്നതിലേക്കും ശ്രദ്ധയുണ്ടാകുന്നു. കുറഞ്ഞപക്ഷം വിശുദ്ധഖുർആനിന്റെ ഒരു ഖത്തമെങ്കിലും തീർക്കാൻവേണ്ടി ധാരാളം ആളുകൾ പരിശ്രമിക്കാറുണ്ട്. കാരണം ഇത് സുന്നത്താണ്. പക്ഷേ, അതിനോടൊപ്പം ഈ മാസത്തിൽ ഉണ്ടാകുന്ന വിശുദ്ധഖുർആൻ പാരായണത്തിനുള്ള ശ്രദ്ധയും ഏർപ്പാടും, ഇനി നമ്മൾ നിത്യവും പതിവായി വിശുദ്ധഖുർആന്റെ കുറച്ചുഭാഗമെങ്കിലും തിലാവത്ത് ചെയ്യുമെന്ന ബോധവും ഉണ്ടാക്കേണ്ടതാണ്. അല്ലാഹു നമസ്കാരങ്ങളുടെ വിവിധ സമയങ്ങളെ കുറിച്ചും അതിന്റെ പ്രാധാന്യത്തെകുറിച്ചും പറഞ്ഞിട്ടുള്ള സ്ഥലങ്ങളിൽ ഇങ്ങനേയും പറഞ്ഞിരിക്കുന്നു: **വ ഖുർആനൽ ഫജ്രി -ഇന്ന ഖുർആനൽ ഫജ്രി കാന മശ്ഹൂദ** അതായത് രാവിലെയുള്ള ഖുർആൻ പാരായണത്തിനും പ്രാധാന്യം നല്കുക. തീർച്ചയായും രാവിലെയുള്ള വിശുദ്ധഖുർആൻ പാരായണത്തിന് സാക്ഷ്യം നല്കപ്പെടുന്നതാണ്. അതുകൊണ്ട് വിശുദ്ധഖുർആനിന്റെ പാരായണം വെറും പ്രത്യേക ദിനങ്ങളിൽവരെ മാത്രം ഒതുക്കപ്പെട്ടിട്ടില്ല. മറിച്ച് നമസ്കാരങ്ങളോടൊപ്പം അത് വിവരിച്ചുകൊണ്ട് അതിന്റെ പ്രാധാന്യവും വിവരിക്കപ്പെട്ടിരിക്കുന്നു. പാരായണം ചെയ്യുന്നതിനോടൊപ്പം അത് മനസ്സിലാക്കേണ്ട ആവശ്യവും കൂടിയുണ്ട്. അല്ലാഹുവിന്റെ കല്പനകളെക്കുറിച്ചും നമ്മൾ അറിയുന്നതിനുവേണ്ടി അതിന്റെ തർജമ വായിക്കേണ്ട ആവശ്യവുമുണ്ട്. ഇക്കാലഘട്ടത്തിൽ പ്രത്യേകമായും അത് പതിവായി പാരായണം ചെയ്യേണ്ട ആവശ്യമാണുള്ളത്. മുസ്‌ലിം എന്നു പറയപ്പെടുന്നവരും അതിന്റെ അധ്യാപനം മറന്നിരിക്കുകയാണ്. ഹദ്റത്ത് മസീഹ് മൗഊദും(അ) ഈ ഭാഗത്തേക്ക് നമ്മുടെ ശ്രദ്ധതിരിച്ചുകൊണ്ട്, 'വിശുദ്ധഖുർആനെ ആദരിക്കുന്നവൻ ആകാശത്തിൽ ആദരിക്കപ്പെടും' എന്നും പറഞ്ഞു: ദൈവസവിധത്തിലെ ആദരവ് പ്രാപിക്കാൻ ആഗ്രഹിക്കാത്തത് ആരാണ്?ഹദ്റത്ത് മസീഹ് മൗഊദ്(അ) ആവർത്തിച്ചാവർത്തിച്ച് നമ്മളോട് പറഞ്ഞു,

'നിങ്ങൾ എന്റെ ബയ്അത്തിൽ വന്നിട്ടുള്ളവരാണ്. എപ്പോഴും ആരാധനകളിലൂടെയും ഉന്നതമായ സ്വഭാവങ്ങളിലൂടെയും നിങ്ങളുടെ ഉള്ളിൽ പരിശുദ്ധമാറ്റമുണ്ടാക്കിക്കൊണ്ട് പോകുക.' അവിടന്ന് ഒരിടത്ത് പറഞ്ഞു:മനുഷ്യൻ പരിശുദ്ധഹൃദയത്തോടും സത്യസന്ധതയോടും ആത്മാർഥതയോടുംകൂടി അനുവദനീയമല്ലാത്ത വഴികളുടേയും പ്രതീക്ഷകളുടേയും വാതിലുകൾ അടച്ചുകൊണ്ട് അല്ലാഹുവിന്റെ മുമ്പിൽ കൈ നീട്ടാത്തിടത്തോളം അല്ലാഹുവിന്റെ സഹായവും തുണയും അവന് ലഭിക്കുകയില്ല. പക്ഷേ, അല്ലാഹുവിന്റെ പടിവാതിൽക്കൽതന്നെ വീഴുകയും അവനോടു ചോദിക്കുകയും ചെയ്യുന്ന അവന്റെ ഈ അവസ്ഥ സഹായം ആകർഷിച്ചെടുക്കുകയും കാരുണ്യം കൊണ്ടുവരികയും ചെയ്യുന്നു. അല്ലാഹു ആകാശത്തുനിന്ന് മനുഷ്യന്റെ ഹൃദയത്തിലെ ഓരോ കോണുകളിലും എത്തിനോക്കുന്നു. ഏതെങ്കിലും കോണിൽ ഏതെങ്കിലും തരത്തിലുള്ള ഇരുട്ടോ ശിർക്കോ അനാചാരമോ അനാചാരത്തിന്റെ ഏതെങ്കിലും കണികയോ ഉണ്ടെങ്കിൽ അവന്റെ ദുആകളേയും ആരാധനകളേയും അവന്റെ മുഖത്തേക്കുതന്നെ മറിച്ചിടുന്നു. അവന്റെ ഹൃദയം എല്ലാതരത്തിലുള്ള ശരീരേച്ഛകളിൽനിന്നും ഇരുട്ടുകളിൽനിന്നും പരിശുദ്ധമാണെന്ന് കണ്ടാൽ അവനുവേണ്ടി കാരുണ്യത്തിന്റെ കവാടം തുറക്കുന്നു. അവനെ തന്റെ തണലിൽ കൊണ്ടുവന്ന് അവന്റെ പരിപാലനത്തിനുള്ള ഉത്തരവാദിത്വം സ്വയം ഏറ്റെടുക്കുന്നു.

അതുകൊണ്ട് നമ്മൾ സ്ഥിരമായി കരസ്ഥമാക്കിക്കൊണ്ടുപോകുന്നതിന് പരിശ്രമിക്കേണ്ട ആ നിലവാരം ഇതാണ്; നമ്മുടെ ആരാധനകൾ എപ്പോഴും അല്ലാഹുവിനുവേണ്ടി മാത്രമുള്ളതായിരിക്കുക. റമ

ളാനുശേഷവും നമ്മൾ നമ്മുടെ ആരാധനകളുടെ നിലവാരം നിലനിറുത്തുന്നവരാകുക. എല്ലാ ഓരോ നിമിഷവും അല്ലാഹുവിന്റെ തണലിൽ ഇരുന്നുകൊണ്ട് അവന്റെ പരിപാലനത്തിന്റെ അനുഗ്രഹം പ്രാപിച്ചുകൊണ്ടുപോകുക.

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: നിങ്ങളുടെ പുറവും അകവും ഒരുപോലെയാകാത്തിടത്തോളം അവന്റെ സന്നിധിയിൽ നിങ്ങൾ സ്വീകരിക്കപ്പെടുകയില്ല. വലിയവരായിരിക്കെ ചെറിയവരോടു കരുണ കാണിക്കുക; അവരെ പുച്ഛിക്കരുത്. പണ്ഡിതനായിക്കൊണ്ട് അജ്ഞരെ ഉപദേശിക്കുക; അല്ലാതെ അഹംഭാവം കാണിച്ച് അവരെ അപമാനിക്കരുത്. ധനികരായിരിക്കെ ദരിദ്രരെ സേവിക്കുക; പൊങ്ങച്ചം കാണിച്ച് അവരുടെമേൽ അഹങ്കരിക്കരുത്. നാശത്തിന്റെ വഴികളെ ഭയപ്പെടുക. ദൈവത്തെ ഭയപ്പെട്ടു കൊണ്ടിരിക്കുകയും തഖ്‌വ- ഭക്തിമാർഗം കൈക്കൊള്ളുകയും ചെയ്യുക. സൃഷ്ടികളെ ആരാധിക്കരുത്. നിങ്ങളുടെ യജമാനന്റെ പിന്നാലെ കൂടുന്നവരായിത്തീരുക. ഭൗതികതയിൽനിന്ന് വിരക്തരാവുകയും അവന്റേതുമാത്രമായിത്തീരുകയും അവനുവേണ്ടി മാത്രം ജീവിക്കുകയും അവനുവേണ്ടി എല്ലാവിധ മാലിന്യങ്ങളേയും പാപങ്ങളേയും വെറുക്കുകയും ചെയ്യുക. കാരണം അവൻ പരിശുദ്ധനാണ്. നിങ്ങൾ ദൈവഭക്തിയോടുകൂടി രാത്രി കഴിച്ചുകൂട്ടി എന്ന് ഓരോ പ്രഭാതവും നിങ്ങൾക്കായി സാക്ഷിപറയട്ടെ. നിങ്ങൾ ഭയന്ന് ഭയന്ന് പകൽ കഴിച്ചുകൂട്ടി എന്ന് ഓരോ പ്രദോഷവും നിങ്ങൾക്കായി സാക്ഷി പറയട്ടെ.

നോക്കിക്കൊണ്ടിരിക്കെ അപ്രത്യക്ഷമാകുന്ന ധൂമപടലങ്ങളെപ്പോലുള്ള ശാപവചനങ്ങളെ നിങ്ങൾ ഭയപ്പെടരുത്. പകലിനെ രാത്രിയാക്കാൻ അതിന് സാധ്യമല്ല. ആകാശത്തിൽനിന്നിറങ്ങുന്ന ദൈവശാപത്തെ നിങ്ങൾ ഭയപ്പെടുക. ആരിലാണോ അത് പതിക്കുന്നത് ഇരുലോകത്തുനിന്നും അത് അവനെ ഉന്മൂലനം ചെയ്യും. പ്രദർശനപരതകൊണ്ട് നിങ്ങൾക്ക് നിങ്ങളെ രക്ഷിക്കാൻ സാധ്യമല്ല. എന്തുകൊണ്ടെന്നാൽ മനുഷ്യന്റെ അന്തർഭാഗം വരെ നിങ്ങളുടെ ദൈവമായ ആ ദൈവത്തിന്റെ ദൃഷ്ടിയുണ്ട്. നിങ്ങൾക്ക് അവനെ വഞ്ചിക്കാൻ സാധിക്കുമോ? അതിനാൽ നിങ്ങൾ നേരെയാവുകയും പവിത്രരും പരിശുദ്ധരും നിഷ്ക്കളങ്കരുമായിത്തീരുകയും ചെയ്യുക. അണുമാത്ര അന്ധകാരം നിങ്ങളിൽ അവശേഷിക്കുന്നെങ്കിൽ നിങ്ങളുടെ സകല വെളിച്ചവും അതകറ്റിക്കളയുന്നതാണ്. നിങ്ങളുടെ ഏതെങ്കിലും ഭാഗത്ത് അഹങ്കാരമോ പ്രദർശനപരതയോ പൊങ്ങച്ചമോ അലസതയോ ഉണ്ടെങ്കിൽ നിങ്ങൾ സ്വീകരാർഹരാകുകയില്ല. കാര്യങ്ങൾ ചെയ്തുകൊണ്ട് ചെയ്യേണ്ടതെല്ലാം ചെയ്തിരിക്കുന്നുവെന്ന് നിനച്ച് സ്വയം വഞ്ചിതരാകരുത്. കാരണം നിങ്ങളുടെ അസ്തിത്വത്തിൽ സമ്പൂർണമായ പരിവർത്തനം ഉണ്ടാകണമെന്ന് അല്ലാഹു ആഗ്രഹിക്കുകയും നിങ്ങളിൽനിന്നൊരു മരണം ആവശ്യപ്പെടുകയും ചെയ്യുന്നു. അതിനുശേഷം അവൻ നിങ്ങളെ ജീവിപ്പിക്കുന്നതാണ്. അതിനാൽ നിങ്ങൾ എത്രയുംവേഗം പരസ്പരം ഐക്യപ്പെടുകയും നിങ്ങളുടെ സഹോദരങ്ങളുടെ തെറ്റുകുറ്റങ്ങൾ പൊറുത്തുകൊടുക്കുകയും ചെയ്യുക. എന്തുകൊണ്ടെന്നാൽ തന്റെ സഹോദരനുമായി ഐക്യത്തിന് ഇഷ്ടപ്പെടാത്തവൻ ദുഷ്ടനാണ്. അവൻ മുറിച്ചു നീക്കപ്പെടും. കാരണം അവൻ ഭിന്നിപ്പുണ്ടാക്കുന്നു. നിങ്ങൾ നിങ്ങളുടെ ഇന്ദ്രിയാശകളെ എല്ലാ വശത്തൂടേയും ഉപേക്ഷിക്കുകയും പരസ്പരമുള്ള വെറുപ്പ് കൈവെടിയുകയും ചെയ്യുക. നിങ്ങൾ പൊറുക്കപ്പെടുന്നവരാകാൻ സത്യവാനായിക്കൊണ്ട് കള്ളനെപോലെ വിനയം കൈക്കൊള്ളുക. ഏതൊരു വാതിലിലൂടെയാണോ നിങ്ങൾ വിളിക്കപ്പെടുന്നത് അതിലൂടെ കടക്കാൻ തടിച്ച ഒരാൾക്കു സാധ്യമല്ലാത്തതിനാൽ ശരീരേച്ഛകളുടെ വണ്ണം ഉപേക്ഷിക്കുക. ദൈവത്തിന്റെ വായിൽനിന്ന് പുറപ്പെടുകയും ഞാൻ വിവരിക്കുകയും ചെയ്ത ഇക്കാര്യങ്ങളെ അംഗീകരിക്കാത്ത മനുഷ്യൻ എത്രമാത്രം നിർഭാഗ്യനാണ്. ഉപരിലോകത്ത് അല്ലാഹു നിങ്ങളെ തൃപ്തിപ്പെടണമെന്നാഗ്രഹിക്കുന്നെങ്കിൽ ഒരമ്മപെറ്റ മക്കളെപ്പോലെ നിങ്ങൾ ഐക്യത്തിൽ വർത്തിക്കുവിൻ. സ്വന്തം സഹോദരന്റെ തെറ്റുകുറ്റങ്ങൾ അധികമായി പൊറുത്തുകൊടുക്കുന്നവനാണ് നിങ്ങളിലേറ്റവും ആദരണീയൻ. കടുംപിടിത്തം പിടിക്കുകയും പൊറുത്തുകൊടുക്കാതിരിക്കുകയും ചെയ്യുന്നവൻ അങ്ങേയറ്റം ഭാഗ്യം കെട്ടവനത്രെ! അതിനാൽ അവന് ഞാനുമായി ഒരു ബന്ധവുമില്ല. അവിടന്ന് പറയുന്നു:“ദുർവൃത്തൻ ദൈവസാമീപ്യം പ്രാപിക്കുകയില്ല. അഹങ്കാരി ദൈവസായൂജ്യം നേടുകയില്ല. അക്രമി അവന്റെ സാമീപ്യം സമ്പാദിക്കുകയില്ല. വഞ്ചകൻ അവന്റെ അടുക്കൽ സ്ഥാനം കരസ്ഥമാക്കുകയില്ല. അവന്റെ നാമത്തിൽ അഭിമാനം കൊള്ളാത്തവരാരും തന്നെ അവന്റെ സാമീപ്യം കൈവരിക്കുകയില്ല......നിങ്ങൾക്കുള്ള ഏറ്റവും പ്രധാനപ്പെട്ട ഒരു പാഠമിതാണ്. പിൻപുറം തള്ളിക്കളഞ്ഞ ഒരു ഗ്രന്ഥത്തെപ്പോലെ നിങ്ങൾ വിശുദ്ധ ഖുർആനെ തള്ളിക്കളയരുത്. കാരണം നിങ്ങളുടെ ജീവിതം അതിലാണ് നിലകൊള്ളുന്നത്. വിശുദ്ധ ഖുർആന് ബഹുമാനം നല്കുന്നവർ ആകാശത്തിൽ ബഹുമാനിക്കപ്പെടും. എല്ലാ ഹദീഥുകളെക്കാളും എല്ലാ വാക്കുകളെക്കാളും വിശുദ്ധ ഖുർആനെ മുന്തിക്കുന്നവർ ആകാശത്തിൽ മുന്തിക്കപ്പെടും. മനുഷ്യകുലത്തിന് ഭൂലോകത്ത് വിശുദ്ധ ഖുർആനല്ലാതെ മറ്റൊരു ഗ്രന്ഥവുമില്ല. ആദം സന്തതികൾക്ക് ഹദ്റത്ത് മുഹമ്മദു മുസ്തഫാ(സ)തിരുമേനിയല്ലാതെ ഒരു റസൂലോ ശിപാർശക്കാരനോ ഇല്ല. അതിനാൽ, ഈ പ്രതാപ ശാലിയായ നബിയോടു

ശേഷം പേജ് 42 ൽ

# ചില ആത്മീയ രോഗങ്ങൾക്ക് ശാരീരിക ചികിത്സയാണ് ആവശ്യം

ആത്മീയവും ധാർമികവുമായ ചില രോഗങ്ങൾക്ക് ആത്മീയ പരിശീലനം കൊണ്ടോ ആത്മീയ ചികിത്സ കൊണ്ടോ ഫലമുണ്ടാവില്ല. അതിന് വേണ്ടത് മരുന്നുകളുപയോഗിച്ചു കൊണ്ടുള്ള വൈദ്യശാസ്ത്ര ശാരീരിക ചികിത്സയാണ്. വിവ. മൗലവി നജീബ് ഖാൻ.

ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹമദ് (റ)

### പാപത്തിന് വിധേയമായിത്തീരുന്ന മൂന്നു രീതികൾ

മൂന്ന് വിധത്തിലാണ് പാപത്തിന് അടിമപ്പെടുന്നത്. ഒന്നാമത്തേത്, ചില വ്യക്തികൾക്ക് ചില തിന്മകളെക്കുറിച്ച് വേണ്ട ജ്ഞാനമില്ലാത്തതിനാൽ പാപത്തിനു കീഴ്പ്പെട്ടുപോകുന്നു. വലുതും അറിയപ്പെട്ടതുമായ തിന്മകൾ എല്ലാവർക്കും അറിയാമെന്നതിനാൽ അതിനെക്കുറിച്ച് ഒരു തരത്തിലും സംശയവുമില്ല. കളവ്, കൊള്ള, വ്യഭിചാരം, വ്യാജം തുടങ്ങിയ തിന്മകളിൽ നിന്നു രക്ഷപ്പെട്ടു നിൽക്കേണ്ടതാണെന്ന് എല്ലാവർക്കും അറിവുള്ളതാണ്. എന്നാൽ എല്ലാ രീതിയിലും പൂർണമാകാത്ത ഒരു ഭവനം സുരക്ഷിതമല്ല.

ഏതുപോലെ, നാലു വശവും മതിൽ പണിതതിനു ശേഷം മേൽക്കൂര ഇല്ലെങ്കിൽ ആ ഭവനം മഴയിൽ നിന്നും വെയിലിൽ നിന്നും സുരക്ഷിതമായിരിക്കുകയില്ലയോ അത്പോലെയാണിത്. അത് പൂർണമാകുന്നതിന് മേൽക്കൂരയും വെന്റിലേഷനും ജനലുകളും വേണ്ടതാണ്. ഇതുപോലെ തിന്മകളുടെ എല്ലാഭാഗങ്ങളെയും ശ്രദ്ധിക്കാതെ മനുഷ്യന് പൂർണമായ രീതിയിൽ പരിശുദ്ധനായിത്തീരാൻ സാധിക്കുന്നതല്ല. ഗഹനവും അഗാധവുമായ പഠനവും, കഠിനമായ പരിശ്രമവുമില്ലാതെ ഗോപ്യമായിട്ടുള്ള തിന്മകളെക്കുറിച്ചുള്ള അറിവ് ലഭ്യമാവുകയില്ല. എല്ലാ കർമങ്ങളും സംരക്ഷണം നൽകുന്നതിനായി ചില കാര്യങ്ങൾ ഉള്ളതുപോലെ അലങ്കാരത്തിനായും ചില കാര്യങ്ങൾ ഉണ്ട്. ഭംഗി പ്രദാനം ചെയ്യുന്ന കാര്യങ്ങൾ വിട്ടുപോവുകയാണെങ്കിൽ അതിൽ കാര്യമായ പ്രശ്നങ്ങൾ ഒന്നും തന്നെയുണ്ടാകുന്നില്ല. എന്നാൽ, സുരക്ഷ പ്രദാനം ചെയ്യുന്ന കാര്യങ്ങൾ വിട്ടുപോയാൽ ആ സാധനം അപൂർണ മാണന്ന് മനസ്സിലാക്കാവുന്നതാണ്. ഉദാഹരണത്തിന്, ആരെങ്കിലും ഒരു ഭവനം നിർമിക്കുകയാണെങ്കിൺ അതിന് വാതിലുകളും ജനലുകളും വെന്റിലേഷനുകളും ഒന്നും വെച്ചിട്ടില്ലെങ്കിൽ അതു പൂർണമാവുകയില്ല. എന്നാൽ നിലം പൂശുകയോ തേക്കുകയോ ചെയ്തിട്ടില്ലെങ്കിൽ ഭംഗിയുണ്ടാവുകയില്ലെങ്കിലും സുരക്ഷക്ക് ന്യൂനതകൾ ഉണ്ടാവുകയില്ല. ഇതുപോലെ ചില തിന്മകളെ കുറിച്ച് ബോധമില്ലാത്ത ഒരാൾ താൻ വിജയിക്കുമെന്ന് വിചാരിച്ചുകൊണ്ട് രാത്രിയും പകലും ഇതിനു വേണ്ടി പരിശ്രമിച്ചു കൊണ്ടിരുന്നാൽ വിജയം പ്രാപിക്കുകയില്ല. കാരണം ഇതുപോലെ ഊന്നൽ നല്കേണ്ട കാര്യങ്ങളിലേക്ക് ശ്രദ്ധ കൊടുക്കാതെയും, വിട്ടുനില്ക്കേണ്ട കാര്യങ്ങളിൽ നിന്ന് അകന്നു നില്ക്കാൻ സാധിക്കാതെയും പൂർണതക്ക് വേണ്ടി പരിശ്രമിക്കുകയെന്നത് തെറ്റല്ലാതെ മറ്റെന്താണ്? എല്ലാ വശങ്ങളെയും ശ്രദ്ധിക്കാതെ വിജയം കൈവരിക്കുക സാധ്യമല്ല. ചുരുക്കത്തിൽ ചില തിന്മകളിൽ നിന്ന് അശ്രദ്ധനായിരിക്കുന്ന ഒരാൾ ഒരിക്കലും വിജയിക്കുകയില്ല. ആയതിനാൽ മനുഷ്യന് ആദ്യം തന്നെ എല്ലാ തിന്മകളെയും കുറിച്ച് ബോധമുണ്ടായിരിക്കേണ്ടതാണ്. പാപിയാകാനുള്ള രണ്ടാമത്തെ കാരണം, മനുഷ്യന് തിന്മയെക്കുറിച്ച് ബോധമുണ്ടായിട്ടും ചില സന്ദർഭങ്ങളിൽ ആവേശം അലതല്ലുകയും എല്ലാം മറന്നുകൊണ്ട് തിന്മക്ക് അടിപ്പെട്ട് പോകുകയും ചെയ്യുന്നു എന്നതാണ്. ഉദാഹരണത്തിന്, കളവ് പാടില്ലെന്ന് അറിഞ്ഞിട്ടും ചിലപ്പോൾ അതു പറഞ്ഞു

പോകുന്നു.

പിന്നീട് ആ തിന്മയെക്കുറിച്ച് പശ്ചാത്തപിക്കുന്നു. ഇതുപോലെ ചീത്ത പറയുന്നത് തെറ്റാണെന്ന് ഒരാൾ മനസ്സിലാക്കിയാലും ചില പ്പോൾ പറഞ്ഞു പോകുന്നു. അതിനു ശേഷം അതിന്റെ വിഷമത്തിൽ കരയുകയും ചെയ്യു ന്നു. ആദ്യം തിന്മകളെക്കുറിച്ച് അറിവില്ലായിരുന്നു. എന്നാൽ, അടുത്ത തടസ്സം തിന്മകളെക്കുറിച്ച് അറിവുണ്ടായിട്ടും എല്ലാം മറന്നു കൊണ്ട് ചില സമയങ്ങളിൽ ഒരു നിമിഷ നേരത്തേക്ക് ആവേശം ഉച്ചിയിൽ എത്തുകയും പാപ ഗ്രസ്തനാവുകയും അതിന് ശേഷം സങ്കടപ്പെടുകയും ചെയ്യുന്നു.

ഇവക്കു പുറമെ ചില സന്ദർഭങ്ങളിൽ മനുഷ്യൻ തെറ്റാ ണെന്ന് ബോധ്യമുള്ള പ്രവൃത്തി തന്നെ ചെയ്യുന്നു എന്നതാണ് പാപിയായിത്തീരുന്ന മൂന്നാമത്തെ രീതി. ആ തെറ്റ് ചെയ്യുമ്പോഴും അത് തെറ്റാണെന്ന് അറിയാം. എന്നാലും ചെയ്ത് പോകുന്നു. ഉദാഹരണ ത്തിന് നുണ പറയുന്നത് തെറ്റാ ണെന്ന് ഒരു വ്യക്തി മനസ്സിലാ ക്കിയിട്ടും അത് പറയുമ്പോൾ അല്ലാഹു തന്നോട് കോപിക്കുമെന്ന് അറിഞ്ഞിട്ടും അവൻ നുണ പറയു ന്നു. ഇതുപോലെ പരദൂഷണം തെറ്റാണെന്നും അത് ദൈവത്തിന് അതൃപ്തിയുള്ളതാണെന്ന് അറി ഞ്ഞിട്ടും ചില സമയങ്ങളിൽ അതിൽ നിന്ന് അകന്ന് നിൽക്കാതെ ആത്മാവ് അവനെ തിന്മയിലേക്ക് നിർബന്ധിക്കുന്നു, ഇത്തരത്തിലു ള്ള മൂന്ന് തടസ്സങ്ങളാണ് മനുഷ്യന് തിന്മയിൽ നന്ന് രക്ഷിച്ചു നിർത്തു ന്നതിന് അഭിമുഖീകരിക്കേണ്ടി വരുന്നത്.

ഇർഫാനെ ഇലാഹി കരസ്ഥ മാക്കാൻ രണ്ടാമത്തെ കാൽവെപ്പ് എടുക്കുന്നതിന് വേണ്ടി ഈ മൂന്ന് തടസ്സങ്ങളും അകറ്റേണ്ടത് വളരെ അനിവാര്യമാണ്. ഞാൻ ഈ തടസ്സങ്ങളെ ദൂരീകരിക്കേണ്ട പ്രതിവിധി വിശദീകരിക്കുന്നതിനു മുമ്പായി അടിസ്ഥാനപരമായ ഒരുചികിത്സയെ കുറിച്ച് പറയുക യാണ്. ഒരു കർമം തിന്മയാണെന്ന് മനസ്സിലാകാത്ത് ആദ്യഗണത്തിൽ പെട്ട വ്യക്തികളെ മാറ്റി നിറുത്തി മറ്റു രണ്ട് ഗണത്തിൽ പെട്ട വ്യക്തികളുമായിട്ടാണ് ഇതിന് ബന്ധമുള്ളത്. അധികം ന്യായ പ്രമാണമനുസരിച്ചുള്ള തിന്മകൾക്ക് വിധേയരാകുന്നവർ ന്യായപ്രമാണ മനുസരിച്ചുള്ള പാപത്തിന്റെ കുറ്റ വാളികൾ ആകുന്നില്ല. മറിച്ച് അവർ ഏതെങ്കിലും ശാരീരികമായ രോഗ ത്തിന്റെ അടിമകൾ ആയിരിക്കു മെന്ന കാര്യം പ്രവാചകന്മാരെയും ഔലിയാക്കളെയും കൂടാതെ ഇന്ന് ലോകത്ത് വളരെ കുറച്ച് പേർ മാത്രമേ മനസ്സിലാക്കിയിട്ടുള്ളൂ. ഒരു പ്രകാരത്തിൽ പറഞ്ഞാൽ ആരും തന്നെ മനസ്സിലാക്കിയിട്ടില്ല എന്ന് വിലയിരുത്തേണ്ടി വരും.വളരെ വിശാലമായ ഈ വിഷയത്തെ കുറിച്ച് അല്ലാഹു എനിക്ക് പ്രത്യേകമായ അറിവ് പ്രദാനം ചെയ്തിട്ടുണ്ട്. ഇതിനെകുറിച്ച് വിശദമായി എഴുതണമെന്ന് ഞാൻ ഉദ്ദേശിക്കുന്നു. ഈ അറിവ് പൂർണ മാവുമ്പോൾ ആത്മീയരോഗികളെ ന്ന് പറയപ്പെടുന്നവർ ഭൗതിക ഡോക്ടർമാരുടെ അടുത്ത് പോകു ന്നതാണ്. ഈ കാലത്ത് വലിയ വലിയ ഡോക്ടർമാരുടെ ശ്രദ്ധ ഈ ഭാഗത്തേക്ക് തിരിഞ്ഞിട്ടുണ്ടെങ്കിലും അവരുടെ ഗവേഷണങ്ങൾ ഇതു വരെ ശൈശവഘട്ടത്തിൽ തന്നെ യാണ്. എന്നാൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇതിനെ സംബ ന്ധിച്ച് എനിക്ക് നല്കപ്പെട്ട അറിവ് അവരുടെ ഗവേഷണങ്ങളേക്കാൾ വളരെ വിശാലമാണ്. എനിക്ക് മുമ്പ് ആർക്കും നൽകപ്പെടാത്ത പുതിയ അറിവുവൊന്നുമല്ല ഇത്.

അല്ലാഹുവിന്റെ ഭക്തരും പ്രിയപ്പെട്ടവരുമായ ദാസന്മാർക്ക് ഈ അറിവ് നല്കിക്കൊണ്ടിരുന്നിട്ടു ണ്ട്. വിശുദ്ധഖുർആനിലും വിവരി ച്ചിട്ടുണ്ട്. ഇതിനെ സംബന്ധിച്ച് ഹദ്റത്ത് മസീഹ് മൗഊദ് (അ) ന് നല്കിയിട്ടുള്ള അറിവുകൾ തന്റെ ഗ്രന്ഥങ്ങളിൽ താത്വികമായി അദ്ദേഹം വിവരിച്ചിട്ടുണ്ട്. എന്നാൽ സാധാരണ ജനങ്ങൾ ഇതിനെ കുറിച്ച് മനസ്സിലാക്കുകയോ അതിൽ നിന്ന് പ്രയോജനം എടുക്കുകയോ ചെയ്തിട്ടില്ല എന്നത് വളരെ ഖേദകരം തന്നെയാണ്. അല്ലാഹു വിശാലമായ രീതിയിൽ ഇതിനെ കുറിച്ച് എനിക്ക് അറിവ് നല്കി യിരിക്കുന്നു. ഇതിനെ സംബന്ധിച്ച് ഗവേഷണങ്ങൾ നടത്തിയപ്പോൾ ചില പാപികൾ ഭൗതിക ശിക്ഷ ഭിഷഗ്വരന്മാരുടെ അടുത്തും മറ്റു ചിലർ ആത്മീയ സിദ്ധന്മാരുടെ അടുത്തും പോകണമെന്ന തര ത്തിൽ ശരിഅത്ത് പരമായ തിന്മ കളെ തരംതിരിക്കണമെന്ന നിഗമന ത്തിലാണ് ഞാൻ എത്തിച്ചേർന്നത്. ചില മനുഷ്യർ ശരിഅത്ത് പരമായ തെറ്റുകൾ ചെയ്യുന്നത് ശാരീരിക മായ അസുഖം കാരണത്താലായിരി ക്കും എന്നതിനെ കുറിച്ചും ഞാൻ ഗവേഷണം നടത്തിയിട്ടുണ്ട്. എങ്ങനെയുള്ളവരാണ് ഭൗതിക ഡോക്ടർമാരുടെയും, ആത്മീയ ഡോക്ടർമാരുടെയും അടുത്ത് പോകേണ്ടതെന്ന കാര്യത്തിൽ വ്യക്തമായ തീരുമാനം ഉണ്ടാകു മ്പോൾ മാത്രമാണ് ഗവേഷണങ്ങൾ സമർപ്പിക്കാൻ സാധിക്കുകയുള്ളൂ. ഒരാളുടെ വളരെ ചെറിയ കാര്യം പോലും മറ്റൊരാളിൽ പ്രഭാവം ചെലുത്തുന്ന രീതിയിൽ ആത്മാ വും ശരീരവും തമ്മിൽ വളരെ ശക്തമായ ബന്ധമുണ്ട് എന്നതാണ് വാസ്തവം. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇതിനെ സംബന്ധിച്ച് വിശദീകരിച്ചുകൊണ്ട് ശരീരത്തിന് അസുഖം ബാധിക്കുമ്പോൾ ആത്മാവിനേയും അത് ബാധി ക്കുമെന്ന് പറഞ്ഞിട്ടുണ്ട്. കഠിനമായ വേദനയും വിഷമവും ഉണ്ടാകു മ്പോൾ മനുഷ്യന് സമാധാന ചിത്തനായി പ്രാർഥിക്കാൻ സാധി ക്കാത്തത് ആത്മാവിന്റെ രോഗ മല്ലേ? തീർച്ചയായും അതുതന്നെ യാണ്. എന്നാൽ അതിന്റെ ചികിത്സ ഭൗതിക ഡോക്ടറുടെ അടുത്താണ് ആത്മീയ സിദ്ധന്റെ അടുത്തല്ല. പൂർവികർ എഴുതിയ ഇക്കാര്യങ്ങൾ

ഇപ്പോൾ അല്ലാഹു എനിക്ക് മനസ്സിലാക്കിത്തന്നിരിക്കയാണ്. ഭൗതിക വസ്തുക്കളുടെ ശേഖരങ്ങൾ അവസാനിക്കാതെ അത് ദിനംപ്രതി അധികമായി വെളിപ്പെട്ടുകൊണ്ടിരിക്കുന്നത് പോലെ സമയാസമയങ്ങളിൽ ഈ ആത്മീയ അറിവുകൾ വെളിപ്പെട്ടുകൊണ്ടിരിക്കുന്നു. ഇത്തരം അറിവുകളുടെ കവാടങ്ങൾ അല്ലാഹു ഇക്കാലത്ത് ഹദ്റത്ത് മസീഹ് മൗഊദ ്(അ) മുഖേനയാണ് തുറന്നിരിക്കുന്നത്. അദ്ദേഹത്തിന് ശേഷം അദ്ദേഹത്തിന്റെ ഖലീഫമാർ കൂടുതലായി ഇതിനെ വിശദീകരിക്കുന്നതാണ്. എനിക്ക് ഇത് വിശദീകരിക്കാൻ അവസരം കിട്ടുമോയെന്ന് അറിയില്ല. ഇപ്പോഴും ഞാൻ മരുന്നു കഴിച്ചിട്ടാണ് പ്രസംഗത്തിനായി നിൽക്കുന്നത് എന്നാൽ നിങ്ങൾ ഇക്കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കണമെന്ന് ഞാൻ നിർബന്ധമായും പറയുകയാണ്.

## വൈദ്യശാസ്ത്രത്തിലൂടെ ചില ആത്മീയ രോഗങ്ങൾക്ക് പരിഹാരം സാധ്യമാണ്

ഭൗതിക വൈദ്യന്മാരെക്കൊണ്ട് ചികിത്സിക്കാൻ സാധിക്കുന്ന അനവധി ആത്മീയ രോഗങ്ങൾ ഉണ്ട്. വിശുദ്ധ ഖുർആൻ വായിക്കുകയും മനസ്സിലാക്കുകയും അതനുസരിച്ച് പ്രവർത്തിക്കാൻ ശ്രമിക്കുകയും ചെയ്യുന്ന ഒരാളിൽ നിന്ന് ചില തിന്മകൾ പ്രകടമാകാറുണ്ട്. അങ്ങനെയുള്ള ഒരു വ്യക്തി തനിക്ക് എന്തെങ്കിലും തരത്തിൽ നാഡീസംബന്ധമായ രോഗം ഉണ്ടാകാം എന്ന് സംശയിച്ചുകൊണ്ട് ഭൗതിക വൈദ്യനിൽ നിന്ന് തന്നെ ആരോഗ്യത്തെ കുറിച്ച് അഭിപ്രായം തേടേണ്ടതാണ്. ഇപ്പോൾ നമ്മുടെ രാജ്യത്ത് നാഡീ സംബന്ധമായ രോഗങ്ങളുടെ ചികിത്സയിലേക്ക് വൈദ്യന്മാർ വളരെ കുറഞ്ഞ ശ്രദ്ധയേ കൊടുക്കുന്നുള്ളൂ. എന്നാൽ നാഡീ സംബന്ധമായ ചികിത്സയിലൂടെ മനുഷ്യൻ തന്റെ ആത്മീയതയിൽ വ്യക്തമായ പുരോഗതി അനുഭവിച്ചറിയാനും, തിന്മകളിൽ നിന്ന് അകന്ന് നില്ക്കാനുമുള്ള ശക്തി അവനിൽ ഉത്ഭൂതമാക്കുവാനും, തന്റെ വികാരങ്ങളെ നിയന്ത്രിച്ച് നിർത്താനുമുള്ള സാധ്യതയുടെ കഴിവിനെ അവന് തിരിച്ചറിയാനും കഴിയുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. എന്നാൽ സദാ തിന്മയിൽ നിന്ന് അകന്ന് നിൽക്കാൻ കഴിയാതെ വരുന്നത് ശാരീരിക പീഡയുടെ ഫലമായിരിക്കുമെന്ന് കരുതുന്നത് ശരിയല്ലെന്ന കാര്യവും ഓർത്തിരിക്കണം. എന്നാൽ സാധാരണയായി അങ്ങനെ ആകാറുമുണ്ട്. ചിലപ്പോൾ ശിക്ഷയായിട്ടും മറ്റു ചിലപ്പോൾ ശീലമെന്നനിലക്കും മനുഷ്യനിൽ ഈ അവസ്ഥ സംജാതമാകാറുണ്ട്. മേൽ പറഞ്ഞ രണ്ട് അവസ്ഥകളിൽ ആദ്യം പറഞ്ഞ അവസ്ഥക്കുള്ള ചികിത്സ ആത്മീയ ചികിത്സയിൽ നൈപുണ്യം കരസ്ഥമാക്കിയവർക്ക് മാത്രമേ ചെയ്യാൻ കഴിയുകയുള്ളൂ. രണ്ടാമത് പരാമർശിച്ച ചികിത്സ ആത്മീയ നൈപുണ്യം നേടിയവർക്കും മന:ശാസ്ത്ര വിദഗ്ധർക്കും നടത്താവുന്നതാണ്.

എന്നാൽ ഇതൊരു പൊതു തത്ത്വമായി എടുക്കരുത്. ഒരാൾ തെറ്റിൽ നിന്ന് രക്ഷപ്പെടാൻ ശ്രമിച്ചിട്ടും രോഗം കാരണത്താൽ അയാൾക്ക് അതിൽ നിന്ന് രക്ഷപെടാൻ കഴിയുന്നില്ലെങ്കിൽ പിന്നെ അയാൾക്ക് ശിക്ഷ എന്തിനാണ് എന്ന് ആരെങ്കിലും ചോദിച്ചാൽ അതിനു മറുപടി അയാൾ എന്തുകൊണ്ട് ചികിത്സ നടത്തിയില്ല അതുകൊണ്ടാണ് ശിക്ഷ എന്നാണ്. ഇത് അയാളുടെ തെറ്റാണ്. മറ്റാരുടെയും അല്ല. എനിക്ക് സമയം ലഭിച്ചാൽ ഈ ഗവേഷണം ഞാൻ പൂർത്തീകരിക്കുന്നതാണ്. എന്നാൽ എനിക്ക് പൂർത്തീകരിക്കാൻ കഴിഞ്ഞില്ലെങ്കിൽ ആത്മീയ രോഗത്തിന് ഭൗതിക വൈദ്യൻ മുഖേന ചികിത്സ സാധ്യമാണെന്ന കാര്യം മുൻ നിർത്തി നിങ്ങൾ സ്വന്തം നിലയിൽ പരിശ്രമിച്ചുകൊണ്ടിരിക്കണമെന്ന കാര്യം നിങ്ങൾ ഓർമയിൽ വെച്ചുകൊള്ളുക. ലോകത്ത് ഒരു വിപ്ലവം സംജാതമാകുന്നതിനും ലോകം അഭിവൃദ്ധിയിൽ ഒരുപടി മുന്നിൽ എത്തുന്നതിനുമായി ഈ ഭാഗത്ത് ശ്രദ്ധിക്കുന്നവരെയും അതിന് വേണ്ടി പരിശ്രമിക്കുന്നവരെയും നിങ്ങൾ നിങ്ങളുടെ ഗവേഷണങ്ങൾ കൊണ്ട് സഹായിക്കുക. ഈ സന്ദർഭത്തിൽ ഞാൻ ഇത്രമാത്രം പറയാം. ചില ആത്മീയ രോഗികൾക്കുള്ള ചികിത്സക്കായി ഏതെങ്കിലും ആത്മീയജ്ഞാനിയുടെയോ അല്ലാഹുവിന്റെ വലിയ്യ് (വരിഷ്ഠ ദാസൻ)മാരുടെയോ അടുത്ത് പോകേണ്ടതില്ല. മറിച്ച് ഏതെങ്കിലും വൈദ്യനെയോ ഡോക്ടറേയോ അന്വേഷിക്കേണ്ടതാണ്. കാരണം, ഇങ്ങനെയുള്ള രോഗങ്ങൾ ഒന്നുകിൽ നാഡീ ബലക്ഷയം കൊണ്ടോ അല്ലെങ്കിൽ തലച്ചോറിലെ ഞരമ്പുകളുടെ ന്യൂനതകൊണ്ടോ അതുമല്ലെങ്കിൽ പ്രത്യേകമായ ചില രോഗങ്ങൾ കാരണമായോ ഉണ്ടാകുന്നതായിരിക്കും. ഉദാഹരണത്തിന് വ്യഭിചാരം ചില സന്ദർഭങ്ങളിൽ ധാർമികമോ മതപരമോ ആയ കുറ്റമാവുകയില്ല. തലച്ചോറിലെ ഏതെങ്കിലും പ്രത്യേകമായ രോഗത്തിന്റെ ഫലമായിരിക്കും. ഇതു പോലെ ചില കൊള്ളയും കളവുകളും, വ്യാജവും ചില പ്രത്യേകമായ ന്യൂനതകൾ നിമിത്തമായിട്ടായിരിക്കും വെളിപ്പെടുന്നത്. ഇതിന്റെയൊക്കെ ചികിത്സ ശാരീരിക ചികിത്സയിലൂടെയല്ലാതെ ആത്മീയപരമായ പരിശീലനം കൊണ്ട് നല്ല രീതിയിൽ സാധ്യമല്ല. എന്റെ ഗവേഷണം ഇതുവരെ പൂർണമായിട്ടില്ലാത്തതിനാൽ ഇപ്പോൾ വിശദമായി വിവരിക്കുക സാധ്യമല്ല. അതുകൊണ്ട് മറ്റൊരു സമയത്തേക്ക് എനിക്ക് തന്നെയോ അല്ലെങ്കിൽ അല്ലാഹു ഇതു വിശദീകരിക്കാൻ കഴിവു നല്കുന്ന നിങ്ങളിൽ നിന്നുള്ള ആർക്കെങ്കിലും വേണ്ടിയോ മാറ്റിവെക്കുകയാണ്. (ഇർഫാനെ ഇലാഹി, എന്ന പുസ്തകത്തിൽ നിന്ന് വിവ: നജീബ് ഖാൻ)

# ദൈവ സംപ്രാപ്തി

1906 ഡിസംബർ 27 ാം തീയതി വാഗ്ദത്ത മസീഹ് ഹദ്റത്ത് മസീഹ് മഊദ് (അ) ഖാദിയാനിലെ മസ്ജിദ് അഖ്സയിൽ വാർഷിക സമ്മേളനത്തിൽ ചെയ്ത മുഖ്യ പ്രഭാഷണമാണിത്. ഇതിൽ പരിശുദ്ധ കലിമയുടെ യഥാർഥ്യം, നമസ്ക്കാരത്തിന്റെ പ്രാധാന്യം, അല്ലാഹുവിന്റെ ഏകസത്ത, ഇസ്ലാമിന്റെ അഞ്ചു അനുഷ്ഠാന കർമങ്ങൾ എന്നീ ശിക്ഷണപരമയ വിഷയങ്ങൾ ഉൾക്കൊള്ളുന്നു. പ്രസ്തുത പ്രഭാഷണത്തിന്റെ വിവർത്തനമാണ് ഈ ലേഖനം. വിവർത്തകൻ: മുഹമ്മദ് ഉമർ, കോഴിക്കോട്

**ഹദ്റത്ത് അഹ്മദ്(അ)**

സഹോദരന്മാരെ ശ്രദ്ധാപൂർവം ശ്രവിക്കുക. എന്റെ ശരീരത്തിന് സുഖം പോര നിന്നുകൊണ്ട് ദീർഘനേരം സംസാരിക്കുവാൻ എനിക്ക് സാധ്യമല്ല. എന്നിട്ടും എന്റെ വാക്കുകൾ കേൾക്കുവാൻ ദൂരെ ദൂരെ സ്ഥലങ്ങളിൽ നിന്നും ജനങ്ങൾ വന്നിരിക്കുന്നതുകൊണ്ട് ഞാൻ ഒന്നും പറയാതിരിക്കുന്നത് കുറ്റമാണെന്ന് കരുതുന്നു. അതുകൊണ്ട് ശരീരാസ്വാസ്ഥ്യം ഉണ്ടായിട്ടും അല്ലാഹു എനിക്ക് തന്ന ഹിദായത്തിനെ നിങ്ങളിൽ എത്തിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. തങ്ങൾ മുസ്ലിംകളാണെന്നും ലാ ഇലാഹ ഇല്ലല്ലാഹു എന്ന കലിമ ഉരുവിടുന്നവരാണെന്നും ഉള്ളത് കൊണ്ട് മാത്രം നിങ്ങൾ സംതൃപ്തരാവരുത്. ഞാൻ പലവുരു പറഞ്ഞിട്ടുള്ളതാണിത്. അല്ലാഹു വെറും അധരവ്യായാമം കൊണ്ടും വെറും പറച്ചിൽ കൊണ്ടും ഒരിക്കലും സംതൃപ്തനാവുന്നതല്ല എന്ന കാര്യം ഖുർആൻ പാരായണം ചെയ്യുന്നവർക്ക് ബോധ്യമാവും. പ്രവർത്തിക്കുകയും കർമപരമായി തങ്ങളിൽ ഒരു പരിവർത്തനം വരുത്തുകയും ചെയ്യുന്നത് വരെ വെറും വാക്കുകളാൽ ഒരു നന്മയും മനുഷ്യനിൽ സംജാതമാകുന്നില്ല. യഹൂദികളിലും ഒരു കാലം ഉണ്ടായിരുന്നു. അവരിൽ വെറും വാചാലാതയും വാചകമടികളാൽ മാത്രം തൃപ്തിപ്പെടുന്ന അവസ്ഥയും ഉണ്ടായിരുന്നു. നാവുകൊണ്ട് പലതും പറയാമെങ്കിലും ഹൃദയങ്ങളിൽ വിവിധ തരത്തിലുള്ള മലിനമായ ചിന്താഗതികളും വിഷലിപ്തമായ വിചാരങ്ങളും നിറഞ്ഞു കിടന്നിരുന്നു. അതുകൊണ്ടാണ് ആ സമുദായത്തിനു പല വിധത്തിലുള്ള ശിക്ഷകളും ഇറങ്ങുകയുണ്ടായത്. അവർക്ക് പല വിധത്തിലുള്ള ആപത്തുകളും പരീക്ഷണങ്ങളും ഇറക്കി. അവർ അപമാനിതരായി. അവരെ കുറിച്ച് പന്നികളെന്നും കുരങ്ങുകളെന്നും വിശേഷിപ്പിച്ചു.

ശ്രദ്ധേയമായ കാര്യമാണിത്. അവർ തൗറാത്തിൽ വിശ്വാസിച്ചിരുന്നില്ലേ? തീർച്ചയായും വിശ്വസിച്ചിരുന്നു. നബിമാരിലും വിശ്വസിച്ചിരുന്നു. എന്നാൽ വെറും നാവുകൊണ്ടുള്ള വിശ്വാസ പ്രകടനത്തെ അല്ലാഹു ഇഷ്ടപ്പെട്ടിരുന്നില്ല. കാരണം അവരുടെ ഹൃദയങ്ങൾ നാവുകൾക്കനുസൃതമായതായിരുന്നില്ല. ഒരു കാര്യം നന്നായിട്ട് മനസ്സിലാക്കുക. ഒരാൾ നാവുകൊണ്ട് താൻ അല്ലാഹുവിനെ ഏകനും പങ്കുകാരനില്ലാത്തവനുമാണെന്നും റസൂൽ തിരുമേനി (സ) അല്ലാഹുവിന്റെ ദൂതനാണെന്നും അതേ പ്രകാരം എല്ലാ ഈമാനിയായ കാര്യങ്ങളിലും വിശ്വസിക്കുന്നവനാണെന്നും പറയുന്നുവെങ്കിലും ഈ പ്രതിജ്ഞ വെറും നാവുകൊണ്ട് മാത്രമായി പറയുകയും ഹൃദയം ഏറ്റു പറയാതിരിക്കുകയും ചെയ്യുന്നില്ലെങ്കിൽ അതൊരു വെറും വായ് കൊണ്ടുള്ള പറയൽ മാത്രമായിരിക്കും. ഏത് വരെ മനുഷ്യന്റെ ഹൃദയം ഈമാൻ കൊള്ളുന്നില്ലയോ അതുവരെ അവനു മോക്ഷം ലഭിക്കുന്നതല്ല. പ്രവൃത്തി മുഖേന തന്റെ വിശ്വാസം പ്രകടമാകാത്തത് വരെ ഉണ്ടാകുന്നതല്ല.

ഞാൻ സത്യമാണ് പറയുന്നത്, ഏത് വരെ എല്ലാം തന്നെ ത്യജിച്ചുകൊണ്ട് അല്ലാഹുവിലേക്ക് ശ്രദ്ധ ചെലുത്തുകയും യഥാർഥത്തിൽ ദുൻയാവിനേക്കാൾ ദീനിനു പ്രാധാന്യം കല്പിക്കുകയും ചെയ്യുന്നില്ലയോ മനുഷ്യനു തന്റെ

ജീവിതോദ്ദേശ്യം സഫലമായിത്തീരുന്നതല്ല.

നോക്കുക, മനുഷ്യന് സൃഷ്ടികളെ വഞ്ചിക്കുവാൻ സാധിക്കും. ഒരാളെ കുറിച്ച് അയാൾ അഞ്ച്നേരം നമസ്കരിക്കുന്നയാളാണെന്നും വളരെയധികം നന്മകൾ ചെയ്യുന്ന ആളാണെന്നും കരുതി ജനങ്ങൾ വഞ്ചിക്കപ്പെടാൻ സാധിക്കും. എന്നാൽ അല്ലാഹുവിനെ വഞ്ചിക്കുവാൻ സാധിക്കുന്നതല്ല. അതുകൊണ്ട് നമ്മുടെ പ്രവർത്തനങ്ങളിലും കർമങ്ങളിലും ആത്മാർഥത ഉണ്ടാകേണ്ടതാണ്. ഈയൊരു കാര്യമാണ് കർമങ്ങളിൽ സൗന്ദര്യവും സഫലതയും സംജാതമാകുന്നതും.

നാം ദിവസവും ചൊല്ലുന്ന കലിമയുടെ അർഥമെന്താണ്? തന്റെ ആരാധ്യനും അനുരക്തനും ജീവിത ലക്ഷ്യവും അല്ലാഹു ഒരുവൻ മാത്രമാണെന്ന് നാവു കൊണ്ട് ഏറ്റു പറയുകയും ഹൃദയം കൊണ്ട് സാക്ഷ്യപ്പെടുത്തുകയും ചെയ്യുകയാണല്ലോ കലിമയുടെ ഉദ്ദേശ്യം. ഇലാഹ് എന്ന വാക്ക് മഹ്ബൂബ്, മഖ്സൂദ്, മഅ്ബൂദ്, എന്നതിനാണ് ഉപയുക്തമായിട്ടുള്ളത്. മുസ്‌ലിംകൾക്ക് പഠിപ്പിക്കപ്പെട്ട വിശുദ്ധ ഖുർആന്റെ എല്ലാ അധ്യാപനങ്ങളുടെയും സംക്ഷിപ്തമാണ് കലിമ. ബൃഹത്തായ ഒരു ഗ്രന്ഥം ഹൃദിസ്ഥമാക്കുക എളുപ്പമല്ല. അതുകൊണ്ട് എപ്പോഴും മനുഷ്യൻ ഇസ്‌ലാമികാധ്യാപനങ്ങളുടെ സത്ത സ്വാംശീകരിക്കാൻ ഈ കലിമ പഠിപ്പിച്ചു തന്നിരിക്കുകയാണ്. ഏത്‌വരെ ഈ യാഥാർഥ്യം മനുഷ്യനിൽ സംജാതമാകുന്നില്ലയോ അത്‌വരെ യഥാർഥമായ മോക്ഷം പ്രാപ്തമാകുന്നില്ല എന്നത് ഒരു സത്യം മാത്രമാണ്. അതുകൊണ്ടാണ് തിരുനബി (സ) പറഞ്ഞത് ഏതൊരാൾ സത്യഹൃദയത്തോടെ ലാഇലാഹ ഇല്ലല്ലാഹ് എന്ന് വിശ്വസിക്കുന്നുവോ അയാൾ സ്വർഗത്തിൽ പ്രവേശിക്കുന്നതാണ്.(ബുഖാരി) തത്ത ഉരുവിടുന്നത്പോലെ ലാഇലാഹ ഇല്ലല്ലാഹ് എന്നുരുവിട്ടു കൊണ്ടിരിക്കുകയാണെങ്കിൽ സ്വർഗത്തിൽ പ്രവേശിക്കാം എന്ന് ചിലർ തെറ്റായി കരുതുന്നു. ഈയൊരു കാര്യം മാത്രം ഇതിലടങ്ങിയിട്ടുണ്ടെങ്കിൽ പിന്നെ എല്ലാ കർമങ്ങളും വ്യർഥവും ഉപയോഗശൂന്യവും ആയിത്തീരുന്നതാണ്. ശരീഅത്ത് അതുകൊണ്ട് (മആദല്ലാഹ്) അർഥശൂന്യമായതായിത്തീരും. മറിച്ച് അതിന്റെ യാഥാർഥ്യമിതാണ്. ഇതിൽ ഉള്ളടക്കം ചെയ്യപ്പെട്ട ഉദ്ദേശ്യം, മനുഷ്യന്റെ ഹൃദയത്തിൽ അതിന്റെ പ്രായോഗികരൂപത്തിൽ പതിഞ്ഞെങ്കിൽ മാത്രമേ ഈ കാര്യം സംജാതമാവുകയുള്ളൂ. അങ്ങനെയുള്ള ആൾ യഥാർഥത്തിൽ സ്വർഗത്തിൽ പ്രവേശിക്കുന്നു. മരണത്തിനു ശേഷം മാത്രമല്ല, ഇതേ ജീവിതത്തിൽ തന്നെ അയാൾക്ക് സ്വർഗത്തിൽ പ്രവേശിക്കാൻ സാധിക്കുന്നതാണ്.

അല്ലാഹുവിനെ കൂടാതെ മനുഷ്യന് മറ്റൊരു മഹ്ബൂബും മഖ്സൂദും ഇല്ലെന്നിരിക്കെ ഒരു കാര്യം വേഗത്തിൽ മനസ്സിലാക്കാൻ സാധിക്കുന്നതാണ്. അതായത് ഒരു ദുഃഖവും ബുദ്ധിമുട്ടും അവരെ കഷ്ടപ്പെടുത്തുന്നില്ല. അബ്ദാലീങ്ങൾക്കും ഖുത്ത്ബീങ്ങൾക്കും ഉള്ള സ്ഥാനമാണിത്.

ഞങ്ങളെപ്പോഴാണ് വിഗ്രഹാരാധന നടത്തിയിരുന്നത് ഞങ്ങളും അല്ലാഹുവിനെ തന്നെയാണല്ലോ ആരാധിക്കുന്നത് എന്ന് നിങ്ങൾ വിചാരിക്കരുത്. മനുഷ്യൻ ബിംബങ്ങളെ ആരാധിക്കുന്നതും താഴ്ന്ന പടിയിലുള്ള കാര്യമാണ്. യാഥാർഥ്യങ്ങൾ അറിയുന്ന ഹിന്ദുക്കൾ ബിംബാരാധന ഉപേക്ഷിച്ച് വരികയാണ് മനുഷ്യനെയോ ബിംബങ്ങളെയോ ആരാധിക്കുകയല്ല മഅ്ബൂദിന്റെ ഉദ്ദേശ്യമായിട്ടുള്ളത്. വേറെയും മഅ്ബൂദുകളുണ്ട്. വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു: സുഖലോലുപതയും ഭൗതിക സുഖാസക്തിയും മഅ്ബൂദുകളാണ്. നഫ്സിന്റെ ഉത്കടമായ ആഗ്രഹ നിവർത്തിക്കായി തന്റെ ഇച്ഛകളെ പിൻപറ്റുകയും അതിനായി മരിക്കുകയും ചെയ്യുന്ന ആരും വിഗ്രഹാരാധകനും മുശ്രിഖുമാണ്.

ഇവിടെ വന്ന ലാ എന്ന പ്രയോഗം ധാതുവിനെ നിഷേധിക്കാൻ വേണ്ടി മാത്രമുള്ളതല്ല. ലാ എന്ന പ്രയോഗം ആന്തരികമോ ബാഹ്യമോ ആയ എല്ലാ ആരാധ്യ വസ്തുക്കളെയും നിഷേധിക്കുന്ന ഒന്നാണ്. ഹൃദയത്തിൽ വിഗ്രഹമായതോ അല്ലാത്തതോ ആയ എല്ലാ ആരാധ്യ വസ്തുവെയും അത് നിഷേധിക്കുന്നു. ഉദാഹരണമായി ഒരാൾ ഭൗതിക വസ്തുക്കളാൽ തവക്കൽ ചെലുത്തുകയാണെങ്കിൽ അതു ഒരു വിധത്തിലുള്ള വിഗ്രഹമാണ്. അതു പോലുള്ള വിഗ്രഹാരാധന ആന്തരികമായി മനുഷ്യനെ നശിപ്പിക്കുന്ന ക്ഷയരോഗം പോലെയാണ്. വലിയ തരത്തിലുള്ള വിഗ്രഹത്തെ പെട്ടെന്ന് തിരിച്ചറിയാൻ സാധിക്കുന്നതാണ്. എളുപ്പത്തിൽ അതിൽ നിന്ന് മോചനം ലഭ്യമാണ്. ആയിരക്കണക്കിലും ലക്ഷക്കണക്കിലുമുള്ളവർ അവയെ വിട്ടുപിരിയുന്നതായി ഞാൻ കാണു ന്നു. ഹിന്ദുക്കൾ നിറഞ്ഞിരുന്ന ഈ നാട്ടിൽനിന്നുമാണല്ലോ എല്ലാ മുസ്‌ലിംകളും വന്നത്. അവർ ബിംബാരാധന ഉപേക്ഷിച്ചവരല്ലേ? ഹിന്ദുക്കളിൽ തന്നെ പല വിഭാഗ ങ്ങൾ ബിംബാരാധന ഉപേക്ഷിച്ചവരല്ലേ? എന്നാൽ ബിംബാരാധന എന്നതുകൊണ്ട് ഇത് മാത്രമല്ല ഉദ്ദേശ്യം. ഇത് ബാഹ്യമായ രീതിയിലുള്ള സ്ഥൂലമായ ബിംബാരാധനയാണ്. എന്നാൽ ആയിരക്കണക്കിലുള്ള ബിംബങ്ങൾ മനുഷ്യൻ തന്റെ തോളിൽ കയറ്റി നടക്കുകയാണ്. ഫിലോസഫിയെന്നും മൻത്വിഖി എന്നു പറയുന്നവർക്കും അവയെ തങ്ങളുടെ അന്തരംഗങ്ങളിൽ നിന്നും നീക്കുവാൻ സാധിക്കുന്നില്ല. വാസ്തവമെന്തെന്നാൽ അല്ലാഹുവിന്റെ അനുഗ്രഹം കൂടാതെ ഈ കീടങ്ങൾ അവയുടെ രംഗത്ത് നിന്നും പുറത്ത് പോകു

ന്നില്ല. വളരെ സൂക്ഷ്മമായ കീടങ്ങളാണത്. ഏറ്റവും അധികം നഷ്ടം ഇതുകൊണ്ടാണ് മനുഷ്യനു ഉണ്ടാകുന്നത്. തങ്ങളുടെ നഫ്സിന്റെ വികാരങ്ങൾക്കടിമപ്പെട്ട് അല്ലാഹുവിനോടുള്ള ബാധ്യതകളിൽ നിന്നും അതിർവരമ്പുകളിൽ നിന്നും പുറത്താവുകയും അതേ പ്രകാരം സൃഷ്ടികളുടെ അവകാശങ്ങളെ നശിപ്പിക്കുകയും ചെയ്യുന്നവർ വിദ്യാഭ്യാസമില്ലാത്തവരല്ല. അവരിൽ ആയിരക്കണക്കിലുള്ള മൗലവി ഫാസിലുകളും പണ്ഡിതന്മാരും ഫഖീഹുമാർ സൂഫിമാർ എന്നു പറയുന്നവരും ഉണ്ട്. എന്നിട്ടും ഇത്തരം കാര്യങ്ങളുള്ള രോഗികളാണിവർ. ഈ ബിംബങ്ങളിൽ നിന്നും മോചനം ലഭിക്കുക എന്നത് ധീരമായ കാര്യമാണ്. ഈ രോഗങ്ങളെ അറിയുക എന്നതാണ് സാമർത്ഥ്യം. ഈ ബിംബങ്ങൾ കാരണമായിട്ടാണ് പരസ്പരം കാപട്യം ഉണ്ടാകുന്നതും ആയിരക്കണക്കിനുള്ള കൊലപാതകങ്ങൾ ഉണ്ടാകുന്നതും. ഒരു സഹോദരൻ മറ്റൊരു സഹോദരന്റെ അവകാശം ധ്വംസിക്കുന്നു. ഇതു പോലുള്ള ആയിരക്കണക്കിനുള്ള തിന്മകൾ അവ മൂലം ഉണ്ടാകുന്നു. ഓരോ ദിവസവും ഓരോ നിമിഷവും ഉണ്ടാകുന്നു. ഇവർ ഭൗതിക വസ്തുക്കളിൽ എത്രമാത്രം വിശ്വാസമർപ്പിച്ചിരിക്കുന്നുവെന്നാൽ ദൈവത്തെ വ്യർത്ഥമായ ഒരവയമായി ഗണിക്കുകയാണ്. തൗഹീദിന്റെ യഥാർത്ഥ ഉദ്ദേശ്യം മനസ്സിലാക്കിയവർ വളരെ കുറവാണ്. അവരോട് പറയപ്പെടുകയാണെങ്കിൽ തങ്ങൾ മുസ്‌ലിംകളല്ലെ? കലിമയല്ലെ ചൊല്ലുന്നത്? എന്നാൽ പരിതാപമെന്ന് പറയട്ടെ. വായകൊണ്ട് കലിമ ഉച്ചരിച്ചാൽ മതി എന്നവർ കരുതുകയാണ്.

മനുഷ്യൻ കലിമ ത്വയ്യിബയുടെ പ്രാധാന്യം മനസ്സിലാക്കുകയും അതിനെ പ്രാവർത്തികമാക്കുകയും ചെയ്യുകയാണെങ്കിൽ അത് തന്നെ വലിയ പുരോഗതിയാണ് എന്ന് മാത്രമല്ല അവന് അല്ലാഹുവിന്റെ വിസ്മയകരമായ ശക്തി കാണുവാൻ സാധിക്കുന്നതാണ്. ഒരു കാര്യം നന്നായി ഓർമ്മയിലിരിക്കട്ടെ, ഞാനേതൊരു സ്ഥാനത്താണോ നിൽക്കുന്നത് അത് ഒരു സാധാരണ ഉപദേശകന്റെ സ്ഥാനമോ ഒരു കാഥികന്റെ സ്ഥാനമോ അല്ല. ഞാൻ സാക്ഷി പറയുവാനാണ് എത്തിയിരിക്കുന്നത്. അല്ലാഹു എനിക്ക് നല്കിയ സന്ദേശം എത്തിക്കുകയാണ്. ആരെങ്കിലും അത് കേൾക്കുകയോ കേൾക്കാതിരിക്കുകയോ സ്വീകരിക്കാതിരിക്കുകയോ ചെയ്യട്ടെ. എനിക്കതിൽ ഒരാശങ്കയുമില്ല തന്നെ. അതിന്റെ ഉത്തരം നിങ്ങൾ സ്വയം നല്കുന്നതാണ്. ഞാനെന്റെ കടമ നിർവഹിക്കുകയാണ്. ധാരാളം പേർ എന്റെ ജമാഅത്തിൽ പ്രവേശിച്ചിരിക്കുന്നു. അവർ തൗഹീദിനെ ഏറ്റു പറയുകയും ചെയ്യുന്നു. ഏതൊരാൾ തന്റെ സഹോദരന്റെ അവകാശത്തെ ധ്വംസിക്കുകയോ വിശ്വാസവഞ്ചന നടത്തുകയോ ഇത്തരത്തിലുള്ള തിന്മകളിൽ നിന്നും വിട്ടു നില്ക്കുകയോ ചെയ്യുന്നില്ലയോ അയാൾ തൗഹീദിൽ വിശ്വസിക്കുന്ന ആളാണെന്ന് എനിക്കുറപ്പില്ല. കാരണം തൗഹീദ് എന്നത് അല്ലാഹുവിന്റെ അനുഗ്രഹമാണ്. അതു ലഭിച്ചയാളിൽ അത്ഭുതകരമായ ഒരു പരിവർത്തനം സംജാതമാകുന്നു. ആ ആളിൽ വിദ്വേഷം, പക, അസൂയ, പ്രകടനം എന്നീ ബിംബങ്ങൾ ഉണ്ടാകുന്നില്ല. അവർക്ക് ദൈവിക സാമീപ്യം ലഭ്യമാകുന്നു. ഈ പരിവർത്തനം അയാളിൽ ഉണ്ടാകുന്നത് അയാളിൽ നിന്ന് ആന്തരികമായ അഹംഭാവം, അഹന്ത, പ്രകടനം, പക, ശത്രുത, അസൂയ, പിശുക്ക്, കാപട്യം പ്രതിജ്ഞാലംഘനം എന്നീ ബിംബങ്ങളിൽ നിന്ന് അകന്നു യഥാർഥ ഏകദൈവ വിശ്വാസി ആയിത്തീരുമ്പോഴാണ്. ഏത്‌വരെ ബിംബങ്ങൾ അന്തരംഗത്ത് കൂടിയിരുന്നുവോ അതുവരെ ലാഇലാഹ എന്നു പറയുന്നതിൽ എന്ത് യാഥാർഥ്യമാണുള്ളത്? കാരണം അതിൽ തവക്കലിന്റെ നിഷേധമാണുള്ളത്. വെറും വായ്കൊണ്ട് താൻ അല്ലാഹുവിനെ പറ്റി അവൻ ഒരു പങ്കുകാരനുമില്ലാത്ത ഏകനാണെന്നു പറയുന്നതുകൊണ്ട് ഒരു പ്രയോജനവും ഇല്ലതന്നെ. ഇവിടെ വായ്കൊണ്ട് കലിമ ചൊല്ലുന്നു. എന്നാൽ തന്റെ ഇഷ്ടത്തിനും സ്വഭാവത്തിനും നിരക്കാത്തതെന്തെങ്കിലും ഉണ്ടാവുകയാണെങ്കിൽ ഉടനെ ക്രോധവും കോപവും അയാളിൽ ജ്വലിക്കുന്നു.

ഒരു കാര്യം നിങ്ങൾ എപ്പോഴും ഓർക്കേണ്ടതാണെന്ന് ഞാൻ പലവുരു ആവർത്തിച്ചാവർത്തിച്ച് പറഞ്ഞതാണ്. ഏത്‌വരെ ഈ നിഗൂഢമായ ആരാധ്യ വസ്തുക്കൾ നിലനില്ക്കുന്നുവോ ഒരു യഥാർഥ ഏകദൈവ വിശ്വാസി ക്കു ലഭിക്കുന്ന സ്ഥാനം അതുവരെ നിങ്ങൾക്ക് ലഭിക്കുമെന്ന് ഒരിക്കലും നിങ്ങൾ പ്രതീക്ഷിക്കരുത്. എലി നിലനില്ക്കുന്നത് വരെ പ്ലേഗിൽ നിന്ന് രക്ഷപ്പെടാമെന്ന് ഒരിക്കലും കരുതരുത്. അതേപ്രകാരം ഈ എലി അന്തരംഗത്തിൽ നിലനില്ക്കുന്നത് വരെ ഈമാന് അപായമുണ്ട്. ഞാൻ പറയുന്നത് സശ്രദ്ധം കേൾക്കുകയും അതനുസരിച്ച് പ്രവർത്തിക്കുന്നതിനായി കാലെടുത്തു വെക്കുകയും ചെയ്യുക. ഇന്നത്തെ ഈ സദസ്സിൽ സന്നിഹിതരായവരിൽ ഭാവിയിൽ ആരൊക്കെ ഉണ്ടാകും ആരൊക്കെ ഉണ്ടാവുകയില്ല എന്ന് എനിക്കറിയില്ല. ഇത്കൊണ്ടുതന്നെയാണ് ഞാൻ വളരെ വിഷമം സഹിച്ചുകൊണ്ട് ഇവിടെ വന്ന് അല്പം സംസാരിക്കുന്നത് ആവശ്യമാണെന്ന് കരുതുന്നത്. അങ്ങനെ ഞാനെന്റെ കർത്തവ്യം നിർവഹിക്കട്ടെ. ചുരുക്കത്തിൽ കലിമയെകുറിച്ചുള്ള സംക്ഷിപ്തമിതാണ്. *അല്ലാഹു മാത്രം നിങ്ങളുടെ മഹ്ബൂബും മഖ്സുദും ആയിത്തീരുമാറാകട്ടെ. ഈ സ്ഥാനം എല്ലാ വിധത്തിലുള്ള ആന്തരികമായ തിന്മകളിൽ നിന്നും പരിശുദ്ധമാവുകയും ഹൃദയങ്ങളിൽ കുടികൊള്ളുന്ന ബിംബങ്ങളെ പുറത്താക്കുകയും ചെയ്താൽ മാത്രമേ ലഭ്യമാകുകയുള്ളൂ. (തുടരും)

# ആദമിന് മുമ്പും മനുഷ്യൻ ജീവിച്ചിരുന്നു

നമ്മുടെ പൂർവ പിതാവായ ആദമിന് മുമ്പ് തന്നെ വിവിധ കാലചക്രങ്ങളിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ മനുഷ്യ വംശം ആവിർഭവിക്കുകയും നശിക്കുകയും സന്മാർഗം പ്രാപിക്കുകയും അധഃപതിക്കുകയും പുരോഗമിക്കുകയും ശിഥിലമാവുകയും ചെയ്തിട്ടുണ്ട്. ആ സമൂഹങ്ങളുടെയെല്ലാം ആവിർഭാവഘട്ടത്തിൽ ഓരോ ആദമുമാരും ഉണ്ടായിരുന്നു.

ചൗധരി ഖാലിദ് സൈഫുല്ലാഹ് ഖാൻ, സിഡ്നി

ഡെയ്‌ലി ടെലഗ്രാഫ്, ലണ്ടൻ (സിഡ്നി മോണിങ്ങ് ഹെറാൾഡിൽ (Sydney Morning Herald) 1997 ഫെബ്രവരി 12 ന് പുനപ്രസിദ്ധീകരിച്ചത്) പ്രസിദ്ധീകരിച്ച ഒരു റിപ്പോർട്ട് പ്രകാരം മനുഷ്യൻ നിർമിച്ച ഏറ്റവും പുരാതനമായ ഉപകരണങ്ങളുടെ നിർമാണ കാലത്തേക്കാൾ 13,000 വർഷങ്ങൾക്ക് മുമ്പുള്ള 12,500 കാലടികളും ആയിരക്കണക്കിന് പണിയായുധങ്ങളും ചിലിയിൽ നിന്ന് കണ്ടെടുക്കുകയുണ്ടായി. ഈ സമീപകാലത്തുണ്ടായ ഈ കണ്ടുപിടുത്തത്തിന്റെ അടിസ്ഥാനത്തിൽ അമേരിക്കൻ വൻകരയിൽ എപ്പോൾ എങ്ങനെ മനുഷ്യൻ എത്തിച്ചേർന്നു എന്ന ചില പുതിയ സിദ്ധാന്തങ്ങൾ അവതരിപ്പിക്കുന്നുണ്ട്.

കുറച്ച് മാസങ്ങൾക്ക് മുമ്പ് പ്രത്യക്ഷപ്പെട്ട മറ്റൊരു ഗവേഷണ പ്രകാരം ആസ്ത്രേലിയയിലെ അബോരിജിൻ വർഗത്തിൽ പെട്ട മനുഷ്യർ 1400 വർഷങ്ങൾക്ക് മുമ്പ് അമേരിക്കയിൽ താമസിച്ചിരുന്നു എന്നാണ് ശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടുന്നത്. ആസ്ട്രേലിയൻ അബോരിജിനുകൾ ആസ്ട്രേലിയയിൽ 40,000 വർഷത്തോളമായി ജീവിച്ചുവരുന്നു. 1,76,000 വർഷങ്ങൾക്ക് മുമ്പ് മനുഷ്യൻ അവന്റെ പരിണാമ ചരിത്രത്തിൽ നിവർന്നു നിൽക്കുന്ന ഘട്ടത്തിലെത്തിയതിന് (Homo Erectus Stage) ശേഷം ഉടൻ തന്നെ അവർ എങ്ങനെയോ ആസ്ട്രേലിയയിൽ എത്തിപ്പെട്ടു എന്നാണ് പുരാവസ്തു തെളിവുകൾ പ്രകാരം വിശ്വസിക്കപ്പെടുന്നത്. ആഫ്രിക്കൻ ഭൂഖണ്ഡത്തിൽ നിന്നും മനുഷ്യ ജീവൻ ഉദ്ഭവിച്ച് മനുഷ്യ സമൂഹം ലോകത്തിലെ മറ്റു സ്ഥലങ്ങളിലേക്ക് വ്യാപിച്ചു എന്ന് പരക്കെ വിശ്വസിക്കപ്പെടുന്ന സിദ്ധാന്തത്തിന് വിരുദ്ധമായി ആഫ്രിക്ക, മദ്ധ്യേഷ്യ, ജാവ, ആസ്ട്രേലിയ എന്നീ വിവിധ കേന്ദ്രങ്ങളിലായിട്ടായിരിക്കണം മനുഷ്യജീവൻ രൂപപ്പെട്ടത്.

ആദമിന് എത്രയോ മുമ്പേ മനുഷ്യൻ ലോകത്തിന്റെ വിവിധ സ്ഥലങ്ങളിൽ താമസിച്ചു വരുന്നതായി പുരാവസ്തു തെളിവുകൾ സാക്ഷ്യം വഹിക്കുന്നു. ആദമാണ് ലോകത്തിലെ ആദ്യമനുഷ്യൻ എന്ന ബൈബിൾ (ഉൽപ്പത്തി 1;26 മുതൽ 28 വരെ) പ്രസ്താവനക്ക് വിരുദ്ധമാണിത്. ബൈബിളിൽ നിരവധി ശാസ്ത്ര വിരുദ്ധപ്രസ്താവനകളുണ്ട്. ഇത്തരം പ്രസ്താവനകൾ ബൈബിളിന്റെ അനുയായികൾക്ക് ആ ഗ്രന്ഥത്തിന്റെ ആധികാരികതയെക്കുറിച്ചും ദൈവത്തിന്റെ വെളിപാടുകളുടെ അസ്തിത്വത്തെ കുറിച്ചും സംശയങ്ങളുണ്ടാക്കുകയുണ്ടായി. തുടർന്ന് അവരിൽ പലരും നാസ്തിക വാദത്തിലേക്കും ആജ്ഞേയ വാദത്തിലേക്കും തിരിയുകയുണ്ടായി.

എന്നാൽ മനുഷ്യോൽപ്പത്തിയെക്കുറിച്ച് ഖുർആൻ നമുക്ക് മറ്റൊരു കഥയാണ് പറഞ്ഞ് തരുന്നത്. പ്രസ്തുത കണ്ടുപിടുത്തം നടത്തുന്നതിന് എത്രയോ മുമ്പേ **'ആദമിന് മുമ്പ് മനുഷ്യൻ ജീവിച്ചിരുന്നു'** എന്ന് വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ) പൊതുജനസമക്ഷം പറയുകയുണ്ടായി. 1908 മെയ് 12 നും 18 നും പ്രൊഫസർ റേയ്ഗ് എന്ന ഒരു

ഇംഗ്ലീഷുകാരനായ ഗോളശാസ്ത്ര പണ്ഡിതൻ വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദി (അ) നെ ലാഹോറിൽ വെച്ച് സന്ദർശിക്കുക യുണ്ടായി. മറ്റു ചോദ്യങ്ങളോടൊപ്പം പ്രൊഫ. റേയ്ഗ് വാഗ്ദത്ത മസീഹി നോട് ചില ചോദ്യങ്ങൾ ചോദിച്ച തായി മൽഫൂസാത്ത് വാല്യം 10 പേജ് 353 ലും 426 ലും രേഖ പ്പെടുത്തിയിരിക്കുന്നു. ജെഹൂൻ, സിഹൂൻ എന്നീ രാജ്യങ്ങളിലാണ് ആദം എന്ന് വിളിക്കപ്പെടുന്ന ആദ്യ മനുഷ്യൻ ജനിച്ചത് എന്നാണ് ബൈബിളിൽ എഴുതപ്പെട്ടിരിക്കു ന്നത്. അമേരിക്ക, ആസ്ത്രേലിയ മുതലായ ലോകത്തിലെ വിവിധ ഭാഗങ്ങളിൽ കാണുന്ന മനുഷ്യ വർഗം എല്ലാം ഒരേ ആദമിൽ നിന്നുള്ള സന്തതി പരമ്പരകളാ ണോ? ഈ ചോദ്യത്തിന് വാഗ്ദത്ത മസീഹ് നൽകിയ മറുപടി.

ആറോ ഏഴോ ആയിരം വർഷങ്ങൾക്ക് മുമ്പ് ആദമിന്റെ ജനനത്തോടെയാണ് ലോകം ഉണ്ടായതെന്നും അതിന് മുമ്പ് യാതൊന്നും ഉണ്ടായിരുന്നില്ല എന്നും ദൈവം ഒരു പ്രവർത്തി യുമില്ലാതെ വെറുതെ ഇരിക്കുക യായിരുന്നു എന്നുമുള്ള ബൈബിൾ അഭിപ്രായത്തെ ഞങ്ങൾ പിന്തുടരു ന്നില്ല. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ കാണുന്ന മനുഷ്യ സമുദായം ആ ഒരേയൊരു ആദമിൽ നിന്നുള്ള സന്തതികളാണെന്നും ഞങ്ങൾ അവകാശപ്പെടുന്നില്ല. അതിന് വിരുദ്ധമായി ഞങ്ങളുടെ വിശ്വാസം ഈ ആദം ആദ്യത്തെ ആദം അല്ല എന്നാണ്. അദ്ദേഹ ത്തിന് മുമ്പ് തന്നെ മനുഷ്യ സമൂഹം ഉണ്ടായിരുന്നതായി ഞങ്ങൾ വിശ്വസിക്കുന്നു. ദൈവം ആദമിനോടു ഞാൻ ഭൂമിയിൽ ഒരു ഖലീഫയെ നിശ്ചയിക്കാൻ പോകു ന്നു എന്ന് പറയുന്നതായി ഖുർആൻ സൂചിപ്പിക്കുന്നു. **'ഖലീഫ്'** എന്നാൽ പിൻഗാമി എന്നാണ് അർഥം ഇത് വ്യക്തമായും സൂചിപ്പിക്കുന്നത് ആദമിന് മുമ്പും മനുഷ്യർ ഉണ്ടായിരുന്നു എന്നാണ്. അതു കൊണ്ട് അമേരിക്കയിലും ആസ്ട്രേലിയായിലും ഉണ്ടായിരുന്ന ഒറിജിനൽ നിവാസികൾ ഈ അവസാനത്തെ ആദമിന്റെ സന്തതി കളാണോ അതല്ല മറ്റു ആദം മാരുടെ സന്തതികളാണെന്നോ പറയാൻ സാധ്യമല്ല. (മൽഫൂസാത്ത്, വാല്യം 10 പേജ് 426)

ഇത് സംബന്ധിച്ച് കൗതുക കരമായ മറ്റൊരു കാര്യം ആദം ജനിച്ച വർഷത്തെ പറ്റിയുള്ള അറിവും ദൈവം ഒരു ദർശന ത്തിലൂടെ വാഗ്ദത്ത മസീഹിനെ അറിച്ചിട്ടുണ്ടായിരുന്നു എന്നതാണ്. വിശുദ്ധ പ്രവാചകന്റെ ദൗത്യത്തിന് മുമ്പ് അതായത് ഖുർആൻ അവതരണം ആരം ഭിക്കുന്നതിന് 4598 സൂര്യവർഷം മുമ്പാണ് ആദം ജനിച്ചത് എന്നതായിരുന്നു ആ ദർശനം. റസൂൽ തിരുമേനി(സ) യുടെ ദൗത്യത്തിന്റെ ആരംഭം എന്ന മഹത്തായ ഈ സംഭവം നടന്നത് 20 ആഗസ്ത് 610 ലാണ്. ഇത് ചന്ദ്രമാസ ഗണനയിൽ റമദാൻ മാസം 24 നാണ്. *(ഈ വർഷം 2017 ആണല്ലോ അപ്പോൾ ആദം ജനിച്ചത് 6005 വർഷങ്ങൾക്ക് മുമ്പാണ്. വിവ:)*.

മാത്രമല്ല പൊടിമണ്ണിൽ നിന്നും സൃഷ്ടിക്കുക എന്നത് ആദമിന് മാത്രമുള്ള പ്രത്യേകതയല്ല. യേശു അടക്കം മാനവരാശി ആകമാനം സൃഷ്ടിക്കപ്പെട്ടത് ഇത് പോലെ പൊടിമണ്ണിൽ നിന്നാണെ ന്ന് ഖുർആൻ വ്യക്തമാക്കുന്നു. ഇത് ബൈബിൾ വാക്യത്തിന് വിരുദ്ധമാണ്. ഖുർആൻ പറയുന്നു: **'**അല്ലാഹുവിന്റെ പക്കൽ ഈസാ യുടെ സ്ഥിതി ആദമിന്റെ സ്ഥിതി പോലെ തന്നെയാണ്. അദ്ദേഹത്തെ അവൻ മണ്ണിൽ നിന്ന് സൃഷ്ടിച്ചു. പിന്നെ അദ്ദേഹത്തോട് ഉണ്ടാവുക എന്നു പറഞ്ഞു. അപ്പോൾ അദ്ദേഹം ഉണ്ടായിത്തീർന്നു.**'** (ഇമ്രാൻ 3:60) **'**നിങ്ങളെ അവൻ മണ്ണിൽ നിന്നും സൃഷ്ടിച്ചു. അപ്പോൾ നിങ്ങളതാ ഭൂമിയിൽ വ്യാപിക്കുന്ന മനുഷ്യ രായി തീർന്നിരിക്കുന്നു. ഇത് അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതാണ്.**'** (അർറൂം 30: 21)

മേൽ പറഞ്ഞ ശാസ്ത്രീയ കണ്ടുപിടുത്തങ്ങളെ ഖുർആൻ ശരിവെക്കുന്നു. അതായത് മനുഷ്യൻ ഭൂമിയുടെ വിവിധ ഭാഗങ്ങളിൽ പരന്നത് മനുഷ്യ പരിണാമത്തിന്റ പ്രാരംഭ വികാസ ദശയിലായിരിക്കണം. മനുഷ്യവംശ ത്തിന്റെ പരിണാമ വൃക്ഷം ഒരേ തായ്വേരിൽ നിന്ന് പടർന്ന് പന്തലിക്കുകയും ശാഖകളും ഉപശാഖകളുമായി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പരക്കുകയും ചെയ്തു. മനുഷ്യസൃഷ്ടിക്ക് ശേഷം അവന് ശരിയായ രൂപം നൽകു കയും വ്യക്തമായ മാർഗനിർദേശ വും നൽകുകയും ചെയ്തു. (ത്വാഹാ 20:51) പരിണാമ പ്രകിയയുടെ ഫലമായി മനുഷ്യന് ശാരീരികമായും ബുദ്ധി പരമായും സാമൂഹികമായും ആത്മീയമായും പക്വതവന്നതിന് ശേഷമാണ് ദൈവ ത്തിൽ നിന്നുള്ള മാർഗദർശനം സ്വീകരിക്കാനും മനസ്സിലാക്കാനും സാദ്ധ്യമായത്. പിന്നീട് ദൈവം തന്റെ പ്രതിനിധി യായി (ഖലീഫ) ഓരോ ആദമിനെ ഓരോ ശാഖക്കും ഉപശാഖക്കും നിശ്ചയിച്ചയക്കുക യും ചെയ്തു. മനുഷ്യ സമൂഹ ത്തെയാകമാനം അഭിസംബോധന ചെയ്യാൻ അയക്കപ്പെട്ട പ്രവാചകൻ മുഹമ്മദ് നബി (സ) മാത്രമാണ്. **'ആദം'** എന്ന നാമം ആദമിന്റെ മക്കളെയും മനുഷ്യവംശത്തെയും വിശേഷിപ്പിക്കാൻ ആലങ്കാരിക മായി ഖുർആൻ ഉപയോഗിക്കുന്ന ഒരു പദമാണ്.

ആറ് സഹസ്രാബ്ദങ്ങൾക്ക് മുമ്പ് ഭൂമുഖത്ത് പ്രത്യക്ഷപ്പെട്ട ഈ ആദമിന് മുമ്പ് തന്നെ മനുഷ്യ വംശത്തിന്റെ ശാഖകളും ഉപശാഖ കളും വിവിധ കാലചക്രങ്ങൾക്കു ള്ളിൽ ലോകത്തിന്റെ വിവിധ സ്ഥലങ്ങളിൽ ഉത്ഥാനം ചെയ്യുക യും അധഃപതിക്കുകയും പുരോഗമി ക്കുകയും നശിക്കുകയും സന്മാർ ഗം പ്രാപിക്കുകയും ദുർമാർഗികളാ വുകയും ചെയ്തിട്ടുണ്ട്.

*വിവ: എ.എം*

# മസ്തിഷ്ക്കം മാറ്റിവെക്കാമോ?

പേശി രോഗം വന്ന് ശരീരം മുഴുവൻ തളർന്ന ഒരു രോഗിക്ക് മസ്തിഷ്ക്ക മരണം സംഭവിച്ച മറ്റൊരാളുടെ തലമുറിച്ചെടുത്ത ശരീരം കൂട്ടി ചേർക്കുന്ന അതീവ സങ്കീർണവും അത്യന്തം വിവാദാത്മകവുമായ ശസ്ത്രക്രിയ സമീപ ഭാവിയിൽ തന്നെ നടക്കുന്നതാണ്. നടക്കാനിരിക്കുന്ന ഈ ശസ്ത്രക്രിയയുടെ ജയപരാജയങ്ങൾ അറിയാൻ ലോകം മുഴുവൻ ആകാംക്ഷയോടെ കാത്തിരിക്കുകയാണ്. ലേഖകൻ Ahmadiyya Muslim Research Association UK (AMRA) യിൽ അംഗമാണ്. AMRAയുടെ ശാസ്ത്ര ജേർണലിന്റെ എഡിറ്ററുമാണ്.

**അസ്ഹർ അഷ്റഫ്, യു. കെ**


### ആമുഖം

നൈതികമായി ശരിയാണോ എന്നറിയില്ല, പഴയ സോവിയറ്റ് യൂണിയനിലെ വ്ളാദ്മീർ ദെമിക്കോവ് എന്ന ശാസ്ത്ര്ജ്ഞനാണ് ആദ്യത്തെ തലവെച്ചുപിടിപ്പിക്കൽ ശസ്ത്രക്രിയ നടത്തിയത്. അദ്ദേഹം രണ്ട് തലയുള്ള ഒരു നായയെ സൃഷ്ടിക്കാനായിരുന്നു ശസ്തക്രിയ നടത്തിയത്. അവയവമാറ്റ (ട്രാൻസ്പ്ലാന്റ്) സർജറിയിൽ വിദഗ്ധനായ ദെമിക്കോവ്, ശൗക്ക എന്ന് വിളിപ്പേരുള്ള ഒരു ചെറിയ നായയുടെ തലയും നാല് കാലുകളും ബ്രോദിയാഗ എന്ന് പേരുള്ള ഒരു വലിയ നായയിൽ വിജയകരമായി വെച്ച് പിടിപ്പിക്കുകയാണുണ്ടായത്. രണ്ട് നായകളും അതിസങ്കീർണമായ ശസ്ത്രക്രിയക്ക് ശേഷം ജീവിക്കുകയും നടക്കുകയും ചെയ്തു എന്നതായിരുന്നു അതിശയകരമായ വാർത്ത. ഇത് കൂടുതൽ സമയം നിലനിന്നില്ല. നാല് ദിവസത്തിന് ശേഷം രണ്ട് നായകളുടെയും ജീവൻ പോയി. ശസ്ത്രക്രിയാ വിദഗ്ധനായ ദെമിക്കോവ് ഇരുപത്തിനാല് മണിക്കുർ എടുത്താണ് ഈ ശസ്ത്രക്രിയ നിർവഹിച്ചത്. രണ്ട് തലയുള്ള കൂടുതൽ സമയം ജീവിച്ച ഈ രണ്ട് നായകൾക്കും കൂടി ഭക്ഷണം കഴിക്കാൻ ഒരു വായയായിരുന്നു ഉണ്ടായിരുന്നത്. മരണം സ്വാഭാവികമായും നായയുടെ ശരീരത്തിലെ പ്രതിരോധ സംവിധാനത്തിന്റെ പരാജയം കൊണ്ടാണ് സംഭവിച്ചത്.

### വിവാദം

ഈ ശസ്ത്രക്രിയക്കായി ബ്രോദിയാഗ എന്ന നായയുടെ കഴുത്തിന്റെ അടിഭാഗത്ത് മഹാസിരയും (മസ്തിഷക്കത്തിൽ നിന്ന് ഹൃദയത്തിലേക്ക് ഓക്സിജൻ രഹിത രക്തം വഹിക്കുന്ന സിര- Juglar Vein) മഹാധമനിയും (ഹൃദയത്തിൽ നിന്നും ശുദ്ധരക്തം എത്തിക്കുന്ന വലിയ രക്തക്കുഴൽ Aorta) സ്പൈനൽ കോഡിന്റെ ഒരു ഭാഗവും (നട്ടെല്ലുള്ള ജീവികളിൽ നട്ടെല്ലിനകത്ത് കാണപ്പെടുന്ന നീണ്ട നാഡിതന്തുവാണ് Spinal Cord) ഒരു ഭാഗവും ഛേദിച്ചു. തുടർന്ന് നട്ടെല്ലിന്റെ ഭാഗത്ത് രണ്ട് ദ്വാരങ്ങൾ ഉണ്ടാക്കി പ്ലാസ്റ്റിക്ക് നാരുകൾക്കൊണ്ട് അത് തുന്നിചേർത്തു. അങ്ങനെ അക്ഷരാർഥത്തിൽ ചെറിയ നായയുടെ തലയും കഴുത്തും വലിയ നായയുടെ കഴുത്തിൽ തുന്നിചേർത്തു. രണ്ടു തലകൾക്കും കൂടി ജീവൻ നിലനിർത്താൻ ഒരു ഹൃദയമായിരുന്നു ഉണ്ടായിരുന്നത്.1

വ്ളാദ്മീർ ദെമിക്കോവ് നിര



തലമാറ്റിവെക്കൽ ശസ്ത്രക്രിയയിൽ ശരീരത്തിൽ നിന്നും തല ഛേദിക്കുമ്പോൾ മസ്തിഷ്ക്കത്തിൽ നിന്നും സന്ദേശങ്ങൾ ശരീരത്തിലേക്ക് എത്തിക്കുന്ന ന്യൂറോണുകൾ അടങ്ങിയ സ്പൈനൽ കോർഡ് സൂക്ഷ്മമായും കൃത്യമായും മുറിച്ചു നീക്കുക. മുറിച്ചു മാറ്റിയ കഴുത്തിലെ സ്പൈനൽ കോർഡിലെ ന്യൂറോണുകൾ കൂട്ടിയോജിപ്പിക്കേണ്ട മറ്റൊരു ശരീരത്തിലെ ഛേദിക്കപ്പെട്ട കഴുത്തിലെ ന്യൂറോണുകളുമായി വിളക്കി ചേർക്കണം. സങ്കീർണ്ണമായ ന്യൂറോണുകളാണ് ചിത്രത്തിൽ

വധി ട്രാൻസ്പ്ലാന്റ് ഓപ്പറേഷൻ നടത്തിയ വളരെ പ്രശസ്തനായ ഒരു സോവിയറ്റ് സർജൻ ആയിരുന്നു. 1950 ലാണ് അദ്ദേഹം ഒരു വലിയ നായയിൽ ഒരു ചെറിയ നായയുടെ തല വെച്ചു പിടിപ്പിച്ച ഈ ശസ്ത്രക്രിയ നടത്തിയത്. എന്ത് തന്നെ ആയാലും ദെമിക്കോവിന്റെ ഇരട്ടതലയുള്ള നായ പ്രതിരോധ സംവിധാനത്തിന്റെ പരാജയം മൂലം കൂടുതൽ സമയം ജീവിച്ചില്ല.

ശീതയുദ്ധം നിലനിന്നിരുന്ന അന്നത്തെ മത്സരകാലത്ത് സോവിയറ്റ് യൂണിയനിലെ സർജനായ ദെമിക്കോവ് അമേരിക്കൻ സർജനായ റോബർട്ട് വൈറ്റിനെ പ്രചോദനം കൊള്ളിക്കുകയും അദ്ദേഹം അമേരിക്കയിൽ 1970 ൽ കുരങ്ങനിൽ ഒരു തലമാറ്റ ശസ്തക്രിയ പരീക്ഷിക്കുകയും ചെയ്തു. വൈറ്റ് ഒരു കുരങ്ങന്റെ തല മറ്റൊരു കുരങ്ങനിൽ വെച്ചുപിടിപ്പിക്കുകയുണ്ടായി. ശാസ്ത്രജ്ഞന്മാർക്ക് സ്പൈനൽ കോർഡ് കൂട്ടിചേർക്കാൻ കഴിയാത്തതിനാൽ രണ്ടാം തലയുടെ സ്വീകർത്താവായ കുരങ്ങന് പുതിയ തലയുമായി ചലിക്കാൻ കഴിഞ്ഞിരുന്നില്ല. ആ കുരങ്ങന് കൃത്രിമ ശ്വാസോച്ഛ്വാസം നൽകി വെന്റിലേറ്ററിലിട്ടു. ഒമ്പത് ദിവസങ്ങൾക്ക് ശേഷം നിരവധി സങ്കീർണ്ണമായ പ്രശ്നങ്ങൾ കാരണം ആ കുരങ്ങൻ ചാവുകയാണുണ്ടായത്.

## അസാദ്ധ്യമായത് ഛേദിക്കാനൊരുങ്ങുന്നു

ഈ ഫ്രാങ്കൊസ്റ്റെയിൽ ഭീകരത 2017 ൽ വീണ്ടും സംഭവിച്ചേക്കാം. ഇറ്റലിയിലെ ടൂറിനിലെ അഡ്വാൻസ് ന്യൂറോ മോഡുലേഷൻ ഗ്രൂപ്പിലെ (Advanced Neuro modulation Group) സെർഗിയോ കനാവെറോ, പേശീക്ഷയ രോഗങ്ങൾ (Muscular Degeneration Disorders) ബാധിച്ച രോഗികൾക്ക് തുടർന്നും ജീവിതം നീട്ടികിട്ടാൻ തലമാറ്റിവെക്കൽ Head-Transplant ശസ്ത്രക്രിയ നടത്താൻ ഉദ്ദേശിക്കുന്നതായി സൂചിപ്പിച്ചിരിക്കുന്നു. രോഗ ചികിത്സയുടെ ഭാഗമായാണ് കനാവെറോ ഈ പദ്ധതിക്കൊരുങ്ങുന്നത്. അദ്ദേഹം ആദ്യം ചികിത്സിക്കുന്നത് വെർഡ്നിഗ് ഹോഫ്മാൻ രോഗത്താൽ (Werdnig-Hoffman Disease) ജന്മനാ പേശീ ബലക്ഷയം ബാധിച്ച് അത്യാസന്ന നിലയിലായ റഷ്യൻ കമ്പ്യൂട്ടർ ശാസ്ത്രജ്ഞൻ വലേരി സ്പിരിദൊനൊവിനെയാണ്. ഈ ചികിത്സാ പദ്ധതിക്ക് അനുമതി ലഭിച്ചാൽ രോഗബാധിതനായ വലേരി സ്പിരിദൊനൊവിന്, മസ്തിഷ്ക്ക മരണം സംഭവിച്ച ഒരാളുടെ ശരീരം മാറ്റിവെക്കാനായി ലഭിക്കും. അതിസങ്കീർണമായ ഈ പ്രക്രിയയിൽ ദാതാവും സ്വീകർത്താവും അവരുടെ ശിരസ്സ് ശരീരത്തിൽ നിന്നും അത്യധികം മൂർച്ചയുള്ള ഒരു ശസ്ത്രം (ബ്ളേഡ്) കൊണ്ട് വളരെ കൃത്യമായി വേർപെടുത്തുന്ന പ്രക്രിയക്ക് ഒരേസമയം വിധേയമാവണം.



പ്രശസ്തനായ സോവ്യറ്റ് അവയവ മാറ്റശസ്ത്രക്രിയാ വിദഗ്ധൻ വ്ളാദ്മീർ ദമിക്കോവ് 1950 ൽ നായക്ക് മറ്റൊരു തലകൂടി വെച്ചു പിടിപ്പിക്കുന്ന ശസ്ത്രക്രിയ നടത്തുന്നു




തലമാറ്റിവെക്കൽ ശസ്ത്രക്രിയ നടത്തുന്ന ഇറ്റലിക്കാരനായ ശസ്ത്രക്രിയാ വിദഗ്ധൻ സെർഗിയോ കനാവെറോ ശസ്ത്രക്രിയക്ക് വിധേയനാവുന്ന റഷ്യക്കാരൻ വലേരി സ്പിരിദൊനൊവിനോടൊപ്പം.

രോഗിയായ വ്യക്തിയുടെ തല മസ്തിഷ്ക്കമരണം സംഭവിച്ച ശരീര ദാതാവിന്റെ ശരീരത്തിൽ, പോളിയെതൈലീൻ ഗ്ലൈക്കോൾ (Polyethylene Glycol) ഉപയോഗിച്ച് കൂട്ടിച്ചേർക്കണം. പോളിയെതൈലീൻ ഗ്ലൈക്കോൾ എന്നാൽ ഛേദിക്കപ്പെട്ട സ്പൈനൽ കോർഡിന്റെ രണ്ടറ്റങ്ങളും ഒട്ടിച്ചു ചേർക്കുന്ന പശപോലെയുള്ള ഒരു രാസവസ്തുവാണ്. ഈ ജൈവരാസവസ്തു ഉപയോഗിച്ചാൽ മൃഗങ്ങളിൽ സ്പൈനൽ കോർഡ് നാഡീകോശങ്ങൾ വളർന്ന് കൂട്ടിയോജിക്കുമെന്ന് ഇതിന് മുമ്പ് നിരീക്ഷിക്കപ്പെട്ടതാണ്. പക്ഷേ മനുഷ്യനിൽ അതിന്റെ പ്രവർത്തനം വിജയകരമായി നടക്കുമോ എന്ന് തെളിയിക്കേണ്ടിയിരിക്കുന്നു.[2] തലയും ശരീരവും യോജിച്ച് മുറിവുണങ്ങാൻ നാല് ആഴ്ച പൂർണമായും ബോധശൂന്യനായി കോമാ അവസ്ഥയിൽ രോഗി കിടക്കണം. അതിന് മുമ്പായി രോഗിയുടെ തലയും മാറ്റിവെച്ച ശരീരത്തിലെ പേശികളും രക്ത ചംക്രമണ കുഴലുകളും തമ്മിൽ കൂട്ടിയോജിപ്പിക്കേണ്ടതുണ്ട്. എല്ലാം അസൂത്രണം ചെയ്തത് പോലെ ശരിയാകുമെങ്കിൽ നാലാഴ്ച്ചകൾ കഴിഞ്ഞ് രോഗി ഉണരേണ്ടതും പിന്നീട് നടക്കേണ്ടതുമാണ്. മുഖത്ത് വികാരം പ്രകടിപ്പിക്കുകയും പഴയ ശബ്ദത്തിൽ സംസാരിക്കുകയും വേണം. ശരീരത്തിന് അന്യമായി വരുന്നതിനെയെല്ലാം ശരീരത്തിന്റെ പ്രതിരോധ സംവിധാനം സ്വീകരിക്കാതെ പുറം തള്ളും. അവയവമാറ്റ ശസ്ത്രക്രിയയിലെ ഒരു മുഖ്യപ്രശ്നമാണിത്. ശരീരത്തിന്റെ ഈ സ്വാഭാവിക പ്രവണത ഇല്ലാതാക്കാൻ ഈയടുത്ത കാലത്ത് വികസിപ്പിച്ചെടുത്ത ഇമ്മ്യൂണോ സപ്പർസീവ്(Immuno Suppressive) മരുന്നുകളുടെ സഹായത്താൽ ശസ്ത്രക്രിയ വിജയമാക്കാൻ സാധിക്കുമെന്നതാണ് തലമാറ്റ ശസ്ത്രക്രിയക്കുള്ള മറ്റൊരു അനുകൂല ഘടകം. തലയും ശരീരവും തണുപ്പിച്ച് സർജന് ഓക്സിജനില്ലാതെ തന്നെ കൂടുതൽ സമയം കോശങ്ങൾ കേടുകൂടാതെ സൂക്ഷിക്കേണ്ടതുണ്ട്. [3]

## ഉപസംഹാരം

ഭാവിയിലെ മനുഷ്യ തലമാറ്റ ശസ്ത്രക്രിയയുടെ സംഗ്രഹമിതാണ്. അത്യധികം നേർത്ത വസ്തുക്കൾ മുറിക്കാനുപയോഗിക്കുന്ന പ്രത്യേകം നിർമിച്ച മൈക്രോടോമിക് സ്നയർ ബ്ലേഡുകളോ (Microtomic Snare-Blade), അല്ലെങ്കിൽ സിലിക്കൺ നൈട്രേഡ് കൊണ്ട് നിർമിച്ച നാനോ അളവിലുള്ള വളരെ മൂർച്ചയുള്ള നാനോ കത്തി കൊണ്ടോ ദാതാവിന്റെയും സ്വീകർത്താവിന്റേയും സ്പൈനൽ കോർഡിന്റെ എറ്റവും അഗ്രഭാഗത്തുള്ള കഴുത്തിലെ നാഡികൾ (Cervical Cords) മുറിക്കേണ്ടതുണ്ട്. പിന്നീട് സ്പൈനൽ കോഡിന്റെ നാഡീ കോശങ്ങളിൽ നിന്ന് നാഡീ ആവേഗങ്ങൾ പ്രസരിപ്പിക്കുന്ന മുറിഞ്ഞുപോയ ആക്സോൺ കണക്ഷനുകൾ(axons connections) പുനസ്സംയോജിപ്പിക്കേണ്ടതുണ്ട്. ഈ പ്രക്രിയ ആക്സോൺ നാഡികൾ കൂട്ടിയോജിക്കുന്ന സ്ഥലങ്ങളെ മറികടന്നുകൊണ്ട് സ്പൈനൽ കോഡ് സ്റ്റിമുലേറ്റർ ഉപയോഗിച്ച് ഇലക്ട്രിക് ഉദ്ദീപനങ്ങൾ നൽകി ത്വരിതപ്പെടുത്തിക്കൊണ്ടായിരിക്കണം നിർവഹിക്കേണ്ടത്. പോളീതൈയ്‌ലിയോൺ ഗ്ലൈക്കോൾ പോലെയുള്ള പശ ഉപയോഗിച്ചാണ് മുറിഞ്ഞതും തകരാറിലായതുമായ സ്പൈനൽ കോഡ് കോശങ്ങളെ കൂട്ടിയോജിപ്പിക്കുന്നത്.

ദെമിക്കോവ് ആണ് ഹൃദയ ശ്വാസകോശ അവയങ്ങൾ മാറ്റിവെക്കാവുന്ന ശസ്ത്രക്രിയയുടെ സാധ്യത ആദ്യമായി തെളിയിച്ചത്. അദ്ദേഹത്തിന്റെ ഇയൊരു ശസ്ത്രക്രിയാരീതി നിസ്സംശയം പിന്നീട് ഒരു പാട് ജീവനുകളെ രക്ഷിക്കാൻ സഹായകരമായിട്ടുണ്ട്. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ തീർച്ചയായും ആദരം അർഹിക്കുന്നതാണ്. നായ്ക്കളിൽ അദ്ദേഹം നടത്തിയ തലമാറ്റ ശസ്ത്രക്രിയ പിന്നീട് കുരങ്ങനിൽ പരീക്ഷിക്കുകയുണ്ടായി. അതാണിപ്പോൾ ഇറ്റാലിയൻ ശാസ്ത്രജ്ഞനായ ഡോ. സെർഗിയോ കനാവെറോ യുടെ നേതൃത്വത്തിൽ മനുഷ്യനിൽ സർവസന്നാഹങ്ങളോടെയും ആവർത്തിക്കപ്പെടാൻ പോകുന്നത്.

ശേഷം പേജ് 41 ൽ

# നുബുവ്വത്തിന്റെ തുടർച്ച

ഖാത്തമുന്നബിയ്യീനായ റസൂൽ തിരുമേനി(സ)യെ പൂർവസൂരികളായ പണ്ഡിതന്മാർ അവസാനത്തെ പ്രവാചകൻ എന്ന് വിശേഷിപ്പിച്ചതിന്റെ അർഥവും വിവക്ഷയും മനസ്സിലാക്കുന്നതിൽ ഇക്കാലത്തെ മുസ്‌ലിംകൾക്ക് വലിയ തെറ്റിദ്ധാരണയാണ് സംഭവിച്ചിട്ടുള്ളത്. പൂർവികരുടെ ചരിത്രത്തിലും ഇത്തരം വീഴ്ച്ചകൾ സംഭവിച്ചിട്ടുണ്ട്. പ്രവാചക സമൂഹത്തിൽ പോലും അതിശ്രേഷ്ഠനും ആദ്ധ്യാത്മികതയുടെയും മാനവികതയുടെയും പാരമ്യം കണ്ട റസൂൽ തിരുമേനി(സ) യെപ്പോലെ അതിശ്രേഷ്ഠനായൊരു പ്രവാചകൻ ഇനിയുണ്ടാവില്ല. ആ അർഥത്തിലാണ് റസൂൽ തിരുമേനി(സ) അവസാനത്തെ പ്രവാചകൻ എന്ന് വിശേഷിപ്പിക്കപ്പെട്ടത്. അവിടുത്തെ നുബൂവ്വത്തിന്റെ മാർഗത്തിൽ വെളിപാടുകളും പ്രവാചകന്മാരും തുടർന്നും ഉണ്ടാവും.

**യാസർ അറഫാത്ത് ആർ. എം.**

ഉത്തമസൃഷ്ടിയായ മനുഷ്യർക്ക് അല്ലാഹുവിൽ നിന്നു ലഭ്യമായിരിക്കുന്ന ആത്മീയ പദവികൾ പലതാണ്. ഈ ആത്മീയപദവികളുടെ ഔന്നത്യമനുസരിച്ച് നോക്കുമ്പോൾ ഇന്നേവരെ മനുഷ്യർക്കു ലഭ്യമായിരിക്കുന്ന പദവികളിൽ അത്യുന്നതവും അവസാനത്തേതുമായ സ്ഥാനം **നബി** എന്നുള്ളതാണ്. **നബി** എന്ന സ്ഥാനത്തിനപ്പുറം ഒരു പദവിയും മനുഷ്യർക്ക് ഇന്നേവരെ ലഭ്യമായിട്ടില്ല, ഇനി ലഭിക്കുകയുമില്ല. ദൈവദൂതൻമാർ തന്നെ ശ്രേഷ്ടതയിൽ പലതരക്കാരാണെന്ന് വി.ഖുർആൻ പ്രസ്താവിക്കുന്നു. അവരിലെ അവസാന പദവിയും പ്രാപിച്ച മഹാത്മാവ് മുഹമ്മദ് മുസ്തഫാ (സ) തിരുമേനിയല്ലാതെ മറ്റാരുമല്ല. മനുഷ്യരിൽ അവസാന പദവിയും ലഭിച്ചവരായ നബിമാരിൽ തന്നെ, അവസാനത്തെ പദവിയും കരസ്ഥമാക്കിയ ആ മഹാത്മാവിനാണ് ഖാത്തമുന്നബിയ്യീൻ (അതിശ്രേഷ്ട പ്രവാചകൻ) എന്ന അത്യുന്നത പദവി അല്ലാഹു നല്കിയിരിക്കുന്നത്. സൃഷ്ടികളിൽ നിന്നും ദൈവസാമീപ്യത്തിലേക്കുള്ള ചവിട്ടുപടികൾ എല്ലാം താണ്ടി അവസാനസ്ഥാനവും പ്രാപിച്ച മഹാത്മാവായത് കൊണ്ടാണ് **അവസാനത്തെ നബി** എന്ന് അദ്ദേഹം വിളിക്കപ്പെടുന്നത്. സ്ഥാനം കൊണ്ടുനോക്കുമ്പോൾ ഖാത്തമുന്നബിയ്യീൻ റസൂൽ (സ) ക്കുശേഷം ഒരുനബിയുമില്ലെന്നുമാത്രമല്ല, ഒരു മനുഷ്യനോ മലക്കോ മറ്റു യാതൊരു സൃഷ്ടിയോ ഇല്ല തന്നെ.

ഇങ്ങനെ റസൂൽ (സ) ക്കുശേഷം മറ്റൊരു നബിയുമില്ലെന്നും അദ്ദേഹം അവസാനത്തെ നബിയാണെന്നും പറയുമ്പോൾ അദ്ദേഹത്തിന്റെ ശ്രേഷ്ടതയും ദൈവസാമീപ്യവും മനസിലായവർക്ക്, റസൂൽ (സ) അവസാന സ്ഥാനവും പ്രാപിച്ചു കഴിഞ്ഞ മഹാത്മാവാണെന്നു മനസിലാക്കാൻ പ്രയാസമില്ല. എന്നാൽ അവസാനത്തെ നബി എന്ന വാക്ക് വ്യാപകമായി തെറ്റിദ്ധരിക്കപ്പെടുന്നു. അദ്ദേഹത്തിന്റെ കാലശേഷം **നബി** എന്ന പേരിൽ വിളിക്കപ്പെടുന്ന ഒരാളും ഭൂമുഖത്ത് ഉണ്ടായിത്തീരുകയില്ല എന്നതാണ് അവസാനത്തെ നബി എന്നതിനർഥമെന്ന് തെറ്റിദ്ധരിക്കുകയും വിശദീകരിക്കപ്പെടുകയും ചെയ്യാറുണ്ട്. റസൂൽ (സ) അവസാന നബിയാണ് എന്ന് പറയപ്പെടുമ്പോൾ അദ്ദേഹത്തിന്റെ വഫാത്തിന് ശേഷം ഖിയാമത്തു നാൾ വരെ ഭൂമുഖത്ത് മറ്റൊരുവ്യക്തിയും **നബി** എന്ന പേരിൽ വിളിക്കപ്പെടുകയില്ല എന്ന വിശ്വാസം അബദ്ധ സങ്കൽപമായിത്തീരുന്നത് പലകാരണങ്ങൾ കൊണ്ടാണ്.

വി.ഖുർആനിൽ ധാരാളം ആയത്തുകളിലൂടെ നുബുവ്വത്തും രിസാലത്തും തുടർന്ന് കൊണ്ടിരിക്കുന്നു എന്നതിനാൽ അവക്ക് വിപരീതമായ ഒരു അർഥം കൽപിക്കാവതല്ല. കാലം കൊണ്ട് അവസാനത്തെ നബിയായിരിക്കുക എന്നത് ഒരുതരത്തിലും ഒരുസ്ഥാന മഹാത്മ്യത്തിന് കാരണമാവുന്നില്ല. റസൂൽ (സ) യുടെ ധാരാളം ഹദീസുകളിലൂടെ ഈ ഉമ്മത്തിൽ ഒരു നബി വരാനുണ്ടെന്ന് വ്യക്തമാക്കപ്പെട്ടിരിക്കെ അവക്ക് വിപരീതമായ അർഥം സങ്കൽപിക്കാൻ കഴിയില്ല.

ഇനി ഒരു നബിയും വരില്ലെന്ന വാദം വഴികേടിന്റെ സിദ്ധാന്തമാണെന്നു ഖുർആൻ പ്രസ്താവിക്കുന്നതിനാൽ **അവസാനത്തെ നബി** എന്നതിന് കാലം കൊണ്ട് അവസാനത്തവൻ എന്ന അർഥം ഭൂഷണമല്ല.

അർഹമായ സമയത്ത് ദൂതൻമാരെ നിയോഗിക്കുക എന്ന അല്ലാഹുവിന്റെ സുന്നത്തിന് വിപരീതമായി ഒരു വിശ്വാസത്തിന് സാധൂകരണം കൽപ്പിക്കപ്പെടാവതല്ല.

റസൂൽ തിരുമേനി (സ) ക്കു മുമ്പ് പലതരത്തിലുള്ള പ്രവാചക നിയോഗങ്ങളും ഉണ്ടായിരുന്നതായിട്ട് വിശുദ്ധ ഖുർആനും മറ്റ് മതഗ്രന്ഥങ്ങളും ചരിത്രവും പഠിപ്പിക്കുന്നു. ഇബ്റാഹീം (അ) നബിയാക്കപ്പെട്ടു. പിന്നെ അദ്ദേഹത്തിന്റെ രണ്ട് ആൺമക്കൾ നബിമാരാക്കപ്പെട്ടു. അതിലൊരു മകനായ ഇസ്ഹാഖിന്റെ മകൻ യഅ്ഖൂബ് (അ) നബിയാക്കപ്പെട്ടു. അദ്ദേഹത്തിന്റെ മകൻ യൂസുഫും നബിയാക്കപ്പെടുകയുണ്ടായി. അങ്ങനെ തലമുറകളായി നുബുവ്വത്ത് ലഭ്യമായവർ ഉണ്ടായിരുന്നു. ദാവൂദ് (അ) നബിയും രാജാവുമായിരുന്നു. അദ്ദേഹത്തിന്റെ മകൻ സുലൈമാനും നബിയായ രാജാവായിമാറി. മൂസയും സഹോദരൻ ഹാറൂനും മൂസാനബിയുടെ ഭാര്യാമാതാവ് ശുഐബും നബിമാരായിരുന്നു. ബനീ ഇസ്റാഈല്യരിൽ ഒരു നബി മരിച്ചാൽ അദ്ദേഹത്തിന്റെ ഖലീഫയായി ചുമതലയേൽക്കുന്ന വ്യക്തി നബി ആയിരുന്നു. ആ വ്യക്തി മരിക്കുമ്പോൾ അടുത്ത ഖലീഫയും നബിയായിരുന്നു. ഇങ്ങനെ സമുദായത്തിന്റെ ആത്മീയസ്ഥാനമേറ്റെടുത്തവർ തുടർച്ചയായി നബിമാരായിരുന്നു. അവസാനം മുഴുലോകത്തിനും പരിപൂർണവും സുരക്ഷിതവുമായ ന്യായപ്രമാണം അവതരിപ്പിച്ച് കൊണ്ട് നിയോഗിതരായ മുഹമ്മദ് മുസ്തഫ (സ) യോടുകൂടെ അദ്ദേഹത്തിന് മുമ്പ് നുബുവ്വത്ത് ലഭിച്ചിരുന്നതായ പലരീതികളെയും അല്ലാഹു നിർത്തലാക്കിക്കൊണ്ട്, ഇത്വാഅത്തിലൂടെ നുബുവ്വത്ത് നിലനിൽക്കുന്ന ഏകമാർഗമാണ് അല്ലാഹു ബാക്കിവെച്ചത്. റസൂൽ (സ) തന്നെ, തനിക്ക് മുമ്പ് നിലവിവുണ്ടായിരുന്ന പലവിധ നുബൂവ്വത്ത് രീതികളും തനിക്ക് ശേഷം ഉണ്ടാവുകയില്ലെന്ന് നിഷേധ സ്വരത്തിൽ പ്രസ്താവിക്കുകയുണ്ടായി. റസൂൽ (സ)ക്ക് ശേഷം നുബുവ്വത്ത് എന്ന നിഅ്മത്ത് നിലനിൽക്കുന്ന ഏകമാർഗം അദ്ദേഹത്തെ പരിപൂർണമായി ഇത്വാഅത്ത് ചെയ്യുന്നതിലൂടെയാണ്. ഇതാകട്ടെ ഖാത്തമുന്നബിയ്യീൻ (സർവ്വ ശ്രേഷ്ഠ പ്രവാചകൻ) എന്ന അതുല്യ പദവിക്ക് ഏറ്റവും അനുയോജ്യവുമാണ്. പരിപൂർണ ഇത്വാഅത്തിലൂടെ മാത്രമേ നുബുവ്വത്ത് നിലനിൽക്കുകയുള്ളൂ എന്നതോടുകൂടിത്തന്നെ മറ്റെല്ലാവിധ നുബുവ്വത്ത് രീതികളും നിർത്തലാക്കപ്പെട്ടിട്ടുണ്ട്. മൂസാനബിക്കൊപ്പം ഹാറൂൺ നബിയാക്കപ്പെട്ടതുപോലെ തനിക്കൊപ്പം സഹായിയായി മറ്റൊരുനബി ഇല്ലെന്ന് അലി(റ) മായി ബന്ധപ്പെട്ട വിശദീകരണത്തിലൂടെ റസൂൽ (സ) വ്യക്തമാക്കിയിട്ടുണ്ട്. ബനീ ഇസ്റാഈല്യരിൽ ഒരു നബി മരിച്ചാൽ തൊട്ടുടനെ മറ്റൊരു നബി നിശ്ചയിക്കപ്പെട്ട കാര്യം പരാമർശിച്ചു കൊണ്ട് തന്റെ ശേഷം തൊട്ടുടനെ നബി ഉണ്ടായിരിക്കില്ല, തൊട്ടുടനെ ഉണ്ടാവുന്നത് ഖലീഫമാരായിരിക്കും എന്ന് റസൂൽ (സ) അരുളിയതായി ഹദീസിൽ വന്നിട്ടുണ്ട്. മുമ്പു

---

ഒരു പ്രത്യേക ശരീഅത്തോടുകൂടിയ നബി നിയോഗിക്കപ്പെടുമ്പോഴാണ് അദ്ദേഹത്തെ പിൻപറ്റുന്നവർ പ്രത്യേക ഉമ്മത്തായിത്തീരുന്നത്. ബനീ ഇസ്റാഈല്യരിൽ തുടർച്ചയായി നബിമാർ നിയോഗിക്കപ്പെട്ടപ്പോഴും അവർക്കൊന്നും പ്രത്യേകം പ്രത്യേകം ശരീഅത്ത് ഉണ്ടായിരുന്നില്ല. അതുകൊണ്ട് തന്നെ ഒരോ നബിയെ പിൻപറ്റുന്നവരും പ്രത്യേകം പ്രത്യേകം ഉമ്മത്ത് ആയിരുന്നില്ല. അവരുടെയെല്ലാം ശരീഅത്തീഗ്രന്ഥം തൗറാത്തും ഉമ്മത്ത് ബനീ ഇസ്റാഈലും ആയിരുന്നു. ദാവൂദ് നബിയും ഈസാ നബിയുമെല്ലാം ബനീ ഇസ്റാഈല്യരിലേക്ക് നിയോഗിക്കപ്പെട്ട നബിമാർ ആയിരുന്നു. റസൂൽ (സ) ക്ക്ശേഷം പ്രത്യേകമായൊരു ശരീഅത്തോടുകൂടിയ പ്രവാചകൻ വരാനില്ലാത്തതിനാൽ അദ്ദേഹത്തിന്റെ സമുദായം അവസാനത്തെ ഉമ്മത്താണ്, അദ്ദേഹം അവസാന ശരീഅത്തീ പ്രവാചകനുമാണ്. ഇക്കാര്യവും ഹദീസിൽ നിന്ന് വ്യക്തമാണ്.

കാലത്ത് നിലവിലുണ്ടായിരുന്ന ശരീഅത്ത് കാലാനുസൃതമായി പരിഷ്ക്കരിക്കേണ്ട ഘട്ടത്തിൽ പുതിയ ശരീഅത്തുമായി നബിമാർ ആഗതരായിട്ടുണ്ട്. എന്നാൽ റസൂൽ (സ) യുടെ ശരീഅത്ത് ഖിയാമം നാൾ വരെ നില നില്ക്കേണ്ടതായതിനാൽ അതിനൊരുമാറ്റം വരുത്തിക്കൊണ്ട് ഒരു നബി വരുന്നതിനെ റസൂൽ (സ) നിഷേധിച്ചിട്ടുണ്ട്. തന്റെ പള്ളിക്കു ശേഷം ലോകത്തു സ്ഥാപിക്കപ്പെടുന്ന പള്ളികളെല്ലാം തന്റെ അതേ ശരീഅത്തിലുള്ള പള്ളികൾ ആയതിനാൽ റസൂൽ (സ) യുടെ പള്ളി ആഖിറുൽ മസാജിദ് (പള്ളികളിൽ അവസാനത്തേത്) എന്നാണ് അറിയപ്പെടുന്നത്. അതുപോലെ റസൂൽ (സ) ക്കുശേഷം വരുന്ന പ്രവാചകൻമാരെല്ലാം റസൂൽ (സ) യുടെ ശരീഅത്തിൽ തന്നെ വരുന്നവരായതിനാൽ മുഹമ്മദ് (സ) ആഖിറുൽ അമ്പിയാഅ് (നബിമാരിൽ അവസാനത്തവൻ) എന്ന് വിളിക്കപ്പെടുന്നുണ്ട്. ഈ വിഷയം പ്രസ്താവിച്ച ഹദീസിലൂടെ തന്റെ ശരീഅത്തിനെ മാറ്റം വരുത്തുന്ന നബിയും മസ്ജിദും മേലിൽ ഉണ്ടാവുകയില്ലെന്ന് റസൂൽ (സ) വ്യക്തമാക്കിയിട്ടുണ്ട്.

ഒരു പ്രത്യേക ശരീഅത്തോടുകൂടിയ നബി നിയോഗിക്കപ്പെടുമ്പോഴാണ് അദ്ദേഹത്തെ പിൻപറ്റുന്നവർ പ്രത്യേക ഉമ്മത്തായിത്തീരുന്നത്. ബനീ ഇസ്റാഈല്യരിൽ തുടർച്ചയായി നബിമാർ നിയോഗിക്കപ്പെട്ടപ്പോഴും അവർക്കൊന്നും പ്രത്യേകം പ്രത്യേകം ശരീഅത്ത് ഉണ്ടായിരുന്നില്ല. അതുകൊണ്ട് തന്നെ ഒരോ നബിയെ പിൻപറ്റുന്നവരും പ്രത്യേകം പ്രത്യേകം ഉമ്മത്ത് ആയിരുന്നില്ല. അവരുടെയെല്ലാം ശരീഅത്തീഗ്രന്ഥം തൗറാത്തും ഉമ്മത്ത് ബനീ ഇസ്റാഈലും ആയിരുന്നു. ദാവൂദ് നബിയും ഈസാ നബിയുമെല്ലാം ബനീ ഇസ്റാഈല്യരിലേക്ക് നിയോഗിക്കപ്പെട്ട നബിമാർ ആയിരുന്നു. റസൂൽ (സ) ക്ക്ശേഷം പ്രത്യേകമായൊരു ശരീഅത്തോടുകൂടിയ പ്രവാചകൻ വരാനില്ലാത്തതിനാൽ അദ്ദേഹത്തിന്റെ സമുദായം അവസാനത്തെ ഉമ്മത്താണ്, അദ്ദേഹം അവസാന ശരീഅത്തീ പ്രവാചകനുമാണ്. ഇക്കാര്യവും ഹദീസിൽ നിന്ന് വ്യക്തമാണ്.

റസൂൽ (സ) മുഴുലോകത്തേക്കും ഖിയാമം നാൾ വരെ നിലനിൽക്കുന്ന സമ്പൂർണ ശരീഅത്തുമായി നിയോഗിതനായ പ്രവാചകനാണ്. അതുകൊണ്ട് തന്നെ തന്നെപ്പോലെ ഒരു പ്രവാചകൻ ഇനി വരികയില്ലെന്നും ഇനി വരുന്നവർ ഉമ്മത്തീ നബിമാരായിരിക്കും എന്നും നബി വചനങ്ങളിൽ നിന്നു മനസിലാക്കാവുന്നതാണ്.

മുൻ സമുദായങ്ങളിൽ അടുത്തടുത്ത കാലങ്ങളിൽ നബിമാർ നിയോഗിതരായിട്ടുണ്ട്. എന്നാൽ തനിക്ക്ശേഷം വരുന്ന മൂന്നു നൂറ്റാണ്ടുകൾ ഉത്തമനൂറ്റാണ്ടുകൾ ആയിരിക്കുമെന്നതിനാൽ ആ സമയത്ത് ഒരു പ്രവാചകനിയോഗം റസൂൽ (സ) പ്രവചിച്ചിട്ടില്ല. അതിനാൽ ഉത്തമ നൂറ്റാണ്ടുകളുടെ വേളയിൽ നുബൂവ്വത്ത് വാദിച്ചുവന്നവരെല്ലാം വ്യാജൻമാരായിരുന്നുവെന്ന് തിരിച്ചറിയാൻ മുൻഗാമികൾക്ക് ബുദ്ധിമുട്ട് ഉണ്ടായിട്ടില്ല.

പല നൂറ്റാണ്ടുകൾ കഴിഞ്ഞ് ഈമാൻ സുരയ്യ നക്ഷത്രത്തിലെത്തിച്ചേരുന്ന ഒരുഘട്ടത്തിലാണ് അത് പുനഃസ്ഥാപിക്കാൻ ഫാർസി വംശജനായ മഹ്ദി ഇമാം വെളിപ്പെടുന്നതെന്ന് ഹദീസുകളിലൂടെ മനസിലാക്കിയ മുൻഗാമികൾക്ക് ഈ കാലഘട്ടത്തിനിടക്ക് മറ്റേതെങ്കിലും വംശത്തിൽ പിറന്ന ഒരു വ്യക്തിയെ സത്യ പ്രവാചകനാണോ എന്നു സംശയിക്കേണ്ടി വന്നിട്ടില്ല.

ചുരുക്കത്തിൽ നുബുവ്വത്തും രിസാലത്തും തുടർന്ന് കൊണ്ടിരിക്കുന്നുവെന്ന് ധാരാളം ആയത്തുകളിലൂടെ വി. ഖുർആൻ വ്യക്തമാക്കുന്നു. റസൂൽ (സ) ക്ക്ശേഷം ഇത്വാഅത്തിലൂടെയാണ് നുബൂവ്വത്ത് ലഭിക്കുന്നതെന്നും ഖുർആൻ വ്യക്തമാക്കുന്നു. നിഅ്മത്ത് റസൂൽ (സ) യുടെ സമുദായത്തിലാണ് സ്ഥാപിതമായിരിക്കുന്നതെന്നും ഖുർആൻ പഠിപ്പിക്കുന്നു. ഇവയുടെ വെളിച്ചത്തിൽ തന്റെ ഉമ്മത്തിൽ വരാനുള്ള പ്രവാചകനെ മസീഹെന്നും മഹ്ദിയെന്നുമുള്ള സ്ഥാനപ്പേരുകളിലൂടെ റസൂൽ (സ) പരിചയപ്പെടുത്തുന്നു. ഇത്വാഅത്തിന്റേതല്ലാത്ത മറ്റെല്ലാ നുബൂവ്വത്ത് രീതികളും തനിക്കുശേഷം നിർത്തലാക്കപ്പെട്ടതായും വിശദീകരിക്കുന്നു. സത്യാന്വേഷികൾക്ക് ഇതുതന്നെ മതിയായതാണ്.

മനുഷ്യനെ സൃഷ്ടിക്കുകയും പിന്നീട് ഔചിത്യമനുസരിച്ച് അവന്റെ ശരീരഘടനകളെ സംഘടിപ്പിക്കുകയും (ഓരോ കാര്യത്തിനും) വ്യവസ്ഥ നിശ്ചയിക്കുകയും മാർഗദർശനം നൽകുകയും ചെയ്ത സർവ്വശക്തനായ നിന്റെ രക്ഷിതാവിന്റെ നാമത്തെ നീ പ്രകീർത്തിക്കുക.
**(അൽ അഅ്ലാ 1-3)**

ഭാഗം – 9

# ഹദ്റത്ത് ബിലാൽ (റ) പറഞ്ഞ കഥ

ഇബ്നു വഫ കോഴിക്കോട്

### നമസ്കാരത്തിനൊരു പുതിയ വിളി

പള്ളി തയ്യാറായതോടു കൂടി സ്വതന്ത്രമായി നമസ്കരിക്കുവാനുള്ള സൗകര്യം ഞങ്ങൾക്കെല്ലാവർക്കും ലഭിച്ചു. അഞ്ച്നേരവും നമസ്കാര സമയം നിർണയിച്ച് കൊണ്ട് ഓരോരാളും പള്ളിയിൽ എത്താറായിരുന്നു പതിവ്. കുറച്ചു നാൾ കഴിഞ്ഞപ്പോൾ തന്നെ എല്ലാവരേയും പൊതുവിൽ നമസ്കാര സമയം എങ്ങനെ അറിയിക്കും എന്നത് ഞങ്ങൾക്കിടയിൽ സംസാര വിഷയമായി. പലരും പല അഭിപ്രായങ്ങൾ അല്ലാഹുവിന്റെ റസൂലിനു മുമ്പിൽ സമർപ്പിച്ചു. ചിലർ ക്രിസ്ത്യാനികളിൽ പ്രചാരത്തിലുള്ള ശംഖ് വിളി നടത്താമെന്ന് പറഞ്ഞു. ചിലർ മണിമുട്ടിയാൽ മതി എന്ന് അഭിപ്രായപ്പെട്ടു. മറ്റ് ചിലർ യഹൂദരുടെ രീതിയനുസരിച്ച് കാഹളം അല്ലെങ്കിൽ ബ്യൂഗിൾ ഊതാമെന്ന് ബോധിപ്പിച്ചു. മറ്റ് ചിലർ മറ്റു ചില അഭിപ്രായങ്ങൾ മുന്നോട്ട് വെച്ചു. എന്നാൽ നമസ്കാര സമയമായാൽ ആ കാര്യം ഉച്ചത്തിൽ വിളംബരപ്പെടുത്തുവാനായി ഒരാളെ ചുമതലപ്പെടുത്തുകയാണ് വേണ്ടത് എന്ന് ഉമർ ഖത്ത്വാബ് അല്ലാഹുവിന്റെ റസൂലിനെ വിനയപുരസ്സരം ഉണർത്തി. ആ അഭിപ്രായം അല്ലാഹുവിന്റെ റസൂലിന് നന്നായി ഇഷ്ടപ്പെട്ടു. അങ്ങനെ അല്ലാഹുവിന്റെ റസൂൽ ആ ചുമതല ഈയുള്ളവനെ ഏൽപിച്ചു. ഞാൻ നേരത്തെ നിങ്ങളോട് പറഞ്ഞതുപോലെ ഞാൻ മെലിഞ്ഞുണങ്ങിയ ശരീരപ്രകൃതക്കാരനാണെങ്കിലും അല്ലാഹു എനിക്ക് ഘനഗംഭീരമായ ശബ്ദം നൽകി അനുഗ്രഹിച്ചിട്ടുണ്ടായിരുന്നു. അതിനുശേഷം നമസ്കാര സമയമായാൽ, എല്ലാവരും പള്ളിയിൽ എത്തിച്ചേരുക, നമസ്കാര സമയമായിരിക്കുന്നു എന്ന അർഥത്തിൽ "അസ്വലാത്തു ജാമിഅത്തും" എന്ന് ഞാൻ ഉച്ചത്തിൽ വിളിച്ച് പറയാൻ തുടങ്ങി. ആ ശബ്ദം കേട്ടാൽ എല്ലാവരും നമസ്കാരത്തിനായി പള്ളിയിൽ എത്തും. നമസ്കാരത്തിനല്ലാതെയും മറ്റെന്തെങ്കിലും പ്രധാനകാര്യം മുസ്‌ലിം സഹോദരന്മാരെ അറിയിക്കുവാനോ അവരുമായി ചർച്ച ചെയ്യുവാനോ ഉണ്ടെങ്കിലും അല്ലാഹുവിന്റെ റസൂലിന്റെ കൽപനയനുസരിച്ച് ഇതേ വാക്കുകൾ തന്നെ ഞാൻ ഉച്ചത്തിൽ വിളിച്ചു പറയുമായിരുന്നു. എന്റെ ഈ വിളംബരം കേട്ടാൽ അല്ലാഹു

ഞങ്ങളിൽപ്പെട്ട ഒരു സഹോദരൻ അദ്ബുല്ലാഹ് ബിൻ സൈദ് അൽ അൻസ്വാരി, ഇപ്പോഴത്തെ രീതിയിലുള്ള ബാങ്ക്, ഒരാൾ വിളിക്കുന്നതായി സ്വപ്നം കണ്ടു. അദ്ദേഹം വിശദമായി തന്നെ അല്ലാഹുവിന്റെ റസൂലിനെ അറിയി ച്ചു. ഇത് കേട്ട റസൂൽ(സ) ഇത് അല്ലാഹുവിൽ നിന്നുള്ള അറിയിപ്പാണെന്ന് പറയുകയും ആ ബാങ്കിന്റെ വരികൾ എന്നെ പഠിപ്പിക്കാൻ കൽപിക്കുകയും ചെയ്തു. അങ്ങനെ ഞാൻ അബ്ദുല്ലാഹ് ബിൻ സൈദ് അൽ അൻസ്വാരി പറഞ്ഞു തന്ന ബാങ്ക് പഠിച്ചുകൊണ്ട് ആദ്യമായി ബാങ്ക് വിളിച്ചപ്പോൾ, അത് കേട്ട ഉമർ ഖത്ത്വാബ് റസൂലിന്റെ അടുക്കൽ ഓടി വന്നിട്ട് പറഞ്ഞു, യാ റസൂലുല്ലാഹ്, അല്ലാഹുവാണെ സത്യം, ഏതാനും ദിവസം മുമ്പ് ഇതേ വാക്കുകളിൽ ഒരാൾ ബാങ്ക് വിളിക്കുന്നത് ഞാൻ സ്വപ്നം കണ്ടിരിക്കുന്നു. അതായത് രണ്ടു പേർ ഒരേ രീതിയിലുള്ള സ്വപ്നം കണ്ടിരിക്കുന്നു. നമസ്കാരത്തിന് ആളുകളെ വിളിക്കാനുള്ള ഏറ്റവും ഹൃദ്യവും മനോഹരവുമായ രീതി ഇത് തന്നെയാണ്. മറ്റ് ഒരു രീതിക്കും ഇതിനോട് കിടപിടിക്കാനാവുകയില്ല. ഇതിലെ ഓരോ വാക്കും അല്ലാഹുവിന്റെ മഹത്വവും ഏകത്വവും റസൂലിന്റെ രിസാലത്തും വിളിച്ചോതുന്നവയാണ്.

വിന്റെ റസൂലിന് സഹോദരന്മാരോടെല്ലാവരോടും എന്തോ പറയുവാനുണ്ടെന്ന് മനസ്സിലാക്കികൊണ്ട് അവർ പള്ളിയിൽ ഓടി എത്തുമായിരുന്നു.

കുറച്ചു നാൾ ഇതേ രീതി തന്നെ തുടർന്നുകൊണ്ടിരുന്നു. പിന്നീട് ഞങ്ങളിൽപ്പെട്ട ഒരു സഹോദരൻ അദ്ബുല്ലാഹ് ബിൻ സൈദ് അൽ അൻസ്വാരി, ഇപ്പോഴത്തെ രീതിയിലുള്ള ബാങ്ക്, ഒരാൾ വിളിക്കുന്നതായി സ്വപ്നം കണ്ടു. അദ്ദേഹം വിശദമായി തന്നെ അല്ലാഹുവിന്റെ റസൂലിനെ അറിയിച്ചു. ഇത് കേട്ട റസൂൽ(സ) ഇത് അല്ലാഹുവിൽ നിന്നുള്ള അറിയിപ്പാണെന്ന് പറയുകയും ആ ബാങ്കിന്റെ വരികൾ എന്നെ പഠിപ്പിക്കാൻ കൽപിക്കുകയും ചെയ്തു. അങ്ങനെ ഞാൻ അബ്ദുല്ലാഹ് ബിൻ സൈദ് അൽ അൻസ്വാരി പറഞ്ഞു തന്ന ബാങ്ക് പഠിച്ചു കൊണ്ട് ആദ്യമായി ബാങ്ക് വിളിച്ചപ്പോൾ, അത് കേട്ട ഉമർ ഖത്ത്വാബ് റസൂലിന്റെ അടുക്കൽ ഓടി വന്നിട്ട് പറഞ്ഞു, യാ റസൂലുല്ലാഹ്, അല്ലാഹുവാണെ സത്യം, ഏതാനും ദിവസം മുമ്പ് ഇതേ വാക്കുകളിൽ ഒരാൾ ബാങ്ക് വിളിക്കുന്നത് ഞാൻ സ്വപ്നം കണ്ടിരിക്കുന്നു. അതായത് രണ്ടു പേർ ഒരേ രീതിയിലുള്ള സ്വപ്നം കണ്ടിരിക്കുന്നു. നമസ്കാരത്തിന് ആളുകളെ വിളിക്കാനുള്ള ഏറ്റവും ഹൃദ്യവും മനോഹരവുമായ രീതി ഇത് തന്നെയാണ്. മറ്റ് ഒരു രീതിക്കും ഇതിനോട് കിടപിടിക്കാനാവുകയില്ല. ഇതിലെ ഓരോ വാക്കും അല്ലാഹുവിന്റെ മഹത്വവും ഏകത്വവും റസൂലിന്റെ രിസാലത്തും വിളിച്ചോതുന്നവയാണ്. ഇസ്‌ലാമികാദ്ധ്യാപനത്തിന്റെ രത്നച്ചുരുക്കവും ഇത് തന്നെയാണല്ലോ. അങ്ങനെ അല്ലാഹു എനിക്ക് ഇസ്‌ലാമിൽ ആദ്യത്തെ ‘മുഅസ്സിൻ’ (ബാങ്ക് വിളിക്കുന്ന ആൾ) ആകാനുള്ള ഭാഗ്യം നൽകി അനുഗ്രഹിച്ചു. അല്ലാഹുവിന്റെ റസൂലിനോടൊപ്പമുള്ള എല്ലാ അവസരങ്ങളിലും ഞാൻ ബാങ്ക് വിളിച്ചു. അത് എന്റെ ജീവന്റെ ജീവനായ റസൂലിന്റെ നിര്യാണം വരെ തുടർന്നു. അതിന് ശേഷം ഞാൻ ഒരു തവണ മാത്രമേ ബാങ്ക് വിളിച്ചിട്ടുള്ളു. കാരണം റസൂലിന്റെ നിര്യാണത്തിന് ശേഷം എനിക്ക് ബാങ്ക് വിളിക്കാനുള്ള മാനസിക ശക്തിയും കഴിവും ഇല്ലാതായി. അശ്ഹദു അന്ന മുഹമ്മദർ റസൂലുല്ലാഹ് എന്ന് പറയുന്നതോടു കൂടി ഞാനാകെ തളർന്നു പോകുമായിരുന്നു. എന്റെ ദു:ഖങ്ങളിൽ എനിക്ക് ആശ്വാസമേകിയ, എന്റെ കണ്ണീരൊപ്പിയ, എനിക്ക് എല്ലാ സ്ഥാനമാനങ്ങളും നൽകിയ കാരുണ്യവാനായ എന്റെ യജമാനൻ ഇവിടെ എന്നോടൊപ്പം ഇല്ലല്ലോ എന്ന മനസ്സിനെ മഥിക്കുന്ന വേദനയും ദു:ഖവുമായിരുന്നു അതിനു കാരണം.

## ബാങ്ക് വിളി എന്ന മനോഹര ക്ഷണം

ആദ്യമാദ്യം ബാങ്ക് വിളി മനോഹരവും മറ്റുള്ളവർക്ക് കർണാനന്ദകരവുമാക്കാനായി അല്ലാഹുവിന്റെ റസൂൽ എനിക്ക് പല നിർദേശങ്ങളും നൽകിയിരുന്നു. കഴിയുന്നത്ര ശ്വാസം പിടിച്ച് വാക്കുകളെ നീട്ടി ചൊല്ലുന്നതിലൂടെ ശബ്ദം ദൂരെ എത്തും എന്ന് റസൂലുല്ലാഹ് എന്നെ ഓർമപ്പെടുത്താറുണ്ടായിരുന്നു. പിന്നീട് അല്ലാഹു എന്റെ ശബ്ദത്തിനും ബാങ്ക് വിളിക്കും അതീവമായ വശ്യതയും മനോഹാരിതയും നൽകി അനുഗ്രഹിച്ചു. എനിക്ക് ഇസ്‌ലാമിനോടും എന്റെ യജമാനരായ അല്ലാഹുവിന്റെ റസൂലിനോടുമുള്ള സ്നേഹവും പ്രതിപത്തിയും കാരണമാണെന്ന് തോന്നുന്നു എന്റെ ശബ്ദത്തിൽ ഒരു പ്രത്യേക നൊമ്പരവും വേദനയും അലിഞ്ഞു ചേർന്നിട്ടുള്ളതായി മറ്റുള്ളവർ പറയാറുണ്ടായിരുന്നു. ഞാൻ ബാങ്ക് വിളിക്കുന്നത് കേൾക്കാനായി മുതിർന്നവരും കുട്ടികളും എനിക്ക് ചുറ്റും കൂടി നിൽക്കാറുണ്ട്. സ്ത്രീകൾ തങ്ങളുടെ ജോലികൾ നിർത്തിവെച്ച് കൊണ്ട് ബാങ്ക് കേൾക്കാനായി പള്ളിക്കരികിൽ വന്ന് നിൽക്കാറുണ്ടായിരുന്നു. എല്ലാവരും എന്നോട് എന്തെന്നില്ലാത്ത സ്നേഹം കാണിച്ചിരുന്നു. അപ്പോഴൊക്കെ എന്നെ കുറിച്ച് ഞാൻ അറിയാതെ ഓർത്തു പോകും. മക്ക തെരുവിലെ എല്ലാവരാലും ദ്രോഹിക്കപ്പെട്ട ഒരു കഴിവുമില്ലാത്ത നിസ്സാരനായ അടിമ. ഇസ്‌ലാമിലൂടെ അല്ലാഹു എന്നെ എവിടെയാണ് എത്തിച്ചിരിക്കുന്നത്. എന്നെ സ്നേഹിക്കുന്ന എന്നെ ശ്രദ്ധിക്കുന്ന എത്ര പേരെയാണെനിക്ക് അല്ലാഹു നൽകിയിരിക്കുന്നത്. അപ്പോഴേക്കും എന്റെ കണ്ണുകൾ നിറഞ്ഞൊഴുകും. ഞാൻ മനസ്സുകൊണ്ട് അല്ലാഹുവിന് സുജൂദ് ചെയ്യും. അല്ലാഹുവിന്റെ റസൂലിനോടൊപ്പം മദീനക്ക് വെളിയിൽ യാത്ര ചെയ്യുമ്പോഴും ബാങ്ക് വിളിക്കാനുള്ള ഭാഗ്യം എനിക്ക് തന്നെ ലഭിച്ചിരുന്നു. അല്ലാഹുവിന്റെ റസൂലിനെ എല്ലാ യാത്രയിലും പ്രത്യേകിച്ച് യുദ്ധാവസരത്തിൽ അനുഗമിക്കാനും അംഗരക്ഷകനായി പ്രവർത്തിക്കുവാനും എനിക്ക് അല്ലാഹു മഹാഭാഗ്യം നൽകിയിട്ടുണ്ടായിരുന്നു.

## ബാങ്കും ഞാനും പിന്നെ കുറെ ഓർമകളും

ബാങ്കുമായി ബന്ധപ്പെട്ട് പല രസകരമായ അനുഭവങ്ങളും എനിക്കുണ്ടായിട്ടുണ്ട്. ഒരിക്കൽ ഞാൻ സമയം മനസ്സിലാകാതെ ഫജ്റിനുള്ള സമയമായെന്ന് കരുതി അർധരാത്രിക്ക് ശേഷം ബാങ്ക് കൊടുത്തു. ബാങ്ക് കേട്ട അല്ലാഹുവിന്റെ റസൂൽ ഉണർന്നു. എന്നിട്ട് എന്നെ വിളിച്ചിട്ട് പറഞ്ഞു, ബിലാൽ, നീ സമയമാകാതെ ബാങ്ക് വിളിച്ചിരിക്കുകയല്ലേ, അതുകൊണ്ട് നീ തന്നെ മദീനയിലെ ഇടവഴികളിലും തെരുവുകളിലും ചെന്ന് ഫജ്റിനുള്ള സമയമായിട്ടില്ല എന്നും തെറ്റ് പറ്റിയതാണെന്നും പറയുവാൻ കൽപിക്കുകയുണ്ടായി. ഞാൻ അപ്രകാരം തന്നെ ചെയ്തു. അല്ലാഹുവിന്റെ റസൂൽ എന്നും എപ്പോഴും ഏത് അവസരത്തിലും

എന്നോട് സ്നേഹത്തോടേയും കാരുണ്യത്തോടേയും ഔദാര്യ പൂർവവും മാത്രമേ പെരുമാറിയിരുന്നുള്ളൂ. ഒരിക്കലും ദേഷ്യപ്പെട്ടിരുന്നില്ല. ഒരിക്കൽ എന്തോ ഒരു കാരണത്താൽ എനിക്ക് പകരം വേറൊരാൾ ബാങ്ക് കൊടുത്തു. നമസ്കാര സമയമായപ്പോൾ സാധാരണപോലെ ഞാൻ ഇഖാമത്ത് കൊടുക്കാൻ തുടങ്ങിയപ്പോൾ റസൂലുല്ലാഹ് എന്നെ തടഞ്ഞു. എന്നിട്ട്, ബാങ്ക് വിളിച്ച ആളുടെ അവകാശമാണ് ഇഖാമത്തും എന്ന് എന്നോട് പറയുകയുണ്ടായി. അതിന് ശേഷം ഞാൻ ആ തെറ്റ് ചെയ്തിട്ടില്ല.

ബാങ്ക് കൊടുത്ത ശേഷം നമസ്കാരത്തിനുള്ള സമയമായാൽ ഞാൻ അല്ലാഹുവിന്റെ റസൂലിന്റെ വീട്ടുവാതിൽക്കൽ ചെന്ന് "അസ്സ്വലാത്ത് യാ റസൂലുല്ലാഹ്" എന്ന് പറയും. നമസ്കാരത്തിനുള്ള സമയമായി. ആളുകൾ കാത്തിരിക്കുന്നു. അങ്ങ് വന്ന് നമസ്കരിപ്പിച്ചാലും എന്നാണ് ഞാൻ ഈ പറയുന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് എന്ന് അല്ലാഹുവിന്റെ റസൂലിനറിയാം. അപ്പോൾ റസൂൽ ഉടനെ നമസ്കാരത്തിനായി പള്ളിയിൽ എത്തും. ചിലപ്പോൾ ഫജ്റ് നമസ്കാരത്തിനു മുമ്പ് നഫലും സുന്നത്തും ഒക്കെ നമസ്കരിച്ച ശേഷം അല്ലാഹുവിന്റെ റസൂൽ അൽപമൊന്ന് മയങ്ങാറുണ്ട്. പിന്നീട് ഞാൻ ചെന്ന് വിളിക്കുമ്പോഴാണ് വുളു എടുത്ത് പള്ളിയിലേക്ക് വരുന്നത്. ഒരിക്കൽ ഞാൻ, 'അസ്സലാത്തു ഖൈറും മിനൻ നൗം യാ റസൂലുല്ലാഹ്' എന്ന് പറഞ്ഞു. ഞാൻ ഒന്നും ആലോചിക്കാതെ പറഞ്ഞതാണ്. എന്നാൽ ഞാൻ ആ പറഞ്ഞത് അല്ലാഹുവിന്റെ റസൂലിന് വളരെയധികം ഇഷ്ടപ്പെടുകയും ഏതാനും ദിവസങ്ങൾക്കകം ഫജർ ബാങ്കിൽ ഇത് ഉൾപ്പെടുത്തുകയും ചെയ്തു.

ഒരിക്കൽ ഖൈബർ യുദ്ധം കഴിഞ്ഞ് മുസ്‌ലിം സൈന്യം വിജയശ്രീലാളിതരായി അല്ലാഹുവിന്റെ റസൂലിന്റെ നേതൃത്വത്തിൽ മദീനയിലേക്ക് തിരിച്ചുവരികയായിരുന്നു. അർധരാത്രി ആയപ്പോൾ അല്ലാഹുവിന്റെ റസൂലിന്റെ കൽപനയനുസരിച്ച് തുറസ്സായ ഒരു സ്ഥലത്ത് തമ്പടിച്ചു. അല്ലാഹുവിന്റെ റസൂലും ഞങ്ങൾ എല്ലാവരും നന്നായി ക്ഷീണിച്ചിട്ടുണ്ടായിരുന്നു. തിരുമേനിയോട് ഞങ്ങൾ പറഞ്ഞു, അല്ലാഹുവിന്റെ റസൂലേ, അങ്ങ് അൽപം വിശ്രമിച്ചാലും. ഫജർ നമസ്കാര സമയത്ത് ഉറങ്ങിപ്പോകുമോ എന്നെനിക്ക് പേടിയുണ്ടെന്നും ആരെങ്കിലും ഉറങ്ങാതെ എല്ലാവരേയും ഫജർ നമസ്കാരത്തിന് ഉണർത്താൻ തയ്യാറാകുമെങ്കിൽ ഞാനും അൽപം ഉറങ്ങിക്കൊള്ളാം എന്ന് അല്ലാഹുവിന്റെ റസൂൽ അറിയിച്ചു. ആ ജോലി ഞാൻ ചെയ്തോളാം എന്ന് ഞാൻ ഉടനെ സമ്മതിച്ചു. അങ്ങനെ അല്ലാഹുവിന്റെ റസൂൽ അടക്കം എല്ലാവരും തന്നെ നിർഭയരായി ഉറങ്ങി. ഞാൻ ഉറങ്ങിപ്പോകാതിരിക്കാൻ ദീർഘമായി നഫൽ നമസ്കരിക്കാൻ ആരംഭിച്ചു. അതിന് ശേഷം കിഴക്ക് ഭാഗം തിരിഞ്ഞ് ഒട്ടകപ്പുറത്തേറ്റുന്ന കൂടാരത്തിന് ചാരിക്കൊണ്ട് ഫജ്റിനുള്ള സമയമാകാൻ ഞാൻ കാത്തിരുന്നു. പക്ഷേ ഉറങ്ങാതിരിക്കാനുള്ള സൂത്രങ്ങളെല്ലാം ഞാൻ ചെയ്തിട്ടും ഞാൻ ഉറങ്ങിപ്പോയി. പിന്നീട് ആരോ എന്നെ തട്ടിവിളിച്ചപ്പോഴാണ് ഞാൻ ഉണരുന്നത്. നോക്കിയപ്പോൾ സൂര്യൻ ഉദിച്ചിരിക്കുന്നു. അല്ലാഹുവിന്റെ റസൂലാണ് ആദ്യം ഉണർന്നത്. ഉണർന്ന ഉടനെ ആദ്യ ചോദ്യം തന്നെ ബിലാൽ എവിടെ എന്നായിരുന്നു. ഞാനുടനെ അല്ലാഹുവിന്റെ റസൂലിന്റെ സന്നിധിയിൽ ഹാജരായി.

ബിലാൽ എന്ന് വിളിച്ചുകൊണ്ട്, നമസ്കാരത്തിന് നീ എല്ലാവരേയും ഉണർത്താമെന്ന് വാഗ്ദാനം ചെയ്തതല്ലേ പിന്നെ എന്ത് പറ്റി എന്ന് എന്നോട് ചോദിച്ചു. ഞാൻ പറഞ്ഞു, അല്ലാഹുവിന്റെ റസൂലേ, എന്റെ മാതാപിതാക്കൾ അങ്ങേക്ക് തെണ്ടമായിരിക്കട്ടെ. ഏതൊരു സർവശക്തനായ അല്ലാഹുവാണോ ഇക്കഴിഞ്ഞ രാത്രി അങ്ങയുടെ ആത്മാവിനെ പിടിച്ചടക്കിയത് അവൻ എന്റേയും ആത്മാവിനെ പിടിച്ചടക്കി. എന്റെ ഉത്തരം കേട്ട് അല്ലാഹുവിന്റെ റസൂൽ പുഞ്ചിരിച്ചു. എന്നിട്ട് എല്ലാവരോടും നമസ്കാരത്തിനായി ഒരുങ്ങാൻ പറഞ്ഞു. പിന്നീട് നമസ്കരിപ്പിച്ചു. ഫജ്റിന്റെ സമയം തെറ്റിയതിൽ എല്ലാവർക്കും ദു:ഖവും പരിഭ്രമവുമുണ്ടായി. ഇത് മനസ്സിലാക്കിയ റസൂൽ, ഇത്തരത്തിൽ എപ്പോഴെങ്കിലും ഉറങ്ങിപ്പോവുകയാണെങ്കിൽ ഉണർന്നാൽ ഉടനെ നമസ്കരിച്ചാൽ മതി എന്ന് പറഞ്ഞുകൊണ്ട് എല്ലാവരേയും സമാധാനിപ്പിച്ചു.

റമളാൻ മാസം ഫജ്റിന് രണ്ട് ബാങ്ക് ഉണ്ടാകാറുണ്ട്. ഏകദേശം തഹജ്ജുദിന്റെ നേരത്ത് ആദ്യം ഞാൻ ബാങ്ക് വിളിക്കും. അത് കേട്ട് എല്ലാവരും അത്താഴം കഴിക്കാനും തഹജ്ജുദ് നമസ്കരിക്കാനും എഴുന്നേൽക്കും. അതിനുശേഷം ഫജ്ർ നമസ്കാരത്തിനായി അബ്ദുല്ലാഹ് ബിൻ മക്തൂം ബാങ്ക് വിളിക്കും.

## ഖുറൈശികളുടെ ധാർഷ്ട്യവും മുസ്‌ലീങ്ങളുടെ നിസ്സഹായതയും

ഞങ്ങൾ മക്കയിൽ അവിശ്വാസികളുടെ പീഡനം സഹിച്ച് 13 വർഷമാണ് കഴിച്ചു കൂട്ടിയത്. അത് സഹിക്കാനാവാതായപ്പോഴാണ് ഇടയ്ക്ക് അല്ലാഹുവിന്റെ റസൂലിന്റെ അനുവാദത്തോടെ കുറേ പേർ എന്റെ നാടായ ഹബ്ശയിൽ അഭയം തേടിയത്. എന്നിട്ടും മക്കക്കാർ അവരെ തിരിച്ചുകൊണ്ടുവന്ന് ബലാൽക്കാരമായി തങ്ങളുടെ പഴയ മതത്തിൽ അവരോധിക്കാനും, അതിന് സമ്മതിക്കാത്തവരെ വധിക്കുവാനും പദ്ധതികൾ തയ്യാറാക്കിക്കൊണ്ട് ഹബ്ശ രാജാവായ നജ്ജാശിയെ സമീപിച്ചെങ്കിലും അത് നടന്നില്ല. എന്നാൽ അതിന് ശേഷം മക്കക്കാരുടെ പീഡനം

എല്ലാ സീമകളും ലംഘിക്കുകയും, മക്കയിൽ ഇസ്‌ലാമിന്റെ ഭാവി ഇരുളടഞ്ഞതായും അതിന്റെ അദ്ധ്യാപനമനുസരിച്ചുള്ള ജീവിതം അസാദ്ധ്യമാണെന്ന് മനസ്സിലാവുകയും ചെയ്തപ്പോൾ ഞങ്ങൾ റസൂലിന്റെ കൽപനയോടെ മദീനയിൽ അഭയം തേടി. അപ്പോഴേക്കും മദീനയിൽ ഇസ്‌ലാമിന് നല്ല വേരോട്ടം ലഭിച്ച് കഴിഞ്ഞിരുന്നു. അൻസ്വാർ എന്ന് വിളിക്കപ്പെടുന്ന മദീനയിലെ നമ്മുടെ മുസ്‌ലിം സഹോദരങ്ങൾ ഞങ്ങളെ രണ്ട് കൈയും നീട്ടി സ്വീകരിച്ചു.

മക്കക്കാരായ ഖുറൈശികളും സിൽബന്തികളും അബൂജഹലും കൂട്ടാളികളും ഞങ്ങളെ നിന്ദ്യരിൽ നിന്ദ്യരാക്കി. ഞങ്ങൾ സഹിച്ചു. ഏകദൈവാരാധനയിൽ നിന്നും വിശ്വാസത്തിൽ നിന്നും ഞങ്ങളെ തടഞ്ഞു. ഞങ്ങൾ ക്ഷമിച്ചു. ഞങ്ങളെ നിർദാക്ഷിണ്യം മർദിക്കുകയും ഞങ്ങളുടെ ധനം പിടിച്ച് പറിക്കുകയും ചെയ്തു. ഞങ്ങൾ പൊറുത്തു. ഞങ്ങളുടെ സ്ത്രീകളെ ഉപദ്രവിക്കുകയും അപമര്യാദയായി പെരുമാറുകയും ചെയ്തു. ഞങ്ങൾ കണ്ടില്ലെന്ന് നടിച്ചു. ഞങ്ങളെ പട്ടിണിക്കിട്ട് കൊല്ലാൻ ശ്രമിക്കുകയും ചിലരെ അതിദാരുണമാം വിധം വധിക്കുകയും ചെയ്തു. ഞങ്ങൾ സഹനം കൈകൊണ്ടു. ഇതിനൊക്കെ പുറമെ ഞങ്ങളുടെ എല്ലാമെല്ലാമായ ഞങ്ങളുടെ ജീവന്റെ ജീവനായ അല്ലാഹുവിന്റെ റസൂലിനെ കല്ലെറിഞ്ഞ് രക്തത്തിൽ കുളിപ്പിച്ചു. കഴുത്തിൽ മുണ്ടിട്ട് മുറുക്കി കൊല്ലാൻ ശ്രമിച്ചു. ഞങ്ങൾ തിരിച്ചൊന്നും ചെയ്തില്ല. കാരണം ഞങ്ങൾക്ക് അവർക്കെതിരിൽ അണിനിരക്കാനോ വാളെടുക്കാനോ അല്ലാഹുവിൽ നിന്നും അവന്റെ റസൂലിൽ നിന്നും അനുവാദമില്ലായിരുന്നു.

ഞങ്ങൾ മക്ക ഉപേക്ഷിച്ച് മദീനയിൽ വന്നാൽ എല്ലാം ശരിയാകുമെന്നും ഞങ്ങളോടുള്ള പകയും വിദ്വേഷവും അതോടെ അവസാനിപ്പിച്ചുകൊണ്ട് ഞങ്ങളെ ഞങ്ങളുടെ അവസ്ഥയിൽ വിടുമെന്നുമായിരുന്നു ഞങ്ങളുടെ ധാരണയും പ്രതീക്ഷയും. എന്നാൽ ഞങ്ങൾക്ക് തെറ്റി. ആദ്യത്തെ കുറച്ച് മാസങ്ങൾ കുഴപ്പമില്ലാതെ കടന്നുപോയെങ്കിലും മെല്ലെ മെല്ലെ അവരുടെ മനസ്സിലുള്ള ദുഷ്ടതയും അവരുടെ ധാർഷ്ട്യവും പ്രകടമാക്കാൻ തുടങ്ങി. അവരുടെ സംസാരത്തിലൂടെയും അവരുടെ വെല്ലുവിളിയിലൂടേയും മദീന എന്നല്ല ഭൂമിയിൽ ഒരിടത്തും അവർ ഞങ്ങളെ ജീവിക്കാൻ അനുവദിക്കുകയില്ല എന്ന് പറയാതെ പറഞ്ഞു. അവർക്ക് ഇസ്‌ലാമിനെ ഇല്ലാതാക്കണം. ഇസ്‌ലാമിന്റെ പേര് പറയുന്നവർ ഈ ഭൂമുഖത്ത് ഉണ്ടാവാൻ പാടില്ല. അതിൽ കുറഞ്ഞ് അവർ ഒന്നിലും തൃപ്തരല്ലായിരുന്നു.

## അബൂജഹലിന്റെ കത്ത് മദീന തലവന്

മദീനയിലും അരക്ഷിതാവസ്ഥ ആരംഭിച്ചു. ഞങ്ങളെ ദ്രോഹിക്കാനും ഇല്ലാതാക്കാനുമുള്ള നടപടിയുമായി അവർ മുന്നോട്ട് പോകാൻ തുടങ്ങിയതായി അല്ലാഹുവിന്റെ റസൂലിന് വ്യക്തമായി മനസ്സിലായി. അങ്ങനെ മദീന ഉറക്കമില്ലാത്ത രാത്രികൾക്ക് സാക്ഷിയായിത്തുടങ്ങി. ആയിടയ്ക്ക് അബൂജഹൽ അടക്കമുള്ള മക്കയിലെ ഖുറൈശി തലവന്മാർ മദീനയിലെ മുടിചൂടാമന്നനായ അബ്ദുല്ലാഹിബ്നു ഉബയ്യിബ്നു സുലൂലിനും കൂട്ടുകാർക്കും ഒരു കത്തയച്ചു. കത്തിലെ ഉള്ളടക്കം ഇങ്ങനെ ആയിരുന്നു. ''നിങ്ങൾ ഞങ്ങളുടെ നാട്ടുകാരായ ഒരുവന് (സ) അഭയം നൽകിയിരിക്കുകയാണ്. നിങ്ങൾ അഭയം പിൻവലിച്ചുകൊണ്ട് അവനോട് (സ) യുദ്ധം ചെയ്യുകയോ, നിങ്ങളുടെ പട്ടണത്തിൽ നിന്ന് അവനെ പുറത്താക്കുകയോ ചെയ്യുകയില്ലെങ്കിൽ അല്ലാഹുവാണെ സത്യം, ഞങ്ങൾ നിങ്ങൾക്കെതിരിൽ പടയോട്ടം നടത്തും. എന്നിട്ട് നിങ്ങളുടെ മുഴുവൻ പുരുഷന്മാരേയും വാളിനിരയാക്കുകയും നിങ്ങളുടെ സ്ത്രീകളെ അധീനപ്പെടുത്തുകയും ചെയ്യും.

കപടവിശ്വാസികളുടെ നേതാവായ അബ്ദുല്ലാഹിബ്നു ഉബയ്യിബ്നു സുലൂലിന് കത്ത് കിട്ടിയപ്പോൾ അൽപം പരിഭ്രമിച്ചുകൊണ്ട് അയാൾ തന്നോടൊപ്പമുള്ളവരുമായി കൂടിയാലോചന നടത്തുകയും മക്കക്കാരെ തൃപ്തിപ്പെടുത്താനെങ്കിലും അല്ലാഹുവിന്റെ റസൂലിനെതിരിൽ നടപടികളെടുക്കാൻ തീരുമാനിക്കുകയും ചെയ്തു. വിവരം അല്ലാഹുവിന്റെ റസൂലിന്റെ ചെവിയിലുമെത്തി. അല്ലാഹുവിന്റെ റസൂൽ ഉടൻ തന്നെ അബ്ദുല്ലാഹിബ്നു ഉബയ്യിബ്നു സുലൂലിന്റെ അടുക്കൽ ചെന്ന്, മദീനയിലെ വലിയൊരു വിഭാഗം ആളുകൾ ഇസ്‌ലാം മതം സ്വീകരിച്ചവരാണെന്നും അവർ ഇസ്‌ലാമിനു വേണ്ടി ജീവത്യാഗം വരെ ചെയ്യുവാൻ മടിക്കാത്തവരാണെന്നും, അതുകൊണ്ട് മുസ്‌ലിമീങ്ങളോട് യുദ്ധം പ്രഖ്യാപിക്കുന്നത് ആത്മഹത്യാപര മായിരിക്കുമെന്നും, മാത്രമല്ല യുദ്ധമുണ്ടായാൽ നിങ്ങൾ യുദ്ധം ചെയ്യുന്നത് സ്വന്തം ബന്ധുമിത്രാദി കളോടായിരിക്കുമെന്നും എല്ലാം കൊണ്ടും നഷ്ടപ്പെടുന്നതും നശിക്കുന്നതും നിങ്ങളായിരിക്കുമെന്നും അയാളെ ബോദ്ധ്യപ്പെടുത്തി. അബ്ദുല്ലാഹിബ്നു ഉബയ്യിബ്നു സുലൂലിന് കാര്യത്തിന്റെ കിടപ്പ് മനസ്സിലായി. അയാളുടെ ബുദ്ധി ഉണർന്നു. അങ്ങനെ അയാൾ ഈ ഉദ്യമത്തിൽ നിന്ന് തൽകാലം പിൻവാങ്ങി.

## സഅദിബ്നു മുആദ് എന്ന മുഅ്മിനും അബൂജഹൽ എന്ന ധിക്കാരിയും

മക്കക്കാർ, ഞങ്ങൾ മുസ്‌ലിമീങ്ങളെ ഇല്ലാതാക്കാൻ കച്ചകെട്ടി ഇറങ്ങിയിരിക്കുകയാണ് എന്നതിലേക്കുള്ള തെളിവിനായി മറ്റ് ഒന്ന് രണ്ട് സംഭവങ്ങൾ കൂടി ഞാൻ പറയാം. ഇസ്‌ലാം സ്വീകരിച്ച മദീനയിലെ ഔസ് ഗോത്രത്തലവനും വലിയ

പ്രമാണിയുമായ സഅദിബ്നു മുആദ് ഹിജ്റത്തിന് കുറച്ച് നാളുകൾക്ക് ശേഷം ഒരിക്കൽ ഉംറ നിർവഹിക്കുവാനായി മക്കയിൽ ചെന്നു. ജാഹിലിയ്യാ കാലത്തെ തന്റെ സ്നേഹിതനും മക്കാപ്രമാണി മാരിൽ ഒരാളും, മുസ്ലിമീങ്ങളുടെ ബദ്ധ ശത്രുവും, എന്റെ പഴയകാല യജമാനനുമായ ഉമയ്യത്തിബ്നു ഖലഫിന്റെ അതിഥിയായി അയാളുടെ വീട്ടിലായിരുന്നു താമസിച്ചിരുന്നത്. സഅദ്, ഉമയ്യയോട് പറഞ്ഞു ഉമയ്യാ, ഞാനൊരു ഇസ്ലാം മതവിശ്വാസിയായത് കൊണ്ട് മറ്റുള്ളവർക്ക് എന്നെ കാണുന്നത് ഇഷ്ടപ്പെടുകയില്ല. അവർക്ക് ശുണ്ഠി പിടിക്കും. പ്രകോപിതരാകും. ഞാൻ അത്തരം യാതൊരു പ്രശ്നവും വഴക്കും ആഗ്രഹിക്കുന്നില്ല. അത് കൊണ്ട് അധികം ആരും ഇല്ലാത്ത സമയം നോക്കി തവാഫിനും മറ്റ് കാര്യങ്ങൾക്കുമായി നീ എനിക്ക് സൗകര്യം ചെയ്ത് തരണം. ഉംറ ചെയ്ത് കഴിഞ്ഞ ഉടനെ തന്നെ ഞാൻ സ്വദേശത്തേക്ക് മടങ്ങിക്കൊള്ളാം. ഉമയ്യും കാര്യങ്ങൾ നന്നായി മനസ്സിലാക്കുന്ന ആളാണ്. അങ്ങനെ ഉമയ്യത്തിബ്നു ഖലഫ്, സാധാരണ നിലയിൽ എല്ലാവരും വീട്ടിലായിരിക്കുന്ന നട്ടുച്ച നേരത്ത് തന്റെ ബാല്യകാല സുഹൃത്തിനേയും കൂട്ടി കഅബയുടെ അടുക്കൽ ചെന്നു. ഭാഗ്യമോ നിർഭാഗ്യമോ എന്നറിഞ്ഞില്ല അൽപസമയത്തിന് ശേഷം പ്രതീക്ഷക്ക് വിപരീതമായി സാക്ഷാൽ അബൂജഹൽ തന്നെ അവിടെ പ്രത്യക്ഷപ്പെട്ടു.

പ്രമാണിയും ഒരു ഗോത്ര നേതാവുമായ സഅദിബ്നു മുആദിനെ കണ്ടപ്പോൾ തന്നെ അബൂജഹലിന് ഏറെ കുറെ ആളെ മനസ്സിലായി. അതോടെ അയാൾ വിറളി പിടിക്കാൻ തുടങ്ങി. അയാൾ തന്റെ ദേഷ്യം ഉള്ളിലൊതുക്കി കൊണ്ട് ഉമയ്യയോട് ചോദിച്ചു, *അബൂ സഫ്വാൻ, ഇതാരാ നിന്നോടൊപ്പം ഒരു പുതിയ ആൾ? ഉമയ്യ പറഞ്ഞു, ഇത് യസ്റബിൽ നിന്നും വന്ന അവിടുത്തെ ഔസ് ഗോത്രത്തലവനായ സഅദിബ്നു മുആദ് ആണ്. ഇത് കേൾക്കേണ്ട താമസം അബൂജഹലിന്റെ രൂപവും ഭാവവും മാറി. കണ്ണുകൾ ചുവന്നു. ചുണ്ടുകൾ വിറക്കാൻ തുടങ്ങി. എന്നിട്ട് അങ്ങേയറ്റം കോപാകുലനായിക്കൊണ്ട് തികഞ്ഞ അവജ്ഞയോടെ സഅദിന്റെ നേരെ അക്രോശിച്ചു."എന്താ നിങ്ങളുടെയൊക്കെ ഭാവം? ആ മുർത്തദ്ദിന് (അവിശ്വാസികളുടെ മതം സ്വീകരിക്കാതെ പുതിയ മതം സ്വീകരിച്ചു എന്ന നിലക്ക് അല്ലാഹുവിന്റെ റസൂലിനെയാണ് മുർത്തദ്ദ് മതത്യാഗി എന്ന് വിളിച്ചത്. നഊദുബില്ലാഹ്) അഭയം നൽകിയ ശേഷവും ഇവിടെ വന്ന് നിർഭയം ഉംറ ചെയ്ത് പോകാമെന്ന് നിങ്ങളൊക്കെ കരുതുന്നുണ്ടോ? അവനെ (സ) സംരക്ഷിക്കാനും സഹായിക്കാനും മാത്രം നിങ്ങളങ്ങ് വലിയവരും പ്രതാപശാലികളുമായിപ്പോയി അല്ലേ? എന്നാൽ മനസ്സിലാക്കിക്കൊള്ളൂ, നിങ്ങൾ അത്രമാത്രം വളർന്നിട്ടില്ല. ഇന്ന് അബൂ സഫ്വാൻ നിന്നോടൊപ്പം ഇല്ലായിരുന്നുവെങ്കിൽ അല്ലാഹുവാണെ സത്യം നീ തിരിച്ച് പോയി വീട്ടുകാരെ കാണുകയില്ലായിരുന്നു." ഹോ എന്തൊരു ധിക്കാരം നിറഞ്ഞ വാക്കുകൾ, എന്തൊരു ധാർഷ്ട്യം.

സഅദിബ്നു മുആദ് ഒരു പ്രമാണിയാണ്. ഒരു ഗോത്ര നേതാവാണ്. അദ്ദേഹത്തിന്റെ സിരകളിലും ഒരു ഭരണാധികാരിയുടെ രക്തമാണ് ഓടുന്നത്. ഞാൻ കാരണം ഇവിടെ യാതൊരു തരത്തിലുള്ള കലാപവും ഫിത്നയും ഉണ്ടാകരുത് എന്ന് ആത്മാർഥമായി അദ്ദേഹം ആഗ്രഹിക്കുന്നുണ്ടെങ്കിലും അബൂജഹലിന്റെ അത്യന്തം നിന്ദ്യവും അഹങ്കാരം നിറഞ്ഞതുമായ വാക്കുകൾ കേട്ടപ്പോൾ സഅദിന്റെ ഹൃദയത്തിലുള്ള യഥാർഥ ഈമാന്റെ അന്തസ്സും അഭിമാനവും തിളച്ച് മറിഞ്ഞു. അദ്ദേഹം അബൂജഹലിന്റെ മുഖത്തടിക്കുന്ന രീതിയിൽ വളരെ ഗാംഭീര്യത്തോടെ പറഞ്ഞു, ''ഞങ്ങളെ കഅബയിൽ നിന്ന് തടയാനാണ് നിന്റെ ഭാവമെങ്കിൽ നീയും കേട്ടോളൂ, ശാമിലേക്കുള്ള നിങ്ങളുടെ കച്ചവട സംഘങ്ങൾ മദീനക്കടുത്തു കൂടി സുരക്ഷിതമായി കടന്ന് പോകുമെന്ന് കരുതേണ്ട.''

അബൂജഹലിനോടുള്ള സഅദിന്റെ വാക്കുകൾ കേട്ട ഉമയ്യ, സഅദിനെ ഉപദേശിച്ചുകൊണ്ട് പറഞ്ഞു, സഅദ്, നോക്കൂ സഅദ്, ഇത് അബുൽ ഹിക്കം ആണ്. ഈ നാടിന്റെ ഏറ്റവും വലിയ പ്രതാപശാലിയായ നേതാവ്. അദ്ദേഹത്തോട് ഇത്തരത്തിൽ ശബ്ദമുയർത്തി സംസാരിക്കുന്നത് അപമര്യാദയാണ്. ഉമയ്യ സഅദിന്റെ പഴയകാല സുഹൃത്തും ഇപ്പോൾ ആതിഥേയനുമാണെങ്കിലും ഈമാൻ പ്രകടിപ്പിക്കേണ്ട കാര്യം വന്നപ്പോൾ സഅദ് എന്ന യഥാർഥ മുഅ്മിൻ മുഖം നോക്കിയില്ല. അദ്ദേഹം ഉമയ്യയുടെ നേരെ തിരിഞ്ഞ് കൊണ്ട് അൽപം നീരസത്തോടെ പറഞ്ഞു, ഉമയ്യാ, നീ മിണ്ടരുത്. ഇതിൽ ഇടപെടുകയുമരുത്. അല്ലാഹുവാണെ സത്യം, നീ ഒരു നാൾ ഒരു മുസ്ലിമിന്റെ കൈയാൽ വധിക്കപ്പെടുമെന്ന അല്ലാഹുവിന്റെ റസൂലിന്റെ പ്രവചനം ഞാൻ മറന്നതു കൊണ്ടല്ല നിന്നെ ഇതുവരേയും അറിയിക്കാതിരുന്നത്.

സഅദിന്റെ വാക്കുകൾ കേട്ടപ്പോൾ ഉമയ്യ ആകെ തളർന്നു പോയി. അയാൾ വീട്ടിൽ ചെന്ന് ഭാര്യയോട് നടന്ന സംഭവങ്ങളെല്ലാം പറഞ്ഞു. ഇനി മേലിൽ മക്കക്ക് വെളിയിൽ മുസ്ലിമീങ്ങൾക്കെതിരിലുള്ള ഒരു നടപടിയിലും താൻ പങ്കെടുക്കുന്നതല്ല എന്നും ഉമയ്യ ഭാര്യയോട് പറഞ്ഞു. അതിന് കാരണം "വള്ളാഹി മാ യുകസ്സിബു മുഹമ്മദുൻ ഇദാ ഹദസ.'' അല്ലാഹുവാണെ സത്യം, മുഹമ്മദ് സത്യമല്ലാതെ മറ്റൊന്നും പറയാറില്ല. അതായത് മുഹമ്മദ് എന്ത് പറഞ്ഞിട്ടുണ്ടോ അത് അതേപടി പുലർന്നിട്ടേയുള്ളു. അവൻ കളവ് പറയു

കയില്ല. ബദ്ധശത്രുവാണെങ്കിലും ഉമയ്യ അല്ലാഹുവിന്റെ റസൂലിന്റെ ഉൽകൃഷ്ടതയും ശ്രേഷ്ഠതയും നന്നായി മനസ്സിലാക്കിയിരുന്നു. പക്ഷേ അയാളുടെ ജീവിതത്തിൽ അത്കൊണ്ട് യാതൊരു പ്രയോജന വും ഉണ്ടായില്ല. ഇവിടെ അബൂ ജഹലിന്റെ ധിക്കാരവും അഹന്തയും നിറഞ്ഞ വാക്കുകളിലൂടെ മുസ്ലി മീങ്ങളെ എന്ത് തന്നെ ആയാലും ഇല്ലായ്മ ചെയ്യാൻ ദൃഢപ്രതിജ്ഞ ചെയ്തിട്ടാണുള്ളത് എന്ന് മനസ്സി ലാക്കാം.

## മരണശയ്യയിലെ മുഗീറയും അബൂസുഫിയാന്റെ സാന്ത്വനവും

അതേ കാലത്തെ മറ്റൊരു സംഭവം പറയാം. പിൽകാലത്ത് ഇസ്ലാമിന്റെ സേനാനായകരിൽ ഒരാളായ ഖാലിദ് ബിൻ വലീദിന്റെ പിതാവ് വലീദ് ബിൻ മുഗീറ മരണശയ്യയിലായിരുന്നപ്പോൾ അബൂസുഫിയാൻ അടക്കമുള്ള നേതാക്കൾ അയാളെ കാണാൻ ചെന്നു. വലീദ് ബിൻ മുഗീറയും മക്കയിലെ അറിയപ്പെട്ട നേതാക്ക ളിൽ ഒരാളാണ്. ഈ നേതാക്കളെ കണ്ടപ്പോൾ വലീദ് പൊട്ടിക്കരയാൻ തുടങ്ങി. നേതാക്കൾ കാരണമന്വേ ഷിച്ചു. വലീദ് ബിൻ മുഗീറ പറഞ്ഞു, "മരണഭയം നിമിത്തമാണ് കരയുന്നത് എന്ന് നിങ്ങൾ കരുതു ന്നുണ്ടാകാം. എന്നാൽ അല്ലാഹുവാ ണെ സത്യം, അങ്ങനെ ഒരിക്കലു മല്ല. എന്നെ പിടി കൂടിയിരിക്കുന്ന ദു:ഖവും പരിഭ്രമവും മറ്റൊന്നാണ്. മുഹമ്മദി(സ)ന്റെ ദീൻ എല്ലാ യിടത്തും വ്യാപിക്കുമോ, അത് നമ്മുടെ മക്കയേയും അധീനപ്പെടു ത്തുമോ എന്നതാണ് എന്നെ മഥിക്കുന്ന ഹൃദയ വേദന." ഉടനെ അബൂസുഫിയാൻ പറഞ്ഞു, ''അബൂ ഖാലിദ്, (ഖാലിദിന്റെ പിതാവേ) അതോർത്ത് താങ്കൾ വ്യസനിക്കേണ്ട. പരിഭ്രമിക്കുകയും വേണ്ട. ഞങ്ങൾ ജീവിച്ചിരിക്കെ അങ്ങനെ ഒന്ന് സംഭവിക്കുകയില്ല. ഞങ്ങളതിന് സമ്മതിക്കുകയുമില്ല. താങ്കൾ ധൈര്യമായിരിക്കൂ.'' മരിക്കാൻ പോകുന്ന ആൾക്കുള്ള ഹൃദയവേദന, മുഹമ്മദിന്റെ മതം സ്വന്തം നാട്ടിലും വ്യാപിക്കുമോ എന്നാണ്. അതിന് ഞങ്ങൾ ഒരിക്ക ലും സമ്മതിക്കുകയില്ല എന്ന് പറഞ്ഞുകൊണ്ട് മറ്റുള്ളവർ അയാ ളെ സമാധാനിപ്പിക്കുകയും ചെയ്യു ന്നു. ഈ സംഭവത്തിൽ നിന്ന് ഖുറൈശികളുടെ മനസ്സിലിരിപ്പ് വളരെ വ്യക്തമാണല്ലോ.

ദിനങ്ങൾ കഴിയുന്തോറും അരക്ഷിതാവസ്ഥ ഏറിവന്നു. മദീന ഏത് സമയത്തും ആക്രമിക്ക പ്പെടാൻ സാദ്ധ്യതയുണ്ടെന്ന് അല്ലാഹുവിന്റെ റസൂലിന് നന്നായി മനസ്സിലായി. റസൂൽ രാത്രി ഉറങ്ങാതായി. അല്ലാഹുവിന്റെ റസൂലിന്റെ സുരക്ഷിതത്വം ഞങ്ങളെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ട കർത്തവ്യമാണ്. അങ്ങനെ ഞങ്ങൾ ഊഴമനുസരിച്ച് മദീനയിൽ പലഭാഗങ്ങളിലും, അല്ലാഹുവിന്റെ റസൂലിനും കാവലി രിക്കാൻ തുടങ്ങി.

അല്ലാഹുവിന്റെ റസൂലിന്റെ കൽപനകളനുസരിച്ച് ഞങ്ങൾ എല്ലാ മുൻകരുതലുകളും ചെയ്ത് തുടങ്ങി. ഇനിയും അവിശ്വാസി കളുടെ ആക്രമങ്ങൾക്കും അനീതി ക്കും അതേ രീതിയിൽ മറുപടി കൊടുക്കാതിരിക്കുന്നത് ആത്മ ഹത്യാപരമായിരിക്കുമെന്ന് അല്ലാഹുവിന്റെ റസൂൽ നന്നായി മനസ്സിലാക്കി ത്തുടങ്ങിയിരുന്നു. അല്ലാഹുവിന്റെ റസൂൽ, അല്ലാഹു വിൽ നിന്നുള്ള നിർദേശവും അനുവാദവും കൽപനയും ഇല്ലാ തെ ഒരു കാര്യവും ചെയ്തിരുന്നില്ല. അവസാനം അല്ലാഹുവിൽ നിന്നു ള്ള അറിയിപ്പുണ്ടായി. അല്ലാഹു അരുൾ ചെയ്യുകയാണ്..

"യുദ്ധം ചെയ്യപ്പെടുന്നവർക്ക് (അതായത് ആർക്കെതിരിലാണോ യുദ്ധം ചെയ്യപ്പെടുന്നത്) അവർക്ക് (തിരിച്ചും യുദ്ധം ചെയ്യാൻ) അനു മതി നൽകപ്പെട്ടിരിക്കുന്നു. എന്തെ ന്നാൽ അവർ അക്രമിക്കപ്പെട്ടിരി ക്കുകയാണ്. തീർച്ചയായും അല്ലാ ഹു അവരെ സഹായിക്കുവാൻ കഴിവുള്ളവനാകുന്നു. ഞങ്ങളുടെ നാഥൻ അല്ലാഹുവാണ് എന്നവർ പറയുന്നതൊഴിച്ച് (മറ്റൊരു കാരണ വും കൂടാതെ) അന്യായമായി തങ്ങളുടെ ഭവനങ്ങളിൽ നിന്ന് ബഹിഷ്കരിക്കപ്പെട്ടവരാണവർ. മനുഷ്യരിൽ ചിലർക്ക് മറ്റു ചിലരിൽ നിന്നുള്ള അക്രമത്തിൽ നിന്ന് സ്വയം രക്ഷിക്കുന്നതിന് അല്ലാഹു അനുമതി നൽകിയില്ലായിരുന്നു വെങ്കിൽ സന്യാസി മഠങ്ങളും ക്രിസ്തീയ ദേവാലയങ്ങളും ജൂത പള്ളികളും മുസ്ലിം പള്ളികളും എല്ലാം തകർക്കപ്പെടുമായിരുന്നു. അവയിൽ വെച്ച് അല്ലാഹുവിന്റെ നാമം ധാരാളമായി അനുസ്മരിക്ക പ്പെടുന്നു. തന്നെ സഹായിക്കുന്ന വരെ അല്ലാഹു സഹായിക്കുക തന്നെ ചെയ്യും. തീർച്ചയായും അല്ലാഹു മഹാശക്തനും പ്രതാപ വാനുമാകുന്നു (22: 40, 41)

ഇതിന് ശേഷം പ്രതിരോധ ത്തിനും തങ്ങളുടെ സുരക്ഷിതത്വം ഉറപ്പിക്കുന്നതിനുമായി മുസ്ലിമീങ്ങ ളും അവിശ്വാസികളും തമ്മിൽ ഘോരഘോരമായ ധാരാളം യുദ്ധ ങ്ങൾ ഉണ്ടായി. ചില യുദ്ധങ്ങളിൽ മുസ്ലിമീങ്ങൾക്ക് താരതമ്യേന ചെറിയ നഷ്ടം ഉണ്ടായെങ്കിലും, ചിലർക്ക് രക്തസാക്ഷിത്വം വരിക്കേ ണ്ടി വന്നിട്ടുണ്ടെങ്കിലും പൊതുവിൽ എല്ലാ യുദ്ധങ്ങളിലും വമ്പിച്ച വിജയമാണ് മുസ്ലിമീങ്ങൾ കൈവരിച്ചത്. ഓരോ യുദ്ധത്തിന് ശേഷവും മുസ്ലിമീങ്ങളുടെ ആധിപത്യവും ശക്തിയും വർധിച്ച് കൊണ്ടേയിരുന്നു. അതോടൊപ്പം മുസ്ലിമീങ്ങളുടെ ഗാംഭീര്യവും ധീരതയും അവിശ്വാസികളുടെ ഹൃദയങ്ങളിൽ പ്രകമ്പനം സൃഷ്ടി ച്ചു. യുദ്ധകോപ്പുകളും യുദ്ധ തന്ത്രങ്ങൾ അറിയാവുന്നവരും അവിശ്വാസികളുടെ ഭാഗത്താണ് ഉണ്ടായിരുന്നതെങ്കിലും അവർക്ക് കൃത്യമായ നേതൃത്വമോ അല്ലാഹു

ശേഷം പേജ് 40 ൽ

# ഒരു ഇസ്റായേൽ സന്ദർശനം

എം.സി റശീദ് അഹ്മദ്, കൊടിയത്തൂർ



'എല്ലാവരോടും സ്നേഹം ആരോടും വിരോധമില്ല' എന്ന ശാന്തി മന്ത്രം മുദ്രാവാക്യമാക്കി സമാധാന പൂർവം പ്രവർത്തിക്കുന്ന അഹ്മദിയ്യാ ജമാഅത്തിന് ഇസ്റായേൽ പ്രവർത്തന സ്വാതന്ത്ര്യം അനുവദിക്കുന്നു. സമാധാനത്തിൽ അടിയുറച്ച് വിശ്വസിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന ഒരു വിഭാഗം എന്ന നിലക്ക് അഹ്മദിയ്യാ മുസ്‌ലിംകൾക്ക് ആദരപൂർണമായ പരിഗണനയാണ് ഇസ്റായേൽ ഭരണ കൂടവും ഇസ്റായേൽ ജനതയും നൽകുന്നതെന്ന് കഴിഞ്ഞ ഇസ്റായേൽ സന്ദർശനവേളയിൽ എനിക്ക് അനുഭവപ്പെട്ടു, അൽഹംദുലില്ല.

1948 ൽ ഇസ്റായേൽ സ്റ്റേറ്റ് രൂപീകരിക്കുന്നതിന് ഏകദേശം ഇരുപത് വർഷങ്ങൾക്ക് മുമ്പേ 1928 ലാണ് അവിടെ അഹ്മദിയ്യാ ജമാഅത്ത് രൂപീകരിക്കുന്നത്. മതസ്വാതന്ത്ര്യം അനുവദിക്കുന്ന ഇസ്റായേൽ സ്റ്റേറ്റിൽ അഹ്മദിയ്യാ ജമാഅത്തിന് പ്രവർത്തിക്കാൻ പൂർണസ്വാതന്ത്ര്യമുണ്ട്.

ഇസ്റായേലിൽ കബാബീറിലെ ഹൈഫയിൽ ചേർന്ന അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ത്രിദിന വാർഷിക സമ്മേളനത്തിൽ പങ്കെടുക്കുന്നതിനാണ് ലോകത്തെ ഏക ജൂതരാഷ്ട്രമായ ഇസ്രായേലിൽ 2016 ജൂലായ് 27-ാം തീയതി ഞാനെത്തിയത്. 1928 ലാണ് ഇസ്റായേലിൽ കബാബിറിലെ ഹൈഫയിൽ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് സ്ഥാപിതമായത്. അഹ്മദിയ്യ മുസ്‌ലിം ജമാഅത്തിന്റെ ആഗോള ആത്മീയ നേതാവ് ഖലീഫത്തുൽ മസീഹ് രണ്ടാമൻ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് സാഹിബ് (റ)യുടെ നിർദേശമനുസരിച്ച് സിറിയയിൽ

ഇസ്റായേൽ രാഷ്ട്ര രൂപീകരണത്തോടെ ഇതര മുസ്‌ലിംകൾ ഈ നാടുവിട്ടതോടെ ഇവിടെ ഇപ്പോൾ ഭൂരിപക്ഷം മുസ്‌ലിംകൾ അഹ്മദിയ്യാ മുസ്‌ലീംകളാണ്. കബാബീറിലെ അൽമഹദീ സ്ട്രീറ്റും റബ്വ സ്ട്രീറ്റും ജമാലുദ്ദീൻ ശംസു റോഡും മാറ്റങ്ങൾക്ക് വിധേയമാകാതെ ഇന്നും അതേപടി നിലനിൽക്കുന്നു.

നിന്ന് ഇസ്റായേലിലെത്തി ഇവിടെ അഹ്മദിയ്യാ ജമാഅത്ത് സ്ഥാപിച്ചത് മസീഹ് മഊദ് ഹദ്റത്ത് അഹ്മദ് (അ) ന്റെ സഹാബിയും ബഹുമുഖ പ്രതിഭയുമായിരുന്ന ഹദ്റത്ത് ജമാലുദ്ദീൻ **ശെംസ്** സാഹിബ്(റ) ആയിരുന്നു. ഇസ്റായേൽ രാഷ്ട്ര രൂപീകരണത്തോടെ ഇതര മുസ്‌ലിം കൾ ഈ നാടുവിട്ടതോടെ ഇവിടെ ഇപ്പോൾ ഭൂരിപക്ഷം മുസ്‌ലിംകൾ അഹ്മദിയ്യാ മുസ്‌ലീംകളാണ്. കബാബീറിലെ അൽമഹദീ സ്ട്രീറ്റും റബ്വ സ്ട്രീറ്റും ജമാലുദ്ദീൻ ശംസു റോഡും മാറ്റങ്ങൾക്ക് വിധേയമാകാതെ ഇന്നും അതേപടി നിലനിൽക്കുന്നു.

ഞാൻ പല വിദേശയാത്രകൾ നടത്തിയിട്ടുണ്ട്. നിരവധി അഹ്മദിയ്യാ അന്തർദേശീയ സമ്മേളനങ്ങളിലും പങ്കെടുത്തിട്ടുമുണ്ട്. എന്നാൽ ഒരിക്കലും മറക്കാനാകാത്ത ഊഷ്മള സ്വീകരണം ഏറ്റുവാങ്ങിയ ഒരു യാത്രയും സമ്മേളനവുമായിരുന്നു ഇത്. യഹൂദി സഹോദരന്മാരുടെ സ്വാഗതവും സ്വീകരണങ്ങളും ഏറ്റുവാങ്ങിയാണ് ഞങ്ങൾ സമ്മേളനവേദിയിലെത്തിയത്.

ഇസ്റായേൽ വിസ നടപടി ക്രമം പൂർത്തിയാക്കാൻ 2016 ജൂലായ് 20-ാം തീയതിയാണ് ഞാൻ ദുബായിൽ നിന്ന് ദില്ലിയിൽ എത്തിയത്. ദില്ലിയിൽ ഇസ്റായേൽ എംബസി കണ്ടെത്താൻ ഏറെ പ്രയാസപ്പെട്ടു. എങ്കിലും ഏറെ സങ്കീർണമായ ഇസ്റായേൽ വിസ നടപടി ക്രമം, അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ മികച്ച പ്രതിച്ഛായയുടെ വെളിച്ചത്തിൽ മണിക്കൂറുകൾക്കകം പൂർത്തിയായി. എത്യോപിയ വഴിയായിരുന്നു യാത്ര. 27-ാം തീയതി രാവിലെ ദില്ലിയിൽ നിന്ന് എത്യോപിയയിലേക്ക് വിമാനത്തിൽ പുറപ്പെട്ടു. അഞ്ചര മണിക്കൂറിന് ശേഷം എത്യോപിയയിലെ അഡീസ് അബാബ എയർപോർട്ടിലെത്തി. ആധുനിക വിമാനത്താവളങ്ങളുടെ പ്രൗഢിയൊന്നുമില്ലാത്ത ശാലീന സുന്ദരമായ നന്നെ ചെറിയ ഒരു വിമാനത്താവളം. പ്രതിദിനം രണ്ടും മൂന്ന് പ്രാവശ്യം മഴ പെയ്യുന്ന പ്രകൃതി സുന്ദരമായ ഈ പ്രദേശത്തെ ഈ വിമാന ത്താവളത്തിൽ ഫാനോ, എയർകണ്ടീഷനോ പ്രവർത്തിക്കുന്നില്ലെങ്കിലും പറഞ്ഞറിയിക്കാനാവാത്ത കുളിർമ അനുഭവപ്പെട്ടു; പ്രകൃതി കനിഞ്ഞാൽ എന്തിന് ഫാൻ, എന്തിന് എ.സി! ഇവിടെ നിന്ന് പറന്നുയർന്ന വിമാനം മൂന്നര മണിക്കൂറിന്ശേഷം ഇസ്റായേലിലെ ടെൽഅവീവ് വിമാനത്താവളത്തിലെത്തി; അവിടെ സ്വീകരിക്കാൻ മൗലവി ശംസുദ്ദീൻ സാഹിബും സഹോദരന്മാരും എത്തിച്ചേർന്നിരുന്നു. ഞാൻ പറന്നുയർന്ന വിമാനത്താവളത്തെ അധികരിച്ച് ടെൽഅവീവ് എയർപോർട്ട് പ്രവിശാലമായിരുന്നു. നിരവധി വിദേശികൾ യാത്രക്കാരായുണ്ടായിരുന്നു. കാറിൽ ഞങ്ങൾ ഹൈഫയിലേക്ക് തിരിച്ചു. കിലോമീറ്ററുകൾക്ക് ദൂരനിന്ന് തന്നെ **കബാബീർ ഹൈഫയിലെ** അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ആകാശത്തേക്ക് ഉയർന്ന നിൽക്കുന്ന വെള്ളി മിനാരം ദൃശ്യമായി. ഹൃദ്യമായ സ്വീകരണമാണ് ഇവിടെ ഞങ്ങൾക്ക് ലഭിച്ചത്. 28, 29, 30 തീയതികളിലായിരുന്നു സമ്മേളനം. ഒന്നാമത്തെ സമ്മേളനം പ്രധാനമായും യഹൂദി-ക്രൈസ്തവ അതിഥികളെ ഉദ്ദേശിച്ചുള്ളതായിരുന്നു. നാന്നൂറോളം പ്രതിനിധികൾ ഈ സമ്മേളനത്തിൽ പങ്കെടുത്തു. ഇവരിൽ ഇസ്റായേൽ മന്ത്രിമാരും യഹൂദപുരോഹിതന്മാരും അംബാസിഡർമാരും പോലീസ് ഉദ്യോഗസ്ഥന്മാരും പലസ്തീൻ പ്രസിഡന്റ് മുഹമ്മദ് അബ്ബാസിന്റെ പ്രതിനിധിയും ഉൾപ്പെട്ടിരുന്നു.

## റിയാ അഥവാ നാട്യം

റിയായുടെ ചലനം വളരെ പതുക്കെയാണ്. അത് ഒരു ഉറുമ്പിനേക്കാൾ മന്ദം ചലിക്കുന്നു. എല്ലാ അനുമോദനത്തിലും അധിക്ഷേപത്തിലും റിയയുടെ ഒരംശം അടങ്ങിയിരിക്കുന്നു. സത്യവിശ്വാസി ചെയ്യേണ്ട കാര്യം. അവന് ആരിൽ നിന്നെങ്കിലും എന്തെങ്കിലും നന്മയോ ഉപകാരമോ വന്നുചേർന്നാൽ അയാളെ അനുമോദിക്കുന്നതിന് മുമ്പ് അല്ലാഹുവിനെ സ്തുതിക്കുക എന്നതാണ്. അല്ലാത്തപക്ഷം അതു റിയായിൽ പെട്ടതാകുന്നു. അതുപോലെ ഏതെങ്കിലും വിഷമ ഘട്ടത്തിലോ ദോഷസമയത്തോ അല്ലാഹുവിന്റെ ഹിക്മത്തിനെ മുന്നിൽ കാണേണ്ടതാണ്. സത്യവിശ്വാസിയുടെ സവിശേഷത ഇതാകുന്നു. അതായത്, അവന്റെ അല്ലാഹുവുമായുള്ള ബന്ധം മറ്റുള്ളവർ അറിഞ്ഞുപോകുന്നത് ഒരിക്കലുമവൻ ഇഷ്ടപ്പെടുന്നില്ല.

**- ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)**

കുറിപ്പുകൾ

# പാരിസ് ഉടമ്പടിയിൽ നിന്ന് അമേരിക്ക പിന്മാറുന്നു

മുസാഫിർ




ലോക കാലാവസ്ഥാ വ്യതിയാനവും അതുസംബന്ധമായി ഉണ്ടാവുന്ന പാരിസ്ഥിതിക കെടുതികളും നിയന്ത്രിക്കുന്നതിൽ ലോകം വളരെയേറെ പ്രതീക്ഷ പുലർത്തിയിരുന്ന പാരിസ് ഉടമ്പടിയിൽ നിന്ന് അമേരിക്ക പിൻവാങ്ങിയത് ലോകത്തിന്റെ പാരിസ്ഥിതിക സുരക്ഷക്ക് വൻ ഭീഷണി ഉയർത്തുകയാണ്. ആഗോളതാപനം ഉണ്ടാക്കുന്ന കാർബൺ ഡയോക്സൈഡിന്റെയും മറ്റു അപകടകാരികളായ ഹരിതഗൃഹ വാതകങ്ങളുടെയും അളവ് വർഷന്തോറും കൂടി വരുന്നതിന് തടയിടാനും നിയന്ത്രിക്കാനും പാരിസ് കരാറിന് കഴിയുമെന്ന് ലോകം വിശ്വസിച്ചിരുന്നു. ഐക്യരാഷ്ട്ര സഭയുടെ ആഭിമുഖ്യത്തിൽ 2015 ഡിസംബർ 12ന് യുണൈറ്റഡ് കൺവെൻഷൻ ഓൺ ക്ലൈമറ്റ് ചെയ്ഞ്ച് (UNFCCC) എന്ന പേരിൽ പാരിസിൽ ചേർന്ന UNFCCC യുടെ പ്രാഥമിക സമ്മേളനത്തിൽ ലോകത്തിലെ 196 രാജ്യങ്ങളായിരുന്നു പങ്കെടുത്തത്. ഈ ഫ്രെയിം വർക്ക് (ചട്ടകൂട് ഉണ്ടാക്കൽ) കോൺഫ്രൻസിലെ ധാരണകളും ലക്ഷ്യങ്ങളും 2020 ൽ പൂർണ തോതിൽ പ്രാവർത്തികമാക്കാൻ ഉദ്ദേശിച്ചതായിരുന്നു കരാർ. ആ കരാറിൽ ഓരോ രാജ്യവും ആഗോള താപനത്തിന് കാരണമാവുന്ന കാർബൺ ഡയോക്സൈഡടക്കം അപകടകാരികളായ വാതകങ്ങളുടെ അന്തരീക്ഷത്തിലേക്കുള്ള ഉൽസർജനം തടയാനും കുറക്കാനും നിയന്ത്രിക്കാനുമുള്ള പ്ലാനുകളും മറ്റു ആസൂത്രണങ്ങളും സ്വമേധയാ നടത്തുകയും അക്കാര്യം സ്ഥിരമായി റിപ്പോർട്ട് ചെയ്യുകയും വേണം. അത്തരം വാതകങ്ങൾ കുറക്കുന്നതിന്റെ ഫലമായി രാജ്യങ്ങൾക്കുണ്ടാകുന്ന നഷ്ടങ്ങൾക്ക് ഉൽപാദക രാജ്യങ്ങൾ സാമ്പത്തിക സഹായം നൽകുകയും വേണം. ലോകത്ത് വ്യവസായങ്ങൾ ആരംഭിക്കുന്നതിന് മുമ്പ് ഉണ്ടായിരുന്ന കാർബൺ അളവിന് തുല്യമായി 2 ഡിഗ്രി സെന്റിഗ്രേഡിന് താഴെയായി അന്തരീക്ഷ താപനത്തെ നൂതന സങ്കേതങ്ങൾ ഉപയോഗിച്ച് ഈ ഉടമ്പടിയിലെ അംഗ രാജ്യങ്ങൾ കുറക്കേണ്ടതുണ്ട്. മനുഷ്യ വംശത്തിന്റെ ഭാവിതലമുറക്ക് വേണ്ടി ഭൂമിയുടെ സന്തുലനം ഉറപ്പാക്കാനുള്ള ഈ കരാർ സ്വമേധയാ ആണ് ഓരോ രാജ്യവും നടപ്പാക്കേണ്ടത്. നിർബന്ധം ചെലുത്തുന്ന ഒരു ഘടകവും ഈ കരാറിലില്ല.

മാനവരാശിയുടെ ഭാവിക്ക് വേണ്ടിയുള്ള മഹത്തായ ഈ ഉടമ്പടിയിൽ നിന്നാണ് പ്രസിഡന്റ് ട്രംപ് പിന്മാറിയിരിക്കുന്നത്. അമേരിക്കയാകട്ടെ ലോകത്ത് കാർബൺ ഉൽസർജനത്തിൽ എറ്റവും മുന്നിൽ നിൽക്കുന്ന രണ്ടാമത്തെ രാജ്യമാണ്. ഒന്നാമത്തെ രാജ്യം ചൈനയാണ്. ചൈനയും അമേരിക്കയും കൂടി ആഗോളതാപനത്തിന് കാരണമായ മൊത്തം വാതകങ്ങളുടെ 40 % പുറത്തേക്ക് വിടുന്ന രാജ്യങ്ങളാണ്.

മാനവരാശിയുടെ ഭാവിക്ക് വേണ്ടിയുള്ള മഹത്തായ ഈ ഉടമ്പടിയിൽ നിന്നാണ് പ്രസിഡന്റ് ട്രംപ് പിന്മാറിയിരിക്കുന്നത്. അമേരിക്കയാകട്ടെ ലോകത്ത് കാർബൺ ഉൽസർജനത്തിൽ എറ്റവും മുന്നിൽ നിൽക്കുന്ന രണ്ടാമത്തെ രാജ്യമാണ്. ഒന്നാമത്തെ രാജ്യം ചൈനയാണ്. ചൈനയും അമേരിക്കയും കൂടി ആഗോളതാപനത്തിന് കാരണമായ മൊത്തം വാതകങ്ങളുടെ 40 % പുറത്തേക്ക് വിടുന്ന രാജ്യങ്ങളാണ്. ഈ രണ്ടു രാജ്യങ്ങളും 2016 ഏപ്രിൽ 1 ന് പാരിസ് ഉടമ്പടിയിൽ ഒപ്പുവെക്കുമെന്ന് പറഞ്ഞവരാണ്. അതിൽ അമേരിക്കയാണ് തങ്ങളുടെ ദേശീയ താൽപര്യങ്ങൾക്ക് വിരുദ്ധ മാണ് പാരിസ് ഉടമ്പടി എന്ന് പറഞ്ഞു കൊണ്ട് 2017 ജൂൺ 1 –ാം തീയതി നടത്തിയ പ്രസ്താവനയി ലൂടെ അതിൽ നിന്ന് പിന്മാറിയത്.

---

ഈ രണ്ടു രാജ്യങ്ങളും 2016 ഏപ്രിൽ 1 ന് പാരിസ് ഉടമ്പടിയിൽ ഒപ്പുവെക്കുമെന്ന് പറഞ്ഞവരാണ്. അതിൽ അമേരിക്കയാണ് തങ്ങളുടെ ദേശീയ താൽപര്യങ്ങൾക്ക് വിരുദ്ധ മാണ് പാരിസ് ഉടമ്പടി എന്ന് പറഞ്ഞു കൊണ്ട് 2017 ജൂൺ 1–ാം തീയതി നടത്തിയ പ്രസ്താവനയി ലൂടെ അതിൽ നിന്ന് പിന്മാറിയത്. ട്രംപ് തന്റെ തിരഞ്ഞെടുപ്പ് വാഗ്ദാനങ്ങളിൽ പറഞ്ഞ ഒരു കാര്യം പാരിസ് ഉടമ്പടിയിൽ നിന്നുള്ള പിന്മാറ്റമായിരുന്നു. ഈ കരാർ നടപ്പാകുകയാണെങ്കിൽ അമേരിക്കക്ക് 3 ട്രില്യൻ ഡോളർ നഷ്ടവും 65 ദശ ലക്ഷം തൊഴിൽ നഷ്ടവുമുണ്ടാകുമെന്നാണ് ട്രംപ് പറഞ്ഞത്. തങ്ങളുടെ സാമ്പത്തിക വ്യവസഥയെ തുരങ്കം വെക്കുന്ന താണ് ഈ കരാർ എന്നും അന്തർദേശീയ സമൂഹത്തോടല്ല അമേരിക്കയോടാണ് തനിക്ക് പ്രതിബദ്ധത എന്നുമാണ് ട്രംപ് പറഞ്ഞത്. തന്റെ വാഗ്ദാനങ്ങളുടെ നിറവേറ്റലാണ് അദ്ദേഹം ഇപ്പോൾ നടപ്പാക്കിയിരിക്കുന്നത്. ബാക്കി 174 രാജ്യങ്ങളും യൂറോപ്യൻ യൂണിയ നും ആദ്യ ദിവസം തന്നെ ഒപ്പ് വെച്ചവരാണ്. 2016 ഏപ്രിൽ 22 മുതൽ 2017 ഏപ്രിൽ 21 വരെയാണ് ഒപ്പുവെക്കേണ്ട സമയം.ട്രംപിന്റെ ഈ തീരുമാനത്തിനെതിരെ ലോകത്തിന്റെ നാനാ ഭാഗത്ത് നിന്നും മാത്രമല്ല അമേരിക്കയിൽ നിന്നും സ്വന്തം പാർട്ടിയിൽ നിന്നും രൂക്ഷമായ എതിർപ്പാണ് നേരിടു ന്നത്. അമേരിക്കയിലെ പല സ്റ്റേറ്റിലുള്ള ഗവർണർമാരും ചേർന്ന് United States Climate Alliance എന്ന ഒരു സംഘടന രൂപികരിച്ച് ട്രംപിന്റെ ഫെഡറൽ അമേരിക്കൻ ഭരണകൂടത്തിന്റെ തീരുമാനത്തിനെതിരെ പാരിസ് ഉടമ്പടിയിലെ ലക്ഷ്യങ്ങളുമായി മുന്നോട്ട് പോകാൻ തീരുമാനി ച്ചിട്ടുണ്ട്. മുൻ അമേരിക്കൻ പ്രസിഡന്റ് ബറാക് ഒബാമ ട്രംപിന്റെ പ്രസ്താവന ഖേദകരം എന്നാണ് വിശേഷിപ്പിച്ചത്. ട്രംപിന്റെ പ്രസ്താവന വന്ന് മിനുട്ടുകൾക്ക കം ജർമൻ ചൻസലർ ആഞ്ചലാ മെർക്കൽ, ഫ്രാൻസ് പ്രസിഡന്റ് ഇമ്മാനുവൽ മക്രോൺ, ഇറ്റാലിയൻ പ്രധാനമന്ത്രി പോളോ ജെന്റിലിയോ നി എന്നിവർ പാരിസ് ഉടമ്പടി യാതൊരു കാരണവശാലും തിരു ത്താനോ പുനപ്പരിശോധിക്കാനോ സാദ്ധ്യമല്ല എന്നും ഉടമ്പടിയുമായി തങ്ങൾ മുന്നോട്ട് പോകുമെന്നും അപൂർവമായുള്ള ഒരു സംയുക്ത പ്രസ്താവനയിൽ അസന്ദിഗ്ദമായി പ്രഖ്യാപിക്കുകയുണ്ടായി. ചൈന യും തങ്ങളുടെ പിന്തുണ പാരിസ് ഉടമ്പടിക്ക് അറിയിച്ചിട്ടുണ്ട്. പാരിസ് ഉടമ്പടിയിൽ നിന്നുമുള്ള അമേരിക്ക യുടെ പിന്മാറ്റം അവരെ അന്തർ ദേശീയ സമൂഹത്തിൽ നിന്നും ഈ വിഷയത്തിൽ ഏറെക്കുറെ ഒറ്റപ്പെടു ത്തിയിരിക്കുകയാണ്.

അങ്ങേയറ്റം ആഗോള സഹ കരണവും പ്രതിബദ്ധതയും ആവശ്യപ്പെടുന്ന ഒരു രംഗമാണ് ആഗോള കാലാവസ്ഥാ സുസ്ഥിര ത. ഇക്കാര്യത്തിൽ അമേരിക്കയിൽ നിന്നും സ്വന്തം പാർട്ടിയിൽ നിന്നും കടുത്ത വിമർശനം നേരിടുന്ന ട്രംപ് നിരുത്തരവാദിത്വപരവും ധാർഷ്ട്യം നിറഞ്ഞതുമായ സമീപനമാണ് സ്വീകരിച്ചിരിക്കുന്നത്. ഭൗമാന്തരീ ക്ഷത്തിൽ കാർബണിന്റെ ആധിക്യം കൂടി വരുന്നത് ആശങ്കാജനകമാണ്. 2015 ൽ ഡിസംബറിൽ കാർബൺ 402.11 പിപിഎം ആയിരുന്നത് 2016 മേയ് മാസത്തിൽ 407.8 പിപിഎം ഉം 2017 മാർച്ച് 31 ന് 410 പിപി എം ഉം ആയി വർധിച്ചു. ഇത് ആഗോള താപന നിരക്കിൽ വലിയ പ്രതി ഫലനമാണ് ഉണ്ടാക്കുന്നത്. അതിന്റെ ഫലമായി വർധിക്കുന്ന സമുദ്രജലം മൂലം അന്തർദേശീയ സമൂഹം പ്രത്യേകിച്ച് സമുദ്ര വിതാനത്തിലും അതിന് താഴെയു മായി നിൽക്കുന്ന രാജ്യങ്ങൾ മുങ്ങിപ്പോകുമെന്ന ഭീഷണി നേരിടുകയാണ്. നമ്മുടെ നാട്ടിൽ പോലും അനുഭവപ്പെടുന്ന കാലാവസ്ഥാ വ്യതിയാനങ്ങൾക്കും അസ്ഥിരതക്കും കാരണം ആഗോള താപനവും അതിനെ തുടർന്നുള്ള അസംന്തുലിതത്വവുമാണെന്നും ഓർക്കണം.

**സദ്വചനം:** ***മനുഷ്യരുടെ കൈകൾ പ്രവർത്തിച്ചതിന്റെ ഫല മായി കരയിലും കടലിലും നാശം വെളിപ്പെട്ടിരിക്കുന്നു. തൽഫലമായി അവർ പ്രവർത്തിച്ചതിൽ ചിലതിന്റെ ഫലം അല്ലാഹു അവരെ അനുഭവി പ്പിക്കുന്നു. അവർ മടങ്ങുന്നതിന് വേണ്ടി. പറയുക: 'നിങ്ങൾ ഭൂമി യിൽ സഞ്ചരിക്കുക എന്നിട്ട് നിങ്ങൾക്ക് മുമ്പുള്ളവരുടെ പര്യ വസാനം എങ്ങനെയായിരുന്നു വെന്ന് നോക്കുക......... അതു കൊണ്ട് ആർക്കും തടുക്കാൻ കഴിയാത്ത ഒരു നാൾ അല്ലാഹു വിൽ നിന്ന് വരുന്നതിന് മുമ്പ് നിന്റെ ശ്രദ്ധ എന്നെന്നും നിലനിൽക്കുന്ന മതത്തിന്റെ ഭാഗത്തേക്ക് തിരിച്ചു നിർത്തുക. അന്നാളിൽ അവർ വേർപെട്ടുപോകുന്നതാണ്.'***

***(വിശുദ്ധ ഖുർആൻ,-അർറൂം 42-44)***

കുറിപ്പുകൾ

# മിഡിൽ ഈസ്റ്റ് പ്രതിസന്ധി

മുസാഫിർ




ഗൾഫ് കോർപറേഷൻ കൗൺസിലിലെ (GCC) ഏറ്റവും പ്രമുഖ രാജ്യമായ സഊദി അറേബ്യയുടെ നേതൃത്വത്തിൽ യു എ ഇ, ബഹ്റൈൻ, ഈജിപ്ത്, യമൻ , മാൽദീപ് എന്നീ രാജ്യങ്ങൾ 2017 ജൂൺ 6 ന് റമദാൻ 11 ന് തീവ്രവാദ ബന്ധം ആരോപിച്ച് ഖത്തറുമായുള്ള എല്ലാ നയതന്ത്ര ബന്ധങ്ങളും ഗതാഗതവും ചരക്ക് നീക്കങ്ങളും വിച്ഛേദിച്ച് ആ രാജ്യത്തിനെതിരെ ഉപരോധമേർപ്പെടുത്തിയിരിക്കുകയാണ്. സൗഹൃദപരവും ശാന്തസുന്ദരവുമായിരുന്ന ഗൾഫ് രാജ്യങ്ങൾക്കിടയിൽ ഉണ്ടായിരുന്ന ഊഷ്മള ബന്ധങ്ങളിൽ അസ്വസ്ഥതയും ആശങ്കകളും സംഘർഷവും പുകയുകയാണ്. അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ സഊദി സന്ദർശനത്തിന് ശേഷം ഈ ഭിന്നിപ്പ് മറനീക്കിപുറത്ത് വന്നിരിക്കുകയാണ്. അറബ് സമൂഹം പാശ്ചാത്യ നാഗരികതയുടെ അഥവാ ദജ്ജാലിന്റെ കരാള ഹസ്തങ്ങൾ പൂർണമായും ഗ്രസിച്ചു കഴിഞ്ഞു എന്നതിന്റെ അവസാനത്തെ തെളിവാണ് ഈ പ്രതിസന്ധി

പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് തന്റെ സഊദി സന്ദർശന വേളയിൽ മേഖലയിൽ സഊദിയുടെ നേതൃത്വം അംഗീകരിച്ച് ഇറാനെതിരെ ഒരു അറബ് സംയുക്ത സേന കെട്ടിപടുക്കേണ്ടതിന്റെ ആവശ്യകത ഊന്നിപറയുകയുണ്ടായി. മുസ്‌ലിം ലോകത്ത് സുന്നി-ശിയാ വിഭജനം എല്ലാ വിധത്തിലും രൂക്ഷമാക്കുന്ന സമീപനങ്ങളാണ് കുറച്ചു വർഷങ്ങളായി അമേരിക്കൻ പാശ്ചാത്യ ഭരണ കൂടങ്ങളും മാധ്യമങ്ങളും നിർവഹിച്ചു കൊണ്ടിരിക്കുന്നത്. ഖത്തർ ഭരണാധികാരി തമീം ബിൻ ഹമദ് അൽത്താനി അറബ് നാടുകളിൽ ഇറാൻ വിരുദ്ധ വികാരം ജ്വലിപ്പിക്കുന്നത് ചോദ്യം ചെയ്യുന്ന സമീപനം സ്വീകരിച്ചയാളാണ്. ഇറാനുമായി നല്ല ബന്ധം പുലർത്തുന്ന അൽത്താനിയുടെ ഇറാൻ അനുകൂല പ്രസ്താവനക്കെതിരെ സഊദി, യു എ ഇ മാധ്യമങ്ങൾ രൂക്ഷമായ എതിർപ്പുമായാണ് രംഗത്ത് വന്നത്. ഇറാനിൽ വീണ്ടും പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട ഹസ്സൻ റൂഹാനിയെ ശൈഖ് അൽത്താനി ടെലിഫോണിൽ അഭിനന്ദിച്ചതും സഊദിക്ക് രസിച്ചിട്ടില്ല. 2022 ലോക ഫുട്ബോൾ മത്സരത്തിന് വേദി ആവുന്ന ഖത്തറിൽ വൻ നിർമാണ പ്രവർത്തനങ്ങൾ തകൃതിയായി നടക്കുകയാണ്. ഖത്തർ ലോകഫുട്ബോൾ വേദിയാവുന്നതിനോട് സഊദിക്കും മറ്റ് അറബ് രാജ്യങ്ങൾക്കുമുള്ള അസൂയയും ഈ ഒരു സാഹചര്യത്തിന് ആക്കം കൂട്ടി എന്നും പറയപ്പെടുന്നു. അതിന് ശേഷം പൊടുന്നനെയാണ് സഊദിയുടെ നേതൃത്വത്തിൽ ഈജിപ്ത്, യു എ ഇ, ബഹ്റൈൻ എന്നീ രാജ്യങ്ങൾ ഖത്തറിനെതിരെ നയതന്ത്ര വിച്ഛേദനവും ഉപരോധവുമായി വന്നത്. ഈജിപ്തിലെ തീവ്രവാദി സംഘടനയായ മുസ്‌ലിം ബ്രദർഹുഡും അയൽ രാജ്യമായ ഇറാനുമായുമുള്ള ബന്ധമാണ് ഉപരോധത്തിന്

മുഖ്യ കാരണമായി പറയുന്നത്. യമനിൽ ശിയാ തീവ്രവാദികൾക്കെതിരെ യുദ്ധം ചെയ്യുന്ന സംയുക്ത സേനയിൽ നിന്ന് ഖത്തറിനെ സഊദി പുറത്താക്കിയിരിക്കയാണ്. യമനിലെ സുന്നി ഭരണകൂടത്തിനെതിരെ ശിയാ മിലീഷ്യയായ ഹൂദി തീവ്രവാദികൾക്ക് അനുകൂലമായ നിലപാട് ഖത്തർ സ്വീകരിക്കുന്നു എന്നതാണ് സഊദിയുടെ ആക്ഷേപം. ഖത്തറുമായുള്ള ബന്ധം പൂർവസ്ഥിതിയിൽ ആകണമെങ്കിൽ ഖത്തർ 13 നിബന്ധനകൾ പാലിക്കണമെന്ന് സഊദി, ഈജിപ്ത്, യു എ ഇ, ബഹറൈൻ എന്നീ 4 രാജ്യങ്ങൾ ചേർന്ന് ഉപാധി വെച്ചിരിക്കുകയാണ്. ഈ ആരോപണങ്ങളെല്ലാം ഖത്തർ അസന്ദിഗ്ദമായി തള്ളിക്കളഞ്ഞിരിക്കയാണ്. തങ്ങൾക്കെതിരെ വെച്ച നിബന്ധനകൾ യുക്തിശൂന്യവും അപ്രായോഗികവുമാണെന്നും ഉപരോധം പിൻവലിക്കാതെ ഉപാധികൾ സ്വീകരിക്കില്ല എന്നുമാണ് ഖത്തർ വിദേശകാര്യ മന്ത്രി മുഹമ്മദ് ബിൻ അബ്ദുർറഹ്മാൻ അൽതാനി പറഞ്ഞത്. തങ്ങൾ എപ്പോഴും ചർച്ചക്ക് തയ്യാറാണെന്നും അൽത്താനി കൂട്ടിചേർത്തു. അൽജസീറ ചാനൽ അടച്ചുപൂട്ടുക, ഇറാനുമായുള്ള സർവ ബന്ധങ്ങളും അവസാനിപ്പിക്കുക, തുർക്കിക്ക് സൈനിക താവളങ്ങൾ അനുവദിക്കാതിരിക്കുക, തങ്ങൾ എല്ലാവിധ ഭീകരവാദ തീവ്രവാദ ആശയങ്ങളിൽ നിന്നും വിട്ടു നിൽക്കുന്നു എന്ന് ഖത്തർ പ്രസ്താവന നടത്തുക, ഖത്തറിലുള്ള എല്ലാവിധ തീവ്രവാദികളും കീഴടങ്ങുക, ഭീകരവാദികൾക്കും തീവ്രവാദികൾക്കും ഭരണകൂടവും വ്യക്തികളും നൽകുന്ന സംഭാവനകൾ നിർത്തലാക്കുക, ഈ 4 രാജ്യങ്ങളുടെയും ആഭ്യന്തരവും വൈദേശികവുമായ കാര്യങ്ങളിൽ ഖത്തർ ഇടപെടാതിരിക്കുക, ഈ 4 രാജ്യങ്ങളിൽ നിന്നും വിട്ടു വരുന്ന പൗരന്മാർക്ക് പൗരത്വം നൽകാതിരിക്കുക മുതലായവയ 13 ഇനങ്ങളാണ് നിബന്ധനകളിലുള്ളത്. ഖത്തർ ഉന്നതനിലവാരത്തിൽ ഭീകരത സ്പോൺസർ ചെയ്യുന്നു എന്ന ട്രംപിന്റെ പ്രസ്താവന പശ്ചിമേഷ്യൻ പ്രശ്നത്തിൽ അമേരിക്ക സഊദി പക്ഷത്താണെന്ന് ഇതിനകം വ്യക്തമായിരിക്കുകയാണ്. മദ്ധ്യ പൗരസ്ത്യദേശത്തുള്ള അമേരിക്കയുടെ ഏറ്റവും വലിയ വ്യോമതാവളവും ഖത്തറിലാണ് എന്നും നാം ഓർക്കണം.

ഖത്തർ രാജകുടുംബത്തിന്റെ ഉടമസ്ഥതയിലുള്ളതും ഖത്തർ ആസ്ഥാനമായി പ്രവർത്തിക്കുന്നതുമായ അൽജസീറാ ചാനലാണ് സഊദിയുടെയും കൂട്ടാളികളുടെയും കണ്ണിലെ കരട്. മുസ്‌ലിം ബ്രദർഹുഡ്, ഐ എസ് ഐ, അൽ ഖയ്ദ, ഹിസ്ബുള്ള എന്നീ ഭീകര തീവ്രവാദി സംഘടനകളുടെ ആശയങ്ങൾക്കും അവരുടെ പരിപാടികൾക്കും അൽജസീറ ചാനലിലൂടെ പ്രചാരണം നൽകുന്നുവെന്നും മുസ്‌ലിം തീവ്രവാദത്തെ അറബ് നാടുകളിലേക്ക് കടത്തിവിടുന്ന ട്രാജൻ കുതിരയാണ് അൽ ജസീറ ചാനൽ എന്നുമാണ് അവരുടെ ആരോപണം. അതുകൊണ്ട് അൽ ജസീറ ചാനൽ അടച്ചുപൂട്ടണമെന്നാണ് ആവശ്യം. ഈ ആരോപണങ്ങളെല്ലാം തെളിവുകളില്ലാത്ത വ്യാജാരോപണങ്ങളാണെന്ന് പറഞ്ഞ് ഖത്തർ ശക്തമായി നിഷേധിച്ചിട്ടുണ്ട്. അൽജസീറ അടച്ചുപൂട്ടണമെന്ന ആവശ്യം മാധ്യമ സ്വാതന്ത്ര്യത്തിനെതിരെയുള്ള കടന്നുകയറ്റമാണന്നും ഖത്തർ വക്താവ് പറഞ്ഞു. അൽ ജസീറ ഇംഗ്ലീഷ് മാനേജിങ് ഡയറക്ടർ ഗിൽ ട്രന്റ്‌ലി പറഞ്ഞത് ഇത് ജർമനി ബ്രിട്ടനോട് ബി ബി സി അടച്ച് പൂട്ടണം എന്ന് പറയുന്നത് പോലെയാണ് എന്നാണ്. സഊദിയുടെ യജമാനത്വം സ്വീകരിച്ച് ഖത്തറിനെ അവരുടെ രാഷ്ട്രീയ ആശ്രിതത്വത്തിന് കീഴിൽ കൊണ്ടുവരാൻ വേണ്ടിയുള്ളതും ഖത്തറിന്റെ പരമാധികാരത്തെ ചോദ്യം ചെയ്യുന്നതുമാണ് ഈ നീക്കമെന്നും ജി സി സി അംഗം എന്ന നിലക്ക് ഖത്തറിന്റെ പരമാധികാരത്തിൽ ഇടപെടുന്നത് ജി സി സി ചാർട്ടറിന്റെ ലംഘനമാണന്നും

ഖത്തർ രാജകുടുംബത്തിന്റെ ഉടമസ്ഥതയിലുള്ളതും ഖത്തർ ആസ്ഥാനമായി പ്രവർത്തിക്കുന്നതുമായ അൽജസീറാ ചാനലാണ് സഊദിയുടെയും കൂട്ടാളികളുടെയും കണ്ണിലെ കരട്. മുസ്‌ലിം ബ്രദർഹുഡ്, ഐ എസ് ഐ, അൽ ഖയ്ദ, ഹിസ്ബുള്ള എന്നീ ഭീകര തീവ്രവാദി സംഘടനകളുടെ ആശയങ്ങൾക്കും അവരുടെ പരിപാടികൾക്കും അൽജസീറ ചാനലിലൂടെ പ്രചാരണം നൽകുന്നുവെന്നും മുസ്‌ലിം തീവ്രവാദത്തെ അറബ് നാടുകളിലേക്ക് കടത്തി വിടുന്ന ട്രാജൻ കുതിരയാണ് അൽ ജസീറ ചാനൽ എന്നുമാണ് അവരുടെ ആരോപണം. അതുകൊണ്ട് അൽ ജസീറ ചാനൽ അടച്ചുപൂട്ടണമെന്നാണ് ആവശ്യം. ഈ ആരോപണങ്ങളെല്ലാം തെളിവുകളില്ലാത്ത വ്യാജാരോപണങ്ങളാണെന്ന് പറഞ്ഞ് ഖത്തർ ശക്തമായി നിഷേധിച്ചിട്ടുണ്ട്.

ഖത്തർ വിദേശ കാര്യവക്താവ് ഒരു പ്രസ്താവനയിൽ പറയുകയുണ്ടായി. ഇതിന് മുമ്പും ഈ 4 രാജ്യങ്ങൾ ഖത്തറിൽ നിന്നും അംബാസഡർമാരെ പിൻവലിക്കുകയും പിന്നീട് പുനസ്ഥാപിക്കുകയും ചെയ്തിരുന്നു. എന്നാൽ ട്രംപിന്റെ സന്ദർശനാനന്തരം ഉണ്ടായ ഇപ്പോഴത്തെ ഭിന്നിപ്പ് അഭൂതപൂർവവും ആഴത്തിലുള്ളതുമാണ്. അതോടനുബന്ധിച്ച് അമേരിക്കയിൽ നിന്നും മറ്റു രാജ്യങ്ങളിൽ നിന്നും യുദ്ധസാമഗ്രികൾ വാങ്ങികൂട്ടുന്നതും അല്ലെങ്കിൽ അവ വാങ്ങാൻ നിർബന്ധിക്കപ്പെടുന്നതും മേഖലയിൽ ആശങ്ക ജനിപ്പിക്കുന്നു.

റമദാൻ രണ്ടാമത്തെ പത്തിലാണ് സഊദിയുടെ നേതൃത്വത്തിലുള്ള ഈ ഉപരോധം യാതൊരു മുന്നറിയിപ്പുമില്ലാതെ നിലവിൽ വന്നത്. അമേരിക്കൻ അജണ്ട നടപ്പാക്കാൻ റമദാനോ സ്വന്തം മത സഹോദരന്മാരാണ് എന്ന പരിഗണനയോ സഊദിക്ക് തടസ്സമായില്ല. ഖത്തറുമായി കരബന്ധമുള്ള ഏക രാജ്യം സഊദിയാണ്. നിരവധി ഖത്തരികൾ അയൽ രാജ്യമായ സഊദിയിലും യു എ യിലുമുണ്ട്. അവരെല്ലാം രണ്ടാഴ്ച്ചക്കകം രാജ്യം വിടണമെന്നാണ് ആജ്ഞാപിച്ചത്. ഇത് ആ രാജ്യത്തെ ജനതക്ക് വലിയ ബുദ്ധിമുട്ടാണ് വരുത്തിവെച്ചത്. ഉപരോധത്തിന് ശേഷം എല്ലാ വിമാന കമ്പനികളുടെയും ഫ്ളൈറ്റുകളും റദ്ദാക്കി. ഭക്ഷണ പദാർഥങ്ങളും കുഞ്ഞുങ്ങൾക്കുള്ള ബേബി ഫുഡുകളടക്കം നിത്യോപയോഗ സാധങ്ങളടങ്ങുന്ന ചരക്കുകൾ ഇല്ലാതാവുകയും ചെയ്തതോടെ ഖത്തർ തികച്ചും ഒറ്റപ്പെട്ടിരിക്കുകയാണ്. തുർക്കിയും ഇറാനും ഖത്തറിന് പിന്തുണ പ്രഖ്യാപിച്ചിട്ടുണ്ട്. ഖത്തറിനെതിരെ ഉപരോധമേർപ്പെടുത്തിയ 4 അറബ് രാജ്യങ്ങളുടെ നിലപാടിനെ തുർക്കി പ്രസിഡന്റ് തയ്യിബ് എർദുഖാൻ നിയമവിരുദ്ധം എന്നാണ് വിശേഷിപ്പിച്ചത്. തുർക്കിയിയിലെ എ കെ പാർട്ടി, ബ്രദർഹുഡിന്റെ ഇസ്‌ലാമിസ്റ്റ് രാഷ്ട്രീയത്തിൽ അടിവേരുള്ള പാർട്ടിയാണ്. ഇസ്‌ലാമിസ്റ്റ് പൊളിറ്റിക്സിനോട് അനുഭാവം പുലർത്തുന്ന ഖത്തറുമായി തുർക്കിക്ക് ഇപ്പോൾ ഒരു ആത്മ ബന്ധമുണ്ട്. മുസ്‌ലിം രാജ്യങ്ങൾക്കിടയിൽ ഏറ്റവും ശക്തമായ രാജ്യങ്ങളിലൊന്നായ തുർക്കി ഖത്തറിലേക്ക് 100 കാർഗോ വിമാനങ്ങളാണ് ഉപരോധത്തെ തുടർന്നുള്ള ദിവസങ്ങളിൽ അയച്ചത്. ഗൾഫിന്റെ മൊത്തം സുരക്ഷക്കായി കൂടുതൽ സൈന്യത്തെ അയക്കാൻ തുർക്കി തയ്യാറാണെന്നും തുർക്കി പ്രതിരോധ മന്ത്രി ഫികിറി ഇസിഖ് പറഞ്ഞു. തങ്ങൾ സഊദി അറേബ്യയിലും ഒരു സൈനിക താവളം നിർമിക്കാമെന്ന് താൻ രാജാവിനോട് നേരിട്ട് പറഞ്ഞെങ്കിലും ഇത്വരെ മറുപടിയൊന്നും ലഭിച്ചിട്ടില്ല എന്ന് തുർക്കി പ്രസിഡന്റ് ഉറുദുഖാൻ പറഞ്ഞു.

ലോകത്തിലെ ഏറ്റവും വലിയ ദ്രവ പ്രകൃതി വാതക കയറ്റുമതി രാജ്യമാണ് ഖത്തർ. ഈ വൻ സമ്പത്ത് അനുഭവിക്കാൻ 3 ലക്ഷം ഖത്തർ പൗരന്മാർ മാത്രമാണുള്ളത്. ബാക്കി ഖത്തറിലെ 27 ലക്ഷം ആളുകൾ വിദേശീയരാണ്. മറ്റു ഗൾഫ് നാടുകളെ പോലെ സഊദിയുടെ ഒരു ആശ്രിത രാജ്യമായോ ആജ്ഞാനുവർത്തിയായോ കഴിയാൻ ആഗ്രഹിക്കാത്ത രാജ്യമാണ് ഖത്തർ. സിറിയയിലെ ബഷാറുൽ അസദിന്റെ സിറിയക്കെതിരെ സഊദിയുടെ ആഭിമുഖ്യത്തിലുള്ള സൈനിക സഖ്യത്തിൽ ഖത്തർ അംഗമാണ്. അറബ് നാറ്റോ എന്നറിയപ്പെടുന്ന ഈ സഖ്യത്തിലായിരിക്കെയാണ് പേരുകേട്ട തീവ്രവാദ പ്രസ്ഥാനമായ ഇഖ്വാനുൽ മുസ്‌ലിമീനുമായും മറ്റു ചില തീവ്രവാദ സംഘടനകളോടും യൂസുഫുൽ ഖർളാവിയെ പ്പോലെയുള്ള പണ്ഡിതന്മാരോടും ഖത്തർ മുഹബ്ബത്തിലുമാണ് എന്നത് ഒരു യാഥാർഥ്യമാണ്. തീവ്രവാദ ആഭിമുഖ്യത്തേക്കാൾ അമേരിക്കയും ഇസ്റയേലും ദീർഘകാലമായി അറബ് മേഖലയിൽ കാട്ടികൂട്ടുന്ന നീതിനിഷേധങ്ങളോടും ക്രൂരതകളോടും അധിനിവേശങ്ങളോടുമുള്ള ഒരു സാധാരണ മുസ്‌ലിമിന്റെ സ്വാഭാവിക പ്രതികരണവും ആത്മരോഷവുമാണിത് എന്ന് മനസ്സിലാക്കാവുന്നതാണ്. രാജഭരണമായിട്ടും പൊളിറ്റിക്കൽ ഇസ്‌ലാമിസ്റ്റ് രാഷ്ടീയത്തോടാണ് ഖത്തർ ആഭിമുഖ്യം കാണിക്കുന്നത് എന്നത് വിചിത്രമാണ്. ഈജിപ്തിൽ മുല്ലപ്പൂ വിപ്ലവം എന്നറിയപ്പെട്ടിരുന്ന അറബ് രാഷ്ട്രീയ പ്രക്ഷോഭങ്ങൾക്ക് ശേഷം ഇഖ്വാനുൽ മുസ്‌ലിമൂന്റെ കീഴിലുള്ള ഫ്രീഡം ആന്റ് ജസ്റ്റീസ് പാർട്ടിയുടെ തിരഞ്ഞെടുക്കപ്പെട്ട പ്രസിഡന്റായി ഇസ്‌ലാമിക് ഫണ്ടമെന്റലിസ്റ്റായ മുഹമ്മദ് മുർസി അധികാരത്തിൽ വന്നപ്പോൾ 2013 ൽ അബ്ദുൽ ഫതഹ് സീസി പട്ടാള അട്ടിമറിയിലൂടെ അദ്ദേഹത്തെ അധികാര ഭ്രഷ്ടനാക്കി. സഊദി ഈ നീക്കത്തെ സ്വാഗതം ചെയ്തെങ്കിലും ഖത്തറിന്റെ രാജകുടുംബം വകയായുള്ള അൽ ജസീറ ചാനൽ സീസി ഭരണകൂടത്തിനെതിരെ നിന്നു. അതിനോടനുബന്ധിച്ച് ഒരു നയതന്ത്ര പ്രതിസന്ധി ഉടലെടുക്കുകയും 2014ൽ സഊദി, ബഹ്റൈൻ, യു എ ഇ എന്നീ രാജ്യങ്ങൾ താൽക്കാലികമായി ഖത്തറുമായുള്ള നയതന്ത്ര ബന്ധം വിച്ഛേദിക്കുകയും ചെയ്തിരുന്നു. അതിന് ശേഷമാണ് ഇപ്പോഴത്തെ പ്രതിസന്ധി. 2016ൽ ശിയാ പണ്ഡിതനായ ശൈഖ് നിമ്രുൽ നിമ്രിനെ സഊദി തൂക്കികൊന്നപ്പോൾ ഖത്തർ സഊദിയിൽ നിന്ന് അവരുടെ അംബാസഡറെ തിരിച്ചു വിളിക്കുകയുണ്ടായി. ശിയാ രാജ്യമായ ടെഹ്റാനുമായി സുന്നി രാജ്യമായ ഖത്തറിന്റെ ഈ പ്രതിബദ്ധത കണ്ട് സഊദി അന്ന് ഞെട്ടിയിരുന്നു. പക്ഷേ അന്നും നയതന്ത്ര ബന്ധം ഉപേക്ഷിച്ചിരുന്നില്ല.

ഗൾഫ് രാജ്യങ്ങളിൽ കുവൈത്തും ഒമാനും ഖത്തറുമായുള്ള നയതന്ത്രം വിച്ഛേദിച്ചിട്ടില്ല. അതിൽ കുവൈത്താണ് ഇപ്പാൾ

മധ്യസ്ഥനായി ഖത്തറിനും സഊദിക്കുമിടയിൽ ഷട്ടിൽ സർവീസ് നടത്തിക്കൊണ്ടിരിക്കുന്നത്. ഇറാഖ് അധിനിവേശത്തിന് ശേഷം ഇല്ലാതായ കുവൈത്തിനെ പുനസ്ഥാപിച്ചത് അമേരിക്കയാണെന്നോർക്കണം. അമേരിക്കക്ക് നേരിട്ട് ഇടപെടാൻ ബുദ്ധിമുട്ടുള്ളതിനാൽ അവർക്ക് വേണ്ടി കുവൈത്താണ് മദ്ധ്യസ്ഥ ശ്രമം നടത്തുന്നത്. മധ്യസ്ഥ ശ്രമങ്ങളൊന്നും തന്നെ ഫലപ്രാപ്തിലെത്തിയിട്ടില്ല. 1981 ൽ ജിസിസി രൂപം കൊണ്ടതിന് ശേഷമുണ്ടാകുന്ന ഏറ്റവും വലിയ പ്രതിസന്ധിയാണിത്. നമ്മുടെ നാട്ടിലെ സഊദി ഭക്തരും അവരുടെ ഭിക്ഷാം ദേഹികളുമായ മുസ്‌ലിം മാധ്യമങ്ങളും സംഘടനകളും സഊദിയുടെ നേതൃത്വത്തിൽ മുസ്‌ലിം നാടുകളിൽ നടപ്പാക്കുന്ന അമേരിക്കയുടെയും ഇസ്റായേലിന്റെയും അജണ്ടകളെ കുറിച്ച് മൗനം പാലിക്കുകയാണ്. നാട്ടിലും ലോകത്തും നടക്കുന്ന സകല സംഭവങ്ങളെ കുറിച്ചും വലിയ വായിൽ പ്രതികരിക്കാറുള്ള അവരുടെ നിലപാടുകളിലെ കാപട്യവും സത്യസന്ധത ഇല്ലായ്മയും ധനാർത്തിയും ഈ മൗനത്തിൽ നിന്ന് വായിച്ചെടുക്കാവുന്നതാണ്.

## മുസ്‌ലിം ലോകം ദജ്ജാലിന്റെ പിടിയിൽ

സമാധാനവും സ്നേഹവും കളിയാടിയിരുന്ന മുസ്‌ലിം രാജ്യസഖ്യങ്ങളും മുസ്‌ലിം രാജ്യാന്തര കൂട്ടായ്മകളും ഇന്ന് ഭിന്നിച്ചുകൊണ്ടിരിക്കുകയും ഛിന്നഭിന്നമാക്കപ്പെടുകയും ചെയ്യുന്ന ദാരുണ ദൃശ്യങ്ങളാണ് മുസ്‌ലിം ലോകത്തുടനീളം കാണുന്നത്. അതിന്റെ അവസാനത്തെ ഉദാഹരണമാണ് ഖത്തർ പ്രതിസന്ധി. പാശ്ചാത്യ നാഗരികതയുടെ അധീശ ശക്തിക്കു മുമ്പിൽ അടിമപ്പെടുകയും അവരുടെ പ്രഭാവത്തിന് വശംവദരായി മുസ്‌ലിംകൾ പരസ്പരം യുദ്ധം ചെയ്യുകയും കൊന്നൊടുക്കുകയും ചെയ്യുന്നു. ഭയാനകമായ ഇത്തരം നാശങ്ങൾക്ക് വിധേയമാവുന്ന മുസ്‌ലിം സമുദായത്തിന്റെ ഈ അവസ്ഥയാണ് ഹദീസുകളിൽ വിവരിക്കപ്പെട്ട ദജ്ജാലിന്റെ മഹാ ഫിത്നയുടെ കാലം. ഈ ദജ്ജാലീ ശക്തികൾക്ക് വഴങ്ങിയില്ലെങ്കിൽ ഇറാഖ് പോലെയോ അഫ്ഘാനിസ്ഥാൻ പോലെയോ സിറിയ പോലെയോ വഴിപ്പെടാത്ത ആ മുസ്‌ലിം രാജ്യത്തെയും ആക്കി തീർക്കും എന്ന അവരുടെ വ്യംഗമായ ഭീഷണി മുസ്‌ലിം രാജ്യങ്ങളെയും സമൂഹത്തെയും ഭയചകിതരാക്കിയിരിക്കുന്നു. നിസ്സഹായരായ സഊദിക്കോ അവരെ പിന്തുണക്കുന്ന നിസ്സാരന്മാരായ കൊച്ചു മുസ്‌ലിം രാജ്യങ്ങൾക്കോ ഈ ദജ്ജാലീ ശക്തികളെ എതിർക്കാൻ സാധ്യമല്ല എന്നതാണ് അന്തിമമായ യാഥാർഥ്യം. ഖത്തർ, ഇറാൻ, സിറിയ എന്നീ രാജ്യങ്ങൾക്കോ മുസ്‌ലിം ലോകത്ത് തീവ്രവാദം പരത്തുന്ന ഭീകരവാദ സംഘടനകൾക്കോ മിലീഷ്യകൾക്കോ ദജ്ജാലീ ശക്തിയെ തടയാൻ കഴിയില്ല. എതിർക്കാൻ ശ്രമിച്ച ഇറാഖിലെ സദ്ദാം ഹുസൈൻ, ലിബിയയിലെ ഖദ്ദാഫി, ഫസ്തീനിലെ യാസർ അറഫാത്ത് എല്ലാം ഇന്ന് എവിടെ? ജിഹാദീ ആവേശവുമായി ഇയ്യാംപാറ്റകളെ പോലെ ഈ വൻ ദജ്ജാലീ ശക്തികൾക്കെതിരെ പാഞ്ഞടുക്കുന്നവർ ദജ്ജാലിനെ വാളുകൊണ്ട് കീഴ്പ്പെടുത്താൻ കഴിയില്ല എന്ന നബി വചനം ഓർക്കുക. റസൂൽ തിരുമേനി(സ) നിരവധി ഹദീസുകളിൽ ആവർത്തിച്ചാവർത്തിച്ച് താക്കീത് നൽകുകയും മുസ്‌ലിംകൾ അഞ്ച് നേരത്തെ നമസ്ക്കാരങ്ങളിൽ പരാമർശിക്കപ്പെടുകയും ചെയ്യുന്ന ദജ്ജാൽ കെട്ടുകഥയോ വ്യാജസങ്കൽപ്പമോ അല്ല. മുഹമ്മദ് നബി (സ) മാത്രമല്ല പെരും നുണയനും ലോകം മുഴുവൻ വലയം ചെയ്യുന്നവനുമായ ദജ്ജാലിന്റെ പരാക്രമണത്തെ കുറിച്ച് ജനങ്ങളോട് താക്കീത് ചെയ്യാത്ത ഒരു പ്രവാചകനും കടന്നു പോയിട്ടില്ല എന്നാണ് ഹദീസ്!!. റസൂൽ തിരുമേനി(സ) പറഞ്ഞ ആ ദജ്ജാലിനെ അക്ഷരാർത്ഥത്തിൽ വ്യാഖ്യാനിച്ച് ഇതിഹാസ പുരാണങ്ങളിലുള്ളത് പോലെ ഒരു ഭീകര സത്വമാണെന്ന സങ്കൽപ്പമാണ് മുസ്‌ലിംകളിൽ ഉലമാക്കന്മാർ വളർത്തിയെടുത്തത്. ആ വിചിത്ര മൃഗത്തിന്റെ പ്രത്യക്ഷപ്പെടലും അതിന്റെ നിഗ്രഹത്തിന് ഈസാ നബി(അ)യുടെ ഇറക്കവും കാത്ത് ആകാശത്ത് കണ്ണും നട്ടിരിക്കുകയാണ് മുസ്‌ലിം ലോകം. ഏതൊരു ദജ്ജാലിനെ സംബന്ധിച്ചാണോ റസൂൽ തിരുമേനി(സ) താക്കീത് ചെയതത് ആ ദജ്ജാലിന്റെ ഭയാനകവും അപ്രതിരോധ്യവുമായ ആക്രമണം ഏൽക്കുമ്പോഴും ദജ്ജാൽ ആരാണെന്ന് മനസ്സിലാകാത്ത മൗഢ്യാവസ്ഥ വിചിത്രം തന്നെ.

മുസ്‌ലിം ലോകത്തെ സർവവിധത്തിലും വലയും ചെയ്ത് ആക്രമിക്കുന്ന അമേരിക്കയും ക്രൈസ്തവ പാശ്ചാത്യ നാഗരികതയുമാണ് ദജ്ജാൽ എന്നത് ഹദീസുകൾ സൂക്ഷ്മവും സത്യസന്ധവുമായി വ്യാഖ്യാനിച്ചാൽ മനസ്സിലാവും. പക്ഷേ അങ്ങനെ വ്യാഖ്യാനിച്ചാൽ അടുത്ത ചോദ്യം ദജ്ജാലിനെ വധിക്കാൻ വരുന്ന മസീഹ് എവിടെ എന്നായിരിക്കും എന്നകാര്യം തീർച്ച. ദജ്ജാൽ വന്നെങ്കിൽ സംഹാരകനായി മസീഹിനെയും കാണിച്ചുകൊടുക്കാൻ ഉലമാക്കന്മാർ ബാധ്യസ്ഥരാണ് അതുകൊണ്ട് കൂടിയാണ് യഥാർത്ഥത്തിലുള്ള ദജ്ജാലിന്റെ ആക്രമണ വിളയാട്ടം നടക്കുമ്പോഴും ദജ്ജാലിനെ പറ്റിയുള്ള ഈ അത്ഭുകരമായ തമസ്ക്കരണവും മൗനവും. അത് സംബന്ധിച്ച് വന്ന ശ്രദ്ധേയമായ ഒരു ഹദീസ് നോക്കൂ: ***ജനങ്ങൾ ദജ്ജാലിനെ കുറിച്ച് പരാമർശിക്കുന്നതിൽ നിന്നും വിസ്മരിക്കുന്ന കാലം വന്നുചേരുന്നത് വരെ ദജ്ജാൽ പുറപ്പെടുകയില്ല. ഇമാമുമാർ മിംബറുകളിൽ വെച്ച് ദജ്ജാലിനെ പരാമർശിക്കുന്നത് ഉപേക്ഷിക്കുന്നത് വരെയും (ഇമാം അഹ്മദ് മുസ്നദ്)***

ഹദീസിൽ വന്ന ദജ്ജാലിന്റെ പ്രതീകാത്മകവും ആലങ്കാരികവുമായ വർണനകൾ അൽപ്പം ബുദ്ധി ഉപയോഗിച്ച് വ്യാഖ്യാനിച്ചാൽ ആരാണെന്ന് മനസ്സിലാക്കാൻ പ്രയാസമില്ല, അതിന് പകരം ദജ്ജാലിനെ അക്ഷരാർത്ഥത്തിൽ വർണിച്ച് ഉലമാക്കന്മാർ വിചിത്ര സങ്കൽപ്പങ്ങളുടെ തടവറയിൽ പ്രതിഷ്ഠിച്ചിരിക്കുകയോ അല്ലെങ്കിൽ അത് സംബന്ധിച്ച് മൗനം പാലിക്കുകയോ ആണ് ചെയ്യുന്നത്. ഏതായാലും മുസ്‌ലിം ലോകം അകപ്പെട്ട ഈ ഭയാനക വിപത്തിൽ നിന്നും അവരെ രക്ഷിക്കാൻ അല്ലാഹു യഥാകാലം അയച്ച വാഗ്ദത്ത മസീഹാണ് ഹദ്റത്ത് അഹ്മദ്(അ). മുസ്‌ലിംകൾക്ക് രക്ഷക്കുള്ള ഇസ്‌ലാമിക പ്രമാണങ്ങളിൽ പറയപ്പെട്ട ഒരേയൊരു മാർഗം ആഗതനാവുന്ന മസീഹിൽ വിശ്വസിക്കലാണ്. മറ്റൊരു മാർഗവും അല്ലാഹു പറയുകയോ മറ്റൊരു സംഘടനയേയും പരിഹാരത്തിനായി ചൂണ്ടിക്കാട്ടുകയോ ചെയ്തിട്ടില്ല. വിശുദ്ധ ഖുർആന്റെയും റസൂൽ തിരുമേനിയുടെ (സ) യും യഥാർത്ഥ അദ്ധ്യാപനങ്ങളിലേക്ക് ജനസമൂഹത്തെ അദ്ദേഹവും പ്രത്യാനയിച്ച് അവരെ ആത്മീയമായി ശാക്തീകരിച്ചു കൊണ്ടാണ് ഈ വിജയം സാദ്ധ്യമാവുക. ദൈവം അയക്കുന്ന ദിവ്യാത്മാക്കൾ ഇങ്ങനെയാണ് ജനങ്ങളെ ദുശ്ശക്തികളിൽ നിന്നും മോചിപ്പിക്കുക എന്നാണ് വിശുദ്ധ ഖുർആൻ മനസ്സിലാക്കിതരുന്ന ചരിത്ര പാഠം. പ്രവാചകന്മാരുടെ ത്യാഗോജ്ജ്വലമായ ആത്മീയമാർഗം അതാണ്. മസീഹ് വന്നിട്ടും ഖിലാഫത്ത് വ്യവസ്ഥ പുനസ്ഥാപിച്ചിട്ടും അദ്ദേഹത്തെ നിഷേധിക്കുകയും ദ്രോഹിക്കുകയും ചെയ്യുന്നവർക്ക് എങ്ങനെ ദജ്ജാലിന്റെ ഫിത്നയിൽനിന്ന് മോചനമുണ്ടാകും? ഖത്തർ പ്രതിസന്ധിയുടെ ഈ ഘട്ടത്തിലെന്നല്ല ഇപ്പോൾ അഭിമുഖീകരിക്കുന്നതും ഭാവിയിൽ അഭിമുഖീകരിക്കേണ്ടതുമായ എല്ലാ പ്രതിസന്ധി ഘട്ടങ്ങളിലും മുസ്‌ലിം സമൂഹം ആത്മ പരിശോധന നടത്തേണ്ട മൗലികമായ ഇസ്‌ലാമിക വിഷയം ഇത് തന്നെയാണ്.

**ഖുർആൻപാഠം:** ***ഓ ജിന്നിന്റെയും ഇൻസിന്റെയും സമൂഹമേ, എന്റെ ദൃഷ്ടാന്തങ്ങൾ നിങ്ങൾക്ക് വിവരിച്ച് തരികയും ഈ നാളിനെ കണ്ടുമുട്ടുന്നത് സംബന്ധിച്ച് നിങ്ങൾക്ക് മുന്നറിയിപ്പ് നൽകുകയും ചെയ്യുന്ന നിങ്ങളിൽ നിന്നുള്ള ദൂതന്മാർ നിങ്ങൾക്ക് വന്നിട്ടില്ലയോ? (എന്ന് പുനരുത്ഥാന നാളിൽ അല്ലാഹു ചോദിക്കും) അവർ പറയും ഞങ്ങൾക്കെതിരായി ഞങ്ങൾ തന്നെയിതാ സാക്ഷ്യം വഹിക്കുന്നു. (അപ്പോൾ) ഐഹിക ജീവിതം അവരെ വഞ്ചിച്ചു (എന്ന് അവർക്ക് ബോദ്ധ്യമാവും.) തങ്ങൾ അവിശ്വാസികളായിരുന്നുവെന്ന് അവർക്കെതിരായി അവർ തന്നെ സാക്ഷ്യം വഹിക്കുകയും ചെയ്യുന്നതാണ്. അത് (പ്രവാചകന്മാരെ നിയോഗിക്കുന്നത് ) നിന്റെ നാഥൻ ജനവാസ സ്ഥലങ്ങളോ അവിടത്തെ നിവാസികൾ അശ്രദ്ധരായിരിക്കെ അന്യായമായി നശിപ്പിക്കുന്നവനല്ല. എന്നതുകൊണ്ടാണ്. (ആൻആം 6: 131 ,132)***

---

**പേജ് 31 ൽ നിന്ന് തുടർച്ച**

വിന്റെ സഹായമോ ലഭ്യമല്ലായിരുന്നു.

എന്നാൽ മുസ്‌ലിമീങ്ങൾ ഒരിക്കലും തന്നെ അവിശ്വാസികളോട് ആദ്യം യുദ്ധം പ്രഖ്യാപിച്ചിരുന്നില്ല. അല്ലാഹുവിന്റെ റസൂൽ അതിന് സമ്മതിച്ചിരുന്നുമില്ല. അങ്ങനെ അല്ലായിരുന്നുവെങ്കിൽ മക്കയിലെ താമസ കാലത്ത് തന്നെ അവരെ നേരിടുമായിരുന്നു. ഇവിടെ സമാധാനവും സുരക്ഷയും ഉറപ്പാക്കാൻ വേണ്ടി മാത്രമാണ്, അവിശ്വാസികളുടെ അക്രമത്തിന് മറുപടി എന്നോണം മുസ്‌ലിമീങ്ങൾ അവരെ നേരിട്ടത്. ബദർ യുദ്ധം, ഉഹദ് യുദ്ധം, ഖന്തക്ക് യുദ്ധം, ഖൈബർ യുദ്ധം, ഹുനൈൻ യുദ്ധം, ബനൂ അത്ഫാൻ, ബനൂ ഖരീസ തുടങ്ങിയ യുദ്ധങ്ങൾ അതിൽ ചിലതാണ്. എല്ലാ യുദ്ധങ്ങളും മുസ്‌ലിമീങ്ങളുടെ മേൽ അടിച്ചേൽപ്പിക്കപ്പെട്ട യുദ്ധങ്ങളായിരുന്നു. മുസ്‌ലിമീങ്ങൾ അവരെ നേരിടാൻ നിർബന്ധിതരായപ്പോഴാണ് അവരോട് യുദ്ധം ചെയ്തത്. എല്ലാ യുദ്ധങ്ങളിലും എനിക്കെന്റെ യജമാനരായ അല്ലാഹുവിന്റെ റസൂലിനോടൊപ്പം വലത്തും ഇടത്തും മുന്നിലും പിന്നിലുമായി ചേർന്ന് നിൽക്കുവാനുള്ള ഭാഗ്യമുണ്ടായി. നിസ്സാരനായ എനിക്ക് അല്ലാഹു നൽകിയ മഹാഭാഗ്യമാണിതൊക്കെ. ചില യുദ്ധങ്ങളിൽ മുസ്‌ലിം സൈന്യത്തോട് വല്ല വിളംബരവും ചെയ്യുവാനുണ്ടെങ്കിൽ അല്ലാഹുവിന്റെ റസൂൽ എന്നോട് കൽപിച്ചിരുന്നു. (തുടരും)

**കടപ്പാട് & അവലംബം**


1. സീറത്ത് ഖാത്തമുന്നബിയ്യീൻ By ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ (റ)
2. സീറത്ത് സഹാബാ റസൂലുല്ലാഹ് (സ.അ) By മൗലവി മുസഫ്ഫർ അഹ്മദ് സാഹിബ്, റബ്വ.
3. ഹദ്റത്ത് ബിലാൽ (റ) By ഹസ്സൻ മുഹമ്മദ് ഖാൻ സാഹിബ്, റബ്വ.
4. ഹദ്റത്ത് ബിലാൽ (റ) By ഫരീദ് അഹ്മദ് നവീദ് സാഹിബ്, റബ്വ.
5. താരീഖുൽ അമ്പിയാ, വ സഹാബ വൽ ഔലിയാ By അഹ്മദ് ഫൈസി സാഹിബ്.
6. സബറോ ഇസ്തിഖാമത്ത് കെ ശഹ്സാദെ By മൗലവി അബ്ദുസ്സമീഅ് ഖാൻ സാഹിബ്. റബ്വ.
7. ദീപാച തഫ്സീറുൽ ഖുർആൻ By ഹദ്റത്ത് ഖലീഫ ത്തുൽ മസീഹ് സാനീ (റ)
8. ഹദ്റത്ത് അസ്മ ബിൻത് അബീബക്കർ By താഹിറാ രിയാസ് സാഹിബ, കറാച്ചി
9. മസാമീൻ ഹദ്റത്ത് ഡോക്റ്റർ മീർ മുഹമ്മദ് ഇസ്മയീൽ സാഹിബ് (റ) വാള്യം 5
10. സീറത്ത് റസൂൽ ഹിജ്റ ത്ത് സെ വിസാൽ തക് By അമതുൽ ബാരി നാസ്സിർ സാഹിബ, കറാച്ചി
11. മീഡിയ ലൈബ്രറി അൽ ഇസ്ലാം.ഓർഗ്
12. അൽ ഫസൽ, ഉറുദു ദിന പത്രങ്ങൾ, റബ്വ.

പേജ് 22 ൽ നിന്ന് തുടർച്ച

എന്തായാലും ഈ ഇറ്റാലിയൻ ശാസ്ത്രജ്ഞന് 36 മണിക്കൂർ നീണ്ടു നിൽക്കുന്ന അഭൂതപൂർവ മായ ഈ സംരംഭത്തിന് 11.1 ദശലക്ഷം ഡോളറും 150 പേരട ങ്ങുന്ന ഡോക്ടർമാരും നഴ്സു മാരും ആവശ്യമുണ്ട്. അസാദ്ധ്യ മെന്ന് പറയപ്പെടുന്ന ഈ സംരംഭം വിജയിക്കുകയാണെങ്കിൽ ഇത് വൈദ്യശാസ്ത്ര പരമായും, മനഃ ശാസ്ത്രപരമായും എന്നല്ല മനുഷ്യ ന്റെ വ്യക്തി സത്തയെ കുറിച്ചും ശരീരവും ആത്മാവും തമ്മിലുള്ള ബന്ധത്തെ കുറിച്ചും അഗാധമായ ചോദ്യങ്ങൾ ഉയർന്ന് വരും ( 'Head Transplant Surgery' by Azhar Ashraf UK- March 2017 Review of Religion Translated By. A.M.)

***Reference***


1. Igor E. Konstantinov, "At the Cutting Edge of the Impossible: A Tribute to Vladimir P. Demikhov," *Texas Heart Institute Journal* 36, no. 5 (2009): 453-458.

2. Florentia Papastefanaki et al., "Intraspinal Delivery of Polyethylene Glycol-coated Gold Nanoparticles Promotes Functional Recovery After Spinal Cord Injury," *Molecular Therapy* 2 3, no. 6 (2015): 993-1002, doi:10.1038/mt.2015.50.

3. Sergio Canavero, "The "Gemini" Spinal Cord Fusion Protocol: Reloaded," *Surgical Neurology International*6, no. 1 (2015): 18, doi:10.4103/2152-7806.150674.


www.alislam.org

# കെ. ശംസുദ്ദീൻ സാഹിബ്



മുറിയക്കണ്ണി സ്വദേശി യും പെരിന്തൽമണ്ണ ജമാഅത്ത് സ്ഥാപക പ്രസിഡന്റുമായ **ശംസുദ്ദീൻ സാഹിബ് കൊടുവായക്കൽ** (53) 19-06-2017 ന് വഫാത്തായി. (ഇന്നാലില്ലാ.....) പരേതൻ ജിദ്ദ ജമാഅത്തിന്റെ സദറായും മുറിയക്കണ്ണി ജമാഅ ത്തിൽ ഉമൂറെ ആമ സെക്രട്ടറി യായും ഏറെക്കാലം ഖാഇദായും സേവനമനുഷ്ടിച്ചു. മുറിയക്കണ്ണി ഖാഇദ് ആയിരുന്ന വേളയിൽ ജൂബിലി സമ്മേളനത്തിൽ പങ്കെടു ക്കാനായി മുറിയക്കണ്ണിയിൽ നിന്ന് ഖുദ്ദാമുൽ അഹ്മദിയ്യായുമായി കണ്ണൂരിലേക്ക് കാൽ നട പ്രചരണ ജാഥ നടത്തിയത് ഏറെ ശ്രദ്ധേയ മായിരുന്നു.

ജിദ്ദയിൽ സകുടുംബം ജമാഅത്തിന്റെ പേരിൽ ജയിൽ വാസം വരിക്കുകയും ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഈ ജയിൽ വാസമനുഷ്ടിച്ചവരെ ഖുത്ബ ജുമുഅയിൽ സ്മരിക്കു കയും ഇവർ അസ്സീറാനെ റാഹെ മൗലാ ആണെന്ന് പറയുകയും ചെയ്തു.

തന്റെ നേതൃത്വകാലഘട്ട ത്തിൽ പെരിന്തൽമണ്ണ ജമാഅ ത്തിനെ തബ്‌ലീഗ് തർബിയ്യത്ത് രംഗങ്ങളിൽ മാതൃകാ യോഗ്യമായ തലത്തിലേക്ക് ഉയർത്തി. തികച്ചും പുതിയ ജമാഅത്തായ പെരിന്തൽ മണ്ണയുടെ വളർച്ചക്ക് വളരെയധി കം പരിശ്രമിച്ചുകൊണ്ടിരുന്നു.

പരേതൻ സൽക്കാര പ്രിയനും സാമ്പത്തിക സേവകനു മായിരുന്നു. ജിദ്ദയിൽ തന്റെ വീട്ടിൽ, ഉംറക്കും വിസിറ്റിങ്ങിനു മായി വരുന്ന പല അഹ്മദി സഹോദര ങ്ങളേയും സൽക്കരി ക്കുകയും പാർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ ലണ്ടൻ ഇമാം ജ: അത്താഉൽ മുജീബ് റാശിദ് സാഹിബും ഉൾപ്പെടുന്നു.

ഖിലാഫത്തിനോടും നിസാമിനോടും തികഞ്ഞ കൂറ് പുലർത്തി ജീവിച്ചു. പരേതന് രണ്ട് ഭാര്യമാരിലായി അഞ്ച് ആൺ മക്കളുണ്ട്. രണ്ടാമത്തെ മകൻ മൗലവി ശഫീഖ് അഹ്മദ് ശംസ് സാഹിബ് വഖ്ഫെ സിന്ധഗിയാണ്. (മുബല്ലിഗ്) ഭാര്യ ആയിഷ സാഹിബ, പിതാവ് മർഹൂം. അബൂബക്കർ സാഹിബ്, മാതാവ് ടി.കെ. ഫാത്തിമ സാഹിബ. സഹോദരൻ മൗലവി കെ. ഖമറുദ്ദീൻ - ഇൻസ്പെക്ടർ വഖ്ഫെ ജദീദ് കേരള, സഹോദരി മാർ - റംലത്ത് കരുളായി, നസീമ, സദർ ലജ്ന ഐരാപുരം.

പരേതന്റെ നിര്യാണ ത്തിൽ കുടുംബത്തിനേറ്റ ആഘാ തത്തിൽ സഹനവും സമാധാന വും നൽകുകയും പരേതന് അല്ലാഹു ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കുകയും ചെയ്യുമാറാകട്ടെ. ആമീൻ.

- മൗലവി കെ. ഖമറുദ്ദീൻ

പേജ് 11 ൽ നിന്ന് തുടർച്ച

നിങ്ങൾ ഹൃദയംഗമമായ സ്നേഹം പുലർത്താൻ ശ്രമിക്കുക. നബി(സ) തിരുമേനിയെക്കാൾ ശ്രേഷ്ഠത്വം മറ്റൊരാളിലും കല്പിക്കരുത്-ഉപരിലോകത്ത് നിങ്ങൾ മോക്ഷം പ്രാപിച്ചവരെന്ന് എഴുതപ്പെടുന്നതിനുവേണ്ടി. മോക്ഷം എന്നത് മരിച്ചതിനുശേഷം ലഭിക്കുന്ന എന്തോ ഒന്നല്ലെന്ന് ഓർത്തുകൊള്ളുവിൻ. മറിച്ച് യഥാർഥമായി മോക്ഷം ഈ ലോകത്തുവച്ചുതന്നെ അതിന്റെ വെളിച്ചം കാട്ടുന്നതാകുന്നു. ആരാണ് മോക്ഷം പ്രാപിച്ചവൻ? ദൈവം സത്യമാണെന്നും മുഹമ്മദുനബി (സ) ആ ദൈവത്തിന്റേയും മുഴുവൻ സൃഷ്ടിജാലത്തിന്റേയും ഇടയിലുള്ള ശിപാർശക്കാരനാണെന്നും ആകാശത്തിനുകീഴിൽ ആ പുണ്യാത്മാവിന്റെ പദവിയിലുള്ള മറ്റൊരു റസൂലുമില്ലെന്നും ഖുർആനു കിട നില്ക്കുന്ന മറ്റൊരു ഗ്രന്ഥമില്ലെന്നും അല്ലാഹു ആരേയും ചിരഞ്ജീവിയാക്കാൻ ഉദ്ദേശിച്ചിട്ടില്ലെങ്കിലും ഈ വരിഷ്ഠനായ നബി കാലാകാലത്തേക്കും ജീവിച്ചിരിക്കുന്നവനാണെന്നും ദൃഢമായും വിശ്വസിക്കുന്നവൻതന്നെ."(കശ്തിയെ നൂഹ്)

അതുകൊണ്ട് അല്ലാഹുവും അവന്റെ റസൂലും പറഞ്ഞുതന്നിട്ടുള്ളകാര്യവും ഹദ്റത്ത് മസീഹ് മൗഊദ്(അ)തുറന്ന നിലയിൽ നമുക്ക് വിവരിച്ചുതന്നിട്ടുള്ള കാര്യവുമെല്ലാം നമ്മൾ എപ്പോഴും മുമ്പിൽ വെച്ചുകൊണ്ട് അതനുസരിച്ച് ജീവിക്കാൻ ശ്രമിക്കുന്നതാണെന്ന് പ്രതിജ്ഞ ചെയ്തുകൊണ്ട് നമ്മളിൽനിന്ന് ഓരോരുത്തരും റമളാനിൽനിന്ന് പുറത്തുവരേണ്ടതാണ്. നമ്മൾ ഇങ്ങനെ ചെയ്യുകയാണെങ്കിൽ അപ്പോഴാണ് അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും കല്പനയനുസരിച്ച് റമളാൻ കഴിക്കാൻ നമ്മൾ ശ്രമിച്ചുവെന്ന് പറയാൻ കഴിയുന്നത്. അല്ലാഹു അതിന് നമുക്ക് തൗഫീഖ് നല്കുമാറാകട്ടെ.




## ലോകപരിസ്ഥിതി ദിനം ആചരിച്ചു

ലോകപരിസ്ഥിതി ദിനത്തോടനുബന്ധിച്ച് കേരളമൊട്ടാകെ നടന്ന വൃക്ഷവൽക്കരണ യജ്ഞത്തിൽ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് കരുനാഗപ്പള്ളിയും ഭാഗഭാക്കായി. സർക്കാർ കേന്ദ്രത്തിൽ നിന്ന് ലഭിച്ച വിവിധ ഇനങ്ങളിൽപ്പെട്ട 100 വൃക്ഷതൈകൾ വിശാലമായ അഹ്മദിയ്യാ ഖബർസ്ഥാനിൽ വെച്ച് പിടിപ്പിച്ചു. ജമാഅത്ത് അമീർ അബ്ദുല്ല സാഹിബ് ആദ്യതൈ നട്ട് ഉദ്ഘാടനം നിർവഹിച്ചു. സഈം അൻസാറുല്ലാഹ് അബ്ദുൽ ഖുദ്ദൂസ് കലീം, ഖാഇദ് ഖുദ്ദാമുൽ അഹ്മദിയ്യ അബ്ദുൽ വാജിദ്, മേഖല വഖാറെ അമൽ സെക്രട്ടറി റഫീക്ക് അഹ്മദ് എന്നിവരുടെ നേതൃത്വത്തിലായിരുന്നു ഈ വർഷത്തെ റമദാനിലെ ഈ സദഖ.

– ഡോ. ഫുആദ് ജലീൽ, കരുനാഗപ്പള്ളി



## റമദാൻ റിലീഫ്

മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ മേൽനോട്ടത്തിൽ കരുനാഗപ്പള്ളി അഹ്മദിയ്യാ ജമാഅത്ത് റമദാൻ റിലീഫ് പ്രവർത്തനം നടത്തി. പത്തനംതിട്ട ജില്ലയിലെ അടൂരിനടുത്ത് തേപ്പുപാറയിൽ പ്രവർത്തിച്ചുവരുന്ന ജീവമാതാ കാരുണ്യ ഭവൻ എന്ന അഗതി മന്ദിരത്തിലെ അന്തേവാസികളെ സന്ദർശിച്ച് സഹായധനവും ഭക്ഷണ സാമഗ്രികളും എത്തിച്ച് കൊടുത്തുകൊണ്ടായിരുന്നു റിലീഫ് പ്രവർത്തനം. മുബല്ലിഗ് അബ്ദുൽ മുജീബ് സാഹിബ്, ഖാഇദ് അബ്ദുൽ വാജിദ് സാഹിബ് എന്നിവർ നേതൃത്വം നൽകി.




അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് കോഴിക്കോട് ജില്ല സംഘടിപ്പിച്ച ഈദ് മിലൻ പ്രോഗ്രാം എം.കെ. രാഘവൻ എം.പി. ഉദ്ഘാടനം ചെയ്യുന്നു. കോഴിക്കോട് ജില്ല അമീർ ഡോ. സി. സ്വലാഹുദ്ദീൻ സാഹിബ് അദ്ധ്യക്ഷത വഹിച്ചു.




അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് മലപ്പുറം ജില്ല സംഘടിപ്പിച്ച ഈദ് മിലൻ പ്രോഗ്രാം ബഹു. അനിൽകുമാർ എം. എൽ. എ ഉദ്ഘാടനം ചെയ്യുന്നു. മലപ്പുറം ജില്ല അമീർ ടി.കെ. അമീറലി സാഹിബ് അദ്ധ്യക്ഷത വഹിച്ചു.



## മഹ്മൂദ് അഹ്മദ് ബ്രിട്ടീഷ് മന്ത്രി

ബ്രിട്ടനിലെ പ്രമുഖ അഹ്മദിയും ബ്രിട്ടീഷ് കൺസർവേറ്റീവ് പാർട്ടി അംഗവുമായ ലോർഡ് താരീഖ് അഹ്മദ് ബാറോണിനെ ബ്രിട്ടീഷ് ഭരണ കൂടം മിനിസ്റ്റർ ഓഫ് സ്റ്റേറ്റ് കോമൺവെൽത്ത് ആന്റ് യുണൈറ്റഡ് നേഷൻസ് ആയി 2017 ജൂൺ 13ന് തിരഞ്ഞെടുത്തു. നിലവിൽ വിംബിൾഡൺ കൗൺസിലറാണ് അദ്ദേഹം.






Published on 7.07. 2017
Pages 44
Vol: 89 Issue. 7
Price Rs. 30/-
RNI No. 3332/1957, Registered KL/EKM/726/2015-17
Licence No. KL/CR/EKM/WPP-12/2015-17. Licensed to Post Without Prepayment
The Sathyadoothan Monthly





mta INTERNATIONAL

*Muslim Television Ahmadiyya International*



www.mta.tv

www.youtube.com/mtaonline1

www.alislam.org

**അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് എന്ന ദൈവീക പ്രസ്ഥാനത്തെപ്പറ്റി**
**കൂടുതൽ അറിയാൻ ബന്ധപ്പെടുക**

1800 425 2020 **Toll Free (9 am to 9 pm)**